പുസ്തകം 74
ലക്കം 2
ഫെബ്രുവരി 2005
തബ്‌ലീഗ് - 1383
ദുൽഹജ്ജ് - മുഹറം 1425

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം

4 യുഗശബ്ദം
5 മുഖക്കുറിപ്പ്

**ലേഖനം**

6 *ദിവ്യജ്ഞാനവും ഇസ്‌ലാം മതവും*
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

10 *മനുഷ്യൻ ആദരണീയ സൃഷ്ടി*
മഹ്മൂദ് കൽക്കുളം

12 *വൽബഹ്‌റിൽ മസ്ജൂർ : ഒരു ദൈവിക മുന്നറിയിപ്പ്*
മുഹമ്മദ് ഉമർ എച്ച്. എ.

16 *ഇന്ത്യൻ സ്വാതന്ത്ര്യ സമരവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദും (റ)*
അബൂ സ്വബാഹ്

20 *ഇസ്‌ലാമിന്റെ ഔദാര്യവും തീവ്രവാദികളുടെ കാർക്കശ്യവും*
അഷ്റഫ് എം. എ. സ്കോട്ട്ലാന്റ്

23 *മൂസാനബിയുടെ ആത്മീയ പ്രയാണം (തുടർച്ച)*
എ. പി. കുഞ്ഞാമു

26 *ഫ്രഞ്ച് വിപ്ലവവും യഹൂദ വിമോചനവും*
എ. എം. മുഹമ്മദ് സലീം

31 *അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ രക്ഷിച്ച വിശുദ്ധ ബലിദാനം*
എസ്. മുഹമ്മദ് സലീം

34 *ഉൾക്കനമില്ലാത്ത എഴുത്തും വായനക്കാരന്റെ ഗതികേടും*
കെ. പി. അഹ്മദ്

36 *ബൈബിളിലില്ലാത്ത ക്രിസ്തുമത വിശ്വാസം*
മൗലാനാ അതാവുൽ മുജീബ് റാശിദ്

**ഖുത്വ്ബ സംഗ്രഹം**

8 *വിധവകളെ വിവാഹം കഴിപ്പിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്*
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**കവിത**

35 *ഹേ, മനുഷ്യാ*
അസ്മ, എടപ്പകത്ത്

**റിപ്പോർട്ട്**

38 *ഹ്യൂമാനിറ്റി ഫസ്റ്റ്*

കുറിപ്പുകൾ, വാർത്തകൾ.

**മുഖചിത്രം : കുത്തബ് മീനാർ , ഡൽഹി**

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്


'ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കൽപന പ്രകാരം അവനു ദ്ദേശിക്കുന്നത് അദ്ദേഹം ബോധനം നൽകുകയോ ചെയ്യുന്ന മാർഗ്ഗേണ യല്ലാതെ ഒരു മനുഷ്യനോടും അല്ലാഹു സംസാരിക്കുക ഉണ്ടാവി ല്ല. തീർച്ചയായും അവൻ സർവ്വോ ന്നതനും അഗാധജ്ഞനുമാണ്. '

(42: 52).

## നബിവചനം

ഓരോ ശിശുവും ദിവ്യമായ പ്രകൃ തിയോടുകൂടി ജനിക്കുന്നു. അവന്റെ രക്ഷിതാക്കളാണ് അവനെ ജൂതനൊ സൊറോസ്ത്രീ യനോ ക്രിസ്ത്യാനിയോ ആക്കി ത്തീർക്കുന്നത്. (ബുഖാരി).

# ബോധനം



**വാഗ്ദത്ത മസീഹ്**

അനാദ്യന്തനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണ്ണ വുമായ വചനങ്ങൾ മൂലം സ്വസാന്നിദ്ധ്യത്തെ വെളിപ്പെടുത്തുകയും അതുവഴി ജന ങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മനുഷ്യന്റെ പ്രയ്നം ഇല്ലായി രുന്നുവെങ്കിൽ നിത്യനും സനാതനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നുവെന്നോ ഈ വിഷയത്തിൽ ദൈവം മനുഷ്യനു കടപ്പെട്ടിരിക്കുന്നുവെന്നോ തത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചകർത്താവ് അജ്ഞാതനായിതന്നെ ഇരിക്കുമായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ, അതു വലിയ ധിക്കാരമാണെന്നുവേണം പറയാൻ.

**ഇസ്ലാം മത തത്വജ്ഞാനം**

മുഖക്കുറിപ്പ്

# സത്യദൂതന് 79 വയസ്സ്

സത്യദൂതന് 2005 ജനുവരിയോടെ 79 വയസ്സ് പൂർത്തിയായി. സുനാമി ദുരന്തത്തിന്റെ ദുഃഖവേളയിൽ ജന്മദിനം സ്മരിക്കുന്നത് ഉചിതമല്ലെന്ന് തോന്നിയത് കൊണ്ടാണ് ജനുവരി മാസത്തെ സത്യദൂതനിൽ അത് സംബന്ധിച്ച പരാമർശമില്ലാതെ പോയത്. സത്യദൂതന്റെ ഈ ദീർഘായുസ്സ് കേരളത്തിലെ മുസ്‌ലിം പ്രസിദ്ധീകരണരംഗത്തെ അദ്വിതീയമായ ഒരു ചരിത്രസംഭവവും ചിന്താശീലർക്ക് ഒരു ദൃഷ്ടാന്തവുമായതുകൊണ്ടാണ് അല്ലാഹുവിന് നന്ദി പറഞ്ഞ് കൊണ്ട് അക്കാര്യം സ്മരിക്കുന്നത്.

വലിയ വലിയ പ്രസ്ഥാനങ്ങളുടെ അകമ്പടിയോടെ ഉദയം ചെയ്ത പ്രസിദ്ധീകരണങ്ങളെല്ലാം കാലയവനികക്കുള്ളിൽ മറഞ്ഞുപോയി. പ്രസ്ഥാനങ്ങളുടെ മുഖമുദ്രയാണല്ലോ അവയുടെ പ്രസിദ്ധീകരണങ്ങൾ. അവക്കുണ്ടാകുന്ന അപജയങ്ങൾ പ്രസ്ഥാനങ്ങളുടേയും കക്ഷികളുടെയും പരാജയത്തെ സൂചിപ്പിക്കുന്നു. കേരളത്തിലെ സലഫി പ്രസ്ഥാനത്തിന്റെ ഗതി ഇന്നെന്താണ്? അല്ലാഹുവിന്റെ പരിശുദ്ധമായ പള്ളികൾ പരസ്പരം ചേരിതിരിഞ്ഞ് കൊലവിളിക്ക് വേദിയാവുന്നു. പള്ളികൾ സീൽ ചെയ്ത് താക്കോൽ പോലീസ് സ്റ്റേഷനിൽ സൂക്ഷിക്കുന്ന അവസ്ഥ ഏതെങ്കിലും ബാഹ്യശക്തികളുടെ പ്രവർത്തന ഫലമാണോ? അവരുടെ പ്രസിദ്ധീകരണങ്ങൾ പരസ്പര വിമർശനങ്ങളും ജുഗുപ്സാവഹമായ തേജോവധത്തിനുള്ള ഉപകരണങ്ങളുമായി പരിണമിച്ചു. കേരളത്തിലെ മുസ്‌ലിംകളിൽ മഹാഭൂരിപക്ഷം വരുന്ന സുന്നികളുടെ പാത സലഫികളും പിന്തുടരുകയായിരുന്നു. അവരുടെ പ്രസിദ്ധീകരണങ്ങളിൽ പ്രതിഫലിക്കുന്നത് ജീർണ്ണതയല്ലാതെ മറ്റെന്താണ്. വിശുദ്ധ ഖുർആനിലെ അഗ്നിമയമായ വചനങ്ങൾ അവർ പരായണം ചെയ്യുന്നവരുമാണ്. ഖുർആൻ പറയുന്നു:

'തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും വിവിധ കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിൽ തന്നെയാണിരിക്കുന്നത്. അവർ പ്രവർത്തിക്കുന്നത് സംബന്ധിച്ച് അല്ലാഹു അവർക്ക് പിന്നീട് വിവരം നൽകുന്നതാണ്. (6:160).

അല്ലാഹുവിന്റെ റസൂലുമായി ബന്ധം വിഛേദത്തിന് കാരണമാകുന്ന ഭിന്നിപ്പും ഛിദ്രതയും മനുഷ്യകൃതമായ കക്ഷികളുടെയും പ്രസ്ഥാനങ്ങളുടെയും സ്വാഭാവിക ബലഹീനതയാണ്. അതുകൊണ്ടാണ് റസൂൽ തിരുമേനി പറഞ്ഞത്. കക്ഷികളിൽ അൽ ജമാഅത്തായ ഒരു കൂട്ടരൊഴികെ ബാക്കിയെല്ലാവരും വഴികേടിലാണെന്ന്. റസൂൽ തിരുമേനി(സ)യുടെ പ്രവചനമനുസരിച്ച് മഹ്ദിയും മസീഹുമായി വന്ന ഒരു മഹാത്മാവിനാൽ സ്ഥാപിതമായ അൽജമാഅത്താണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. നുബുവ്വത്തിന്റെ മാർഗ്ഗത്തിൽ പുനസ്ഥാപിതമാവുമെന്ന് റസൂൽ തിരുമേനി(സ) പറഞ്ഞ ഖിലാഫത്ത് വ്യവസ്ഥയുമാണത്. അല്ലാഹുവിന്റെ സംരക്ഷണം വിനീതമായ ഈ ആത്മീയ ജമാഅത്തിനുണ്ട് എന്ന് മുസ്‌ലിം സഹോദരന്മാർ മനസ്സിലാക്കേണ്ടതുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ ലക്ഷ്യം റസൂൽ തിരുമേനി(സ)യുടെ സത്യം കൊണ്ട് ലോകത്തെ കീഴടക്കുക എന്നതാണ്. ആ പരിശുദ്ധ ജമാഅത്തിന് സേവനം ചെയ്ത സുകൃതഫലമാണ് സത്യദൂതന്റെ ദീർഘായുസ്സ് എന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു.

# മൗലാനാ മുഹമ്മദ് ഉമർ സാഹിബ് വിരമിച്ചു

ജനുവരി മാസത്തിൽ സത്യദൂതനുണ്ടായ ഒരു മാറ്റം ഇവിടെ സ്മരിക്കുകയാണ്. സത്യദൂതന്റെ ചീഫ് എഡിറ്ററായി സേവനമനുഷ്ഠിച്ചിരുന്ന മൗലാന മുഹമ്മദ് ഉമർ സാഹിബ് ജനുവരി മാസത്തോടെ വിരമിക്കുകയുണ്ടായി. ഇന്ത്യയിലെ സമുന്നതരായ അഹ്മദി പണ്ഡിതന്മാരിൽ ഒരാളും ബഹുഭാഷാപണ്ഡിതനും നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവും, പരിഭാഷകനുമാണ് മൗലാനാ സാഹിബ്. സെമിറ്റിക് മതങ്ങളുടെ പുണ്യഗേഹമായ ഫലസ്തീൻ അടക്കം ഇന്ത്യക്കകത്തും പുറത്തും നിരവധി സ്ഥലങ്ങളിൽ ദീർഘകാലം അദ്ദേഹം മിഷണറിയായി പ്രവർത്തിച്ചിട്ടുണ്ട്. ഏഷ്യയിലേയും യൂറോപ്പിലേയും അനേകം രാജ്യങ്ങൾ സന്ദർശിച്ച മൗലാനാസാഹിബ് പരിണതപ്രജ്ഞനായ പണ്ഡിതനും കൃതഹസ്തനായ എഴുത്തുകാരനും ഉജ്ജ്വല വാഗ്മിയും നിരവധി ശിഷ്യഗണങ്ങളുള്ള ഗുരുവര്യനുമാണ്. കേരളത്തിലെ ചീഫ് മിഷണറിയായി സേവനമനുഷ്ഠിക്കുന്ന മൗലാനാ മുഹമ്മദ് ഉമർ സാഹിബ് സത്യദൂതൻ ചീഫ് എഡിറ്റർ സ്ഥാനത്തുനിന്നും വിരമിച്ചെങ്കിലും അദ്ദേഹത്തിന്റെ വൈജ്ഞാനിക സേവനവും ഉപദേശനിർദ്ദേശങ്ങളും സത്യദൂതനും ഇനിയുമുണ്ടാകും. ഇൻശാ അല്ലാഹ് – സത്യദൂതന് വേണ്ടി അദ്ദേഹം ചെയ്യുന്ന സേവനങ്ങൾക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ) ■

ലേഖനം

# ദിവ്യജ്ഞാനവും ഇസ്‌ലാം മതവും

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ദൈവം വെളിപാട് മുഖേന മനുഷ്യനുമായി സംവദിക്കുന്നു. ഈ ജ്ഞാനലബ്ധി ഇസ്‌ലാമിലൂടെ സാധ്യമാകുന്നു.**

എന്തിനധികം! പ്രകൃതിയിൽ കാണപ്പെടുന്ന കർമ്മകൗശല്യത്താൽ സർവ്വശക്തനായ ദൈവം സ്വയം പ്രത്യക്ഷനാകുന്നതുപോലെ തന്നെ തന്റെ വചനങ്ങൾ മൂലവും സ്വദാസർക്ക് വെളിപ്പെടാത്തപക്ഷം, അവന്റെ കർമ്മകുശലതയെ നിരീക്ഷണം ചെയ്തുകൊണ്ടുള്ള യുക്തിപരമായ ആസ്തികബോധം ഒരിക്കലും തൃപ്തികരമാകുന്നതല്ല. ഉദാഹരണമായി, മുറിയുടെ വാതിലുകളെല്ലാം അകത്തുനിന്നും അടച്ചിരിക്കുന്നതായി കാണപ്പെടുന്നപക്ഷം, അവ അകത്തുനിന്നു ബന്ധിച്ച ഒരാൾ അവിടെ ഉണ്ടെന്നായിരിക്കുമല്ലോ നാം അനുമാനിക്കുക. കാരണം, അകത്തെ സാക്ഷ പുറമേനിന്നു ഇടുക സാദ്ധ്യമല്ലല്ലോ. എന്നാൽ കുറേകാലമായിട്ട് ആ മുറിയിൽ നിന്നു ഒരു ശബ്ദവും കേൾക്കാതിരിക്കുകയും, പുറമേ നിന്നു തുടരെത്തുടരെയായുള്ള അധികകാലത്തെ വിളിക്ക് ഉത്തരം ലഭിക്കാതിരിക്കുകയും ചെയ്യുന്നുവെങ്കിലോ, അതിനുള്ളിൽ ആരോ ഉണ്ടെന്നുള്ള അഭിപ്രായം നാം മാറ്റേണ്ടതായി വരുന്നു. എന്നല്ല, അതിനകത്ത് ഒരാളുമില്ലെന്നും അജ്ഞാതമായ ഏതോ കാരണവശാൽ അകത്തെ സാക്ഷ വീണതായിരിക്കാമെന്നും നാം വിചാരിക്കുകയും ചെയ്യുന്നു. ഈ ദൃശ്യപ്രപഞ്ചത്തിന്റെ കർത്താവായ ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള തത്ത്വശാസ്ത്രജ്ഞന്മാരുടെ അന്വേഷണം കർമ്മകൗശല്യമാവുന്ന ഏകവിഷയത്തെ ആസ്പദമാക്കിക്കൊണ്ടുള്ളതായിരിക്കുന്നതിനാൽ അവർക്ക് അനുഭവമായതും ഇതുതന്നെയാണ്. ഈ ഭൗതികവസ്തുക്കളുടെ അടിയിൽ നിന്നു മാത്രം സൃഷ്ടികർത്താവിനെ അന്വേഷിച്ചറിയുന്നതിനുള്ള ശ്രമം അപഥത്തിലാണെന്നേ പറയേണ്ടതുള്ളൂ. മഹാമഹത്ത്വവാനും സജീവനുമായിരിക്കുന്ന ദൈവത്തെ, മണ്ണിനടിയിൽ കുഴിച്ചുനോക്കിയാൽ മാത്രം കാണാവുന്ന ശവശരീരം കണക്കെ കരുതുന്നത് ഭീമമായ അബദ്ധമാകുന്നു. ദൈവം ലോകത്തിനു പ്രത്യക്ഷീഭവിക്കുന്നതിനു മനുഷ്യന്റെ സഹായവും പ്രയത്നവും ആവശ്യമായിരിക്കുന്നുവെന്നു വിചാരിക്കുന്നതു ബീഭത്സമായ വിചാരമത്രെ. ദൈവം അങ്ങനെയുള്ളവനാണെങ്കിൽ അവൻ നമ്മുടെ പ്രത്യാശകളുടെ കേന്ദ്രമായിരിക്കാവുന്നതല്ല. ദൈവം തന്റെ തിരുമുഖത്തെ സൃഷ്ടികൾക്ക് വെളിപ്പെടുത്തിക്കൊടുക്കുകയോ അവർ സ്വയമേവ ദൈവത്തിന്റെ ഉണ്മയെ അറിയുന്നതിന് മാർഗ്ഗം കണ്ടുപിടിക്കുകയോ എന്താണ് വേണ്ടത്? അനാദ്യന്തനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണ്ണവുമായ വചനങ്ങൾ മൂലം സ്വസാന്നിദ്ധ്യത്തെ വെളിപ്പെടുത്തുകയും അതുവഴി ജനങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മനുഷ്യന്റെ പ്രയ്നം ഇല്ലായിരുന്നുവെങ്കിൽ നിത്യനും സനാതനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നുവെന്നോ ഈ വിഷയത്തിൽ ദൈവം മനുഷ്യനു കടപ്പെട്ടിരിക്കുന്നുവെന്നോ തത്ത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചകർത്താവ് അജ്ഞാതനായിതന്നെ ഇരിക്കുമായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ, അതു വലിയ ധിക്കാരമാണെന്നുവേണം പറയാൻ. ദൈവത്തിന്റെ സത്തയെക്കുറിച്ചു അവന്റെ ശബ്ദ ശ്രവണം മൂലം ലഭ്യമാകുന്ന സ്പഷ്ടമായ തെളിവിനെ, അവന് സംസാരിക്കാൻ നാവുണ്ടോ എന്നു പറഞ്ഞു അപലപിക്കുകയാണെങ്കിൽ

ആസ്തികബോധത്തിനു നിരക്കാത്ത ആ വാദം നിരർത്ഥകവും ന്യായവിരുദ്ധവുമാകുന്നു. ദൈവം ആകാശഗോളങ്ങളേയും ഭൂമിയേയും ജഢികമായ കരങ്ങൾ കൂടാതെ സൃഷ്ടിച്ചില്ലേ? സർവ്വസാക്ഷിയായി വാഴുന്ന അവൻ മാംസദൃഷ്ടികൾ കൂടാതെതന്നെ ഈ പ്രപഞ്ചമാസകലം കാണുന്നില്ലേ? നമ്മുടേതുപോലുള്ള ചെവികളില്ലാതിരുന്നിട്ടും അവൻ തന്റെ ദാസരുടെ ശബ്ദങ്ങൾ കേൾക്കുന്നില്ലേ? അപ്പോൾ അവൻ മാംസജിഹ്വകൂടാതെതന്നെ സംസാരിക്കേണ്ടതുമല്ലേ? പൂർവ്വകാലങ്ങളിൽ ദൈവം മനുഷ്യരോടു സംസാരിക്കുകയും തന്നെക്കുറിച്ച് അവർക്ക് അറിവു നൽകുകയും ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ അവൻ സംസാരിക്കുന്നില്ല എന്നു പറയുന്നതു കേവലം അടിസ്ഥാനരഹിതമാകുന്നു. അവന്റെ സംഭാഷണസംബോധനാദികളെ ഏതെങ്കിലും പ്രത്യേകയുഗത്തോടു ബന്ധിച്ചുനിറുത്തുവാൻ നാം അധികൃതരല്ലല്ലോ. പണ്ടുകാലങ്ങളിൽ സംസാരിച്ചിരുന്ന അഭേദനായ ദൈവം ഇപ്പോഴും സംസാരിക്കുകയും അവനെ ഹൃദയസാകല്യത്തോടുകൂടി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ദാസരെ തന്റെ വചനങ്ങൾകൊണ്ടനുഗ്രഹിക്കുകയും ചെയ്യുന്നു. അവന്റെ വരപ്രസാദങ്ങളുടെ കവാടങ്ങൾ പൂർവ്വകാലങ്ങളിലെന്നപോലെ ഇപ്പോഴും തുറന്നുകിടക്കുന്നുണ്ട്. സന്മാർഗ്ഗദർശനത്തിനായിട്ട് അവശ്യമാവശ്യകങ്ങളായ നിയമപദ്ധതികളേയും നീതിതത്ത്വങ്ങളേയും ക്രോഡീകരിച്ചുകൊണ്ടുള്ള ഇസ്‌ലാമിക ധർമ്മശാസ്ത്രം, ദൈവത്തിൽ നിന്നു പുതിയ നിയമശാസ്ത്രത്തിന്റെ ആവശ്യകതയെ ഇല്ലാതാക്കിത്തീർത്തിട്ടുണ്ടെന്നതും, പ്രവാചകത്വവും പ്രവചനവും നമ്മുടെ വിശുദ്ധ നബിനായകർ(സ) തിരുമേനിയിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നുവെന്നതും അവിതർക്കിതമാണെന്നിരിക്കിലും ദൈവത്തിന്റെ സംസാരപരമ്പര നിലച്ചുപോയിട്ടില്ല... എന്നാൽ, ദൈവികമായ ഈ പരിപൂർണ്ണപ്രഭാപൂരം അവസാനമായി അറബ് രാജ്യത്തിൽ നിന്നു വെളിപ്പെടേണമെന്നുള്ളതു ദൈവകല്പിതമായിരുന്നു. ദൈവത്തിന്റെ ഈ സങ്കല്പത്തിന് ഒരുദ്ദേശ്യമുണ്ടെന്നു നമുക്ക് കാണുവാൻ കഴിയുന്നതാണ്. അറബികൾ, ഇസ്റായീൽ വംശ്യരുമായുള്ള സകലവിധ ബന്ധങ്ങളിൽ നിന്നും വേർപ്പെട്ട് പാറാൻ (അറബിയിൽ ഫാറാൻ) എന്ന വിജനപ്രദേശത്തിൽ ദൈവാധീനത്താൽ തള്ളിവിടപ്പെട്ട ഇസ്മായീലിന്റെ സന്തതികളാകുന്നു. ഫാറാൻ എന്ന അറബിവാക്കിന്റെ അർത്ഥം 'ഓടിപ്പോയ രണ്ടുപേർ' എന്നാണ്. ഇസ്മായീൽ ഇസ്ഹാക്കിനോടൊപ്പം അവകാശിയായിരിക്കുകയില്ല എന്നു പറയപ്പെട്ടിട്ടുള്ള പ്രകാരം തന്നെ ഹസ്റത്ത് ഇബ്റാഹീംനബിയാൽ വേർപ്പെടുത്തപ്പെട്ട ഇസ്മായീല്യർക്ക്, ഇസ്റായീൽ നിയമത്തിൽ ഒരു പങ്കുമില്ലായിരുന്നു. ഇങ്ങനെ ബന്ധുജനങ്ങളാൽ പരിത്യജിക്കപ്പെട്ടവരായിരുന്നു അവർ. മറ്റൊരു വർഗ്ഗക്കാരുമായും അവർക്ക് ബന്ധുത്വമുണ്ടായിരുന്നില്ല... ഇതര രാജ്യങ്ങളിലെല്ലാം ദൈവത്തിന്റെ പ്രവാചകന്മാരുടെ പ്രബോധനങ്ങൾ ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ വ്യാപിച്ചിട്ടുണ്ടെന്നു അനുമാനിക്കാവുന്ന തരത്തിലുള്ള നിയമതത്ത്വങ്ങളുടേയും ആരാധനാസമ്പ്രദായങ്ങളുടെയും ഏറെക്കുറേ ചിഹ്നങ്ങൾ കാണുവാനുണ്ട്. എന്നാൽ അറബ് രാജ്യമാകട്ടെ ഇങ്ങനെയുള്ള പ്രബോധനങ്ങളെക്കുറിച്ചു കേവലം അജ്ഞതയോടുകൂടിയാണ് വർത്തിച്ചിരുന്നത്. തന്നെയുമല്ല, ഈ വിഷയത്തിൽ അതു മറ്റേതു രാജ്യത്തേക്കാളും ഏറ്റവും പിന്നണിയിലായിരുന്നുതാനും. തന്നിമിത്തം നിയമദാനപരമായ പ്രവാചകത്വത്തിന്റെ അന്ത്യരംഗം അറബ് രാജ്യമായിരിക്കണമെന്നും അവിടത്തെ പ്രവാചകന്റെ ദൗത്യം സാർവ്വജനീനമായിരിക്കണമെന്നുമുള്ളത് ദൈവകല്പിതമായിരുന്നു. ആ പ്രവാചകശ്രേഷ്ഠൻ സർവ്വജനതകളേയും അനുഗ്രഹിക്കുന്നതിനും അവരിൽ കുടികൊണ്ടിരുന്ന ദോഷങ്ങളെ പരിഹരിക്കുന്നതിനും വേണ്ടി ആഗതനായി. അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന ധർമ്മശാസ്ത്രം ഇനി ഒരു നീതിശാസ്ത്രഗ്രന്ഥത്തിന്റെയും ആവശ്യമില്ലാത്തവിധം പരിപൂർണ്ണമായതാകുന്നു. ആ നിയമഗ്രന്ഥത്തിലെ പരിഷ്കരണ പദ്ധതികൾ പൂർവ്വമതഗ്രന്ഥങ്ങളിലേതുപോലെ ഏതെങ്കിലും പ്രത്യേക സമുദായത്തിനു മാത്രമുള്ളതല്ല. അത് സർവ്വജാതിമതസ്ഥരിലും പരിഷ്കാരസംസ്കാരങ്ങൾ വരുത്തിത്തീർക്കുന്നതിനുള്ളതാണ്. മനുഷ്യന്റെ ധാർമ്മിക ശിക്ഷണത്തിനു അത്യാവശ്യമായ സകലപദ്ധതികളേയും അതു വിവരിച്ചിട്ടുണ്ട്. അപരിഷ്കൃതരായ കാട്ടാളരെ മാനുഷികമായ സംസർഗ്ഗതത്തോദ്ബോധനം മുഖേന സാമുദായിക ജീവികളാക്കുകയും അനന്തരം അവരെ ഉൽകൃഷ്ടങ്ങളായ സന്മാർഗ്ഗ പാഠങ്ങൾ മൂലം ധാർമ്മിക ജീവികളാക്കുകയും ചെയ്യുന്നതിനു അതു വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ നീതിശാസ്ത്രഗ്രന്ഥമായ വിശുദ്ധ ഖുർആനത്രേ പ്രകൃത്യാലുള്ള സ്വഭാവങ്ങളേയും ഉൽകൃഷ്ട ധാർമ്മികഗുണങ്ങളേയും തമ്മിൽ വേർതിരിച്ചു അവയുടെ വ്യതിരിക്തഭാവത്തെ വെളിപ്പെടുത്തിയിരിക്കുന്നത്. അതു മനുഷ്യനെ പ്രാകൃതാവസ്ഥയിൽ നിന്നു ധാർമ്മികാവസ്ഥയാകുന്ന ഉൽകൃഷ്ട സ്ഥാനത്തേക്ക് ഉയർത്തുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ, അതിനപ്പുറമുള്ള ആദ്ധ്യാത്മികാവസ്ഥയിലേക്ക് അവനെ എത്തിക്കുന്നതിനു പര്യാപ്തമായ വിശുദ്ധ ജ്ഞാനത്തിന്റെ കവാടങ്ങൾ തുറന്നുവെക്കുക കൂടി ചെയ്തിരിക്കുന്നു. അത്രയുമല്ല, അതു ലക്ഷക്കണക്കിലുള്ള ജനങ്ങളെ പരമാർത്ഥജ്ഞാനം മൂലം പ്രബുദ്ധരാക്കി ദൈവസന്നിധിയിൽ ആനയിക്കുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം മുൻപ്രസ്താവിച്ച മനുഷ്യന്റെ മൂന്നുവിധ അവസ്ഥകളെ സംബന്ധിച്ചു ആ വിശിഷ്ട ഗ്രന്ഥം പരിപൂർണ്ണായ പരിഷ്ക്കരണ പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ ധാർമ്മിക പരിഷ്കരണത്തിനു അത്യാവശ്യകങ്ങളായ നിർദ്ദേശങ്ങളുടെ അതിവ്യാപകമായ സംഹിതയായിരിക്കുന്നതുകൊണ്ട് അതിന്റെ പരിപൂർണ്ണതയേയും ശ്രേഷ്ഠതയേയും അത് സ്പഷ്ടമായും വാദിച്ചിരിക്കുന്നതു കാണാം. അത് പറയുന്നതിങ്ങനെയാണ്:

*(ശേഷം 9-ാം പേജിൽ)*

ഖുത്വ്ബ സംഗ്രഹം

# വിധവകളെ വിവാഹം കഴിപ്പിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്

ഈയ്യിടെയായി വിവാഹപ്രശ്നങ്ങൾ അധികമായുണ്ടാകുന്നുണ്ട്. വിവാഹബന്ധങ്ങൾ ഉറയ്ക്കാതെ പോകുക, സാമ്പത്തികശേഷി കുറഞ്ഞവരുടെ വിവാഹങ്ങൾ നടക്കാതെ പോകുക, വിധവകളുടെ വിവാഹം, തുടങ്ങിയ പ്രശ്നങ്ങളാണ് അധികവും. വിവാഹത്തിന് യോഗ്യരായ വിധവകൾ, അല്ലെങ്കിൽ സ്വന്തം സംരക്ഷണത്തിനുവേണ്ടി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന വിധവകളൊക്കെ നമ്മുടെയിടയിലുണ്ട്. പക്ഷേ, ബന്ധുക്കളോ സമൂഹമോ അവർക്കിടയിൽ തടസ്സം സൃഷ്ടിക്കുന്നു. നമ്മുടെ പൗരസ്ത്യനാടുകളിൽ വിധവയെ വിവാഹം കഴിക്കുന്നത് വളരെ മോശമായിട്ടാണ് കണക്കാക്കുന്നത്. ചിലപ്പോൾ ബന്ധം ഉറയ്ക്കുന്ന ഘട്ടത്തിലായിരിക്കും ബന്ധുക്കളോ മറ്റുള്ളവരോ ആ പാവത്തെ ബുദ്ധിമുട്ടിച്ചുകൊണ്ട് അവരുടെ ജീവിതത്തിന് മുറിവേല്പിക്കുന്നത്.

ഇവിടെ യൂറോപ്പിലെ താമസത്തിനിടയിൽ ഒരുപാട് മതപരമല്ലാത്തതും അധാർമ്മികവുമായ സ്വാതന്ത്ര്യത്തിൽ ജനങ്ങൾ അകപ്പെട്ടുപോകുന്നു. എന്നാൽ ഏതെങ്കിലും ഒരു വിധവ അല്ലാഹുവിന്റെ കല്പനയനുസരിച്ച് വിവാഹം കഴിക്കാനാഗ്രഹിച്ചാൽ അത്തരം ഘട്ടത്തിൽ അവർക്ക് രോഷമുണ്ടാകുന്നു.

ഖുർആൻ പറയുന്നു: ''നിങ്ങളിൽ നിന്നുള്ള വിധവകളേയും നിങ്ങളുടെ ആൺ അടിമകളിൽ നിന്നും പെൺ അടിമകളിൽ നിന്നുമുള്ള നല്ലവരേയും നിങ്ങൾ വിവാഹം ചെയ്യിക്കുക, അവർ ദരിദ്രരാണെങ്കിൽ അല്ലാഹു തന്റെ അനുഗ്രഹത്തിൽ നിന്ന് അവർക്ക് ഐശ്വര്യം നൽകും. അല്ലാഹു വളരെ വിശാലതയുള്ളവനും എല്ലാം നല്ലവണ്ണം അറിയുന്നവനുമാകുന്നു." (24:33)

ഇതാണ് അല്ലാഹുവിന്റെ കല്പന. ഇതനുസരിച്ച് ഓരോരുത്തരും പ്രവർത്തിക്കേണ്ടതാണ്. സമൂഹത്തിൽ നന്മ നിലനാട്ടാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, നന്മകൾ പരത്താൻ ആഗ്രഹിക്കുന്നെങ്കിൽ യോഗ്യരായ വിധവകളുടെ വിവാഹം നടത്താൻ അല്ലാഹു വ്യക്തമായും പറയുന്നു. എന്നു മാത്രമല്ല, അടിമകളായ പുരുഷന്മാരുടെയും സ്ത്രീകളുടെയും വിവാഹം നടത്താനാണ് കല്പന; സാധുക്കളായ ഇവരും നിരാശയുടെ ഇരയാകാതിരിക്കാൻ വേണ്ടി.

ഇക്കാലത്ത് അടിമകളില്ല. എന്നാൽ, ഒരുപാട് രാജ്യങ്ങളിൽ ദാരിദ്ര്യം നിലനിൽക്കുന്നു. ഇക്കാരണത്താൽ വിവാഹം നടക്കുന്നില്ല. ദാരിദ്ര്യമുള്ളതുകൊണ്ട് വിവാഹം നടത്താൻ പാടില്ല എന്നു കരുതരുത്. അവരുടെ വിവാഹം നടത്തുകയും വിവാഹത്തിനുശേഷം എന്തെങ്കിലും തൊഴിലെടുത്ത് ജീവിക്കാനും അവരെ സഹായിക്കുക. വിവാഹത്തിനു ശേഷം ഭാര്യയേയും മക്കളേയും പോറ്റേണ്ടതുള്ളതുകൊണ്ട് എന്തെങ്കിലും തൊഴിലെടുക്കണമെന്ന ബോധം സ്വാഭാവികമായും ഉണ്ടാകുന്നതാണ്. ഭാര്യയും ഭർത്താവിന്റെ മേൽ എന്തെങ്കിലും തൊഴിലെടുക്കാൻ സമ്മർദ്ദം ചെലുത്തും. ഇങ്ങനെ കുടുംബാവസ്ഥ മെച്ചപ്പെടുന്നതാണ്. അല്ലാഹുവിന്റെ കല്പനയാണിത്. അവൻ നല്ലവണ്ണം കാര്യങ്ങൾ മനസ്സിലാക്കുന്നവനും, ആരുടെ എന്തവസ്ഥയാണെന്ന് നല്ലവണ്ണം അറിയുന്നവനുമാണ്. അതുകൊണ്ട് വിധവകളെ വിവാഹം കഴിപ്പിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. ഒരുപാട് രോഗങ്ങളിൽ നിന്ന് സമൂഹം പരിശുദ്ധമാകും. പരിശുദ്ധമായ സമൂഹം കെട്ടിപ്പടുക്കുന്നതിനും അവരുടെ സ്വന്തം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിധവകളുടെയും, മറ്റുള്ളവരുടെയും വിവാഹം കഴിപ്പിക്കാൻ പൂർണ്ണമായും പരിശ്രമിക്കേണ്ടതാണ്. ദരിദ്രരെ വിവാഹം കഴിപ്പിക്കുന്നതിൽ ജമാഅത്ത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ കഴിവിന്റെ പരമാവധി സഹായിക്കാറുണ്ട്.

അല്ലാഹുവിന്റെ കല്പനകൾക്കെതിരിൽ, അന്യമതങ്ങളുടെയും, അമുസ്‌ലിംകളുടെയും വികലമായ മതത്തിന്റെ ഭാഗങ്ങൾ നമ്മുടെയിടയിൽ കടന്നുകൊണ്ടിരിക്കുന്ന അബദ്ധജടിലമായ അനാചാരങ്ങളിൽ നിന്ന് ഓരോ അഹ്മദിയും രക്ഷപ്പെടേണ്ടതാണ്. ഇത് ഓരോ അഹ്മദിയും ഓർത്തിരിക്കേണ്ടതാണ്.

വിധവ തന്റെ ഇദ്ദ പൂർത്തിയാക്കി സ്വന്തം ഇഷ്ടത്താൽ വിവാഹം കഴിക്കാൻ ആഗ്രഹിച്ചാൽ അതിൽ കുറ്റമൊന്നുമില്ല. അല്ലാഹു അതനുവദിക്കുന്നു. അതിന്നിടയിൽ തടസ്സമുണ്ടാക്കാൻ ഒരു കുടുംബക്കാരനും അവകാശമില്ല. വിധവയ്ക്ക് സ്വയം തീരുമാനിക്കാൻ അവകാശമുണ്ട്. നിങ്ങൾ സദുദ്ദേശ്യത്തോടെയാണ് തടസ്സമുണ്ടാക്കുന്നതെ

ങ്കിൽ, കൂടിയാൽ നിങ്ങൾ നിങ്ങളുടെ അഭിപ്രായം പറഞ്ഞ് പിന്മാറുക. വിധവയെ സ്വയം തീരുമാനമെടുക്കാൻ വിടുക. ഇതു സംബന്ധിച്ച് അല്ലാഹു പറയുന്നു.

നിങ്ങളിൽ നിന്നു മരണമടയുന്നവരുടെ ശേഷിച്ചിരിക്കുന്ന ഭാര്യമാർ സ്വയം നിയന്ത്രിച്ചു നാലുമാസവും പത്തു ദിവസവും ഇദ്ദ അഥവാ ദീക്ഷയനുഷ്ഠിക്കേണ്ടതാണ്. അങ്ങനെ അവർ തങ്ങളുടെ അവധി പൂർത്തിയാക്കിക്കഴിഞ്ഞാൽ ന്യായമായ നിലയിൽ സ്വന്തം കാര്യത്തിൽ അവർ എന്തെങ്കിലും പ്രവർത്തിക്കുന്നതിൽ നിങ്ങൾക്കു കുറ്റമൊന്നുമില്ല. നിങ്ങൾ പ്രവർത്തിക്കുന്നതെന്തും അല്ലാഹു സൂക്ഷ്മമായി അറിയുന്നവനത്രെ. (2:235)

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: വിധവകളുടെ നിക്കാഹിനെ സംബന്ധിച്ച് എത്രത്തോളം താക്കീതോടുകൂടിയാണോ അല്ലാഹു പറഞ്ഞിട്ടുള്ളത് അതുകാണുമ്പോൾ കന്യകന്മാരുടെ നിക്കാഹിനെ സംബന്ധിച്ച് ഒന്നും കല്പിച്ചിട്ടില്ല എന്നു തോന്നും. പക്ഷേ, ഇതിന്റെ ഉദ്ദേശ്യം വിവാഹം കഴിക്കാൻ ആഗ്രഹിക്കാത്ത വിധവയെ നിർബന്ധിച്ച് വിവാഹം കഴിപ്പിക്കുക എന്നല്ല. ചില വിധവകൾ പ്രായം ചെന്ന കാരണത്താലോ ധാരാളം കുട്ടികളുള്ള കാരണത്താലോ, കുട്ടികളുടെ ഉത്തരവാദിത്തങ്ങൾ കാരണത്താലോ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നില്ല. അവരെ നിർബന്ധിക്കരുത്. വിധവയ്ക്ക് വിവാഹം കഴിക്കാൻ അവകാശമില്ല എന്ന ദുർധാരണ എന്തായാലും അവസാനിപ്പിക്കേണ്ടതാണ്.

ഹസ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. മൂന്നുകാര്യങ്ങളിൽ അമാന്തം കാണിക്കരുത്. നമസ്കാരത്തിന്റെ സമയമായാൽ ഉടനെ നമസ്കരിക്കുക. ജനാസ മറയടക്കുന്നതിലും വിധവയെ വിവാഹം കഴിപ്പിക്കുന്നതിലും താമസം വരുത്തരുത്.

മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു. വിധവ തന്റെ വിവാഹകാര്യത്തിൽ തീരുമാനമെടുക്കുന്നതിൽ വൊലിയെക്കാൾ കൂടുതൽ അവകാശമുള്ളവളാണ്. പക്ഷേ, പെൺകുട്ടി വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന ചെറുക്കൻ അഹ്മദിയാണോ എന്ന് നോക്കേണ്ടതാണ്. അഹ്മദീ ആൺകുട്ടികൾ അഹ്മദീ പെൺകുട്ടികളെ ഉപേക്ഷിച്ചും, അഹ്മദീ പെൺകുട്ടികൾ അഹ്മദീ ആൺകുട്ടികളെ ഉപേക്ഷിച്ചും ജമാഅത്തിനു വെളിയിൽ വിവാഹം കഴിക്കുകയാണെങ്കിൽ സമൂഹത്തിൽ കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാകുന്നതാണ്. അതുകൊണ്ട് ദീനിന്റെ കുഫുവ് നോക്കലും നിർബന്ധമാണ്. ജമാഅത്ത് വ്യാപിക്കുന്നതിനോടൊപ്പം ഇത്തരം പ്രശ്നങ്ങളും വർധിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്ത് ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

നിക്കാഹിന്റെ കാര്യത്തിൽ ദീനിന് മുൻതൂക്കം കൊടുക്കണമെന്ന് നബി(സ) കർശനമായി പറഞ്ഞിട്ടുണ്ട്. പെൺകുട്ടികൾക്ക് എവിടെന്നെങ്കിലും ആലോചന വന്നാൽ, ഇട്ടൊഴപ്പാതെ ദീൻ നോക്കിക്കൊണ്ട് ബന്ധം ഉറപ്പിക്കേണ്ടതാണ്. പോഷക സംഘടനകളായ ലജ്ന-ഖുദാം അൻസാർ തുടങ്ങിയവർ ഇതിനുവേണ്ടി പരിശ്രമിക്കണം. അവർ മാതാപിതാക്കളോട്, അവരുടെ കുട്ടികളെ വിവാഹം കഴിച്ചയക്കാൻ പറയുക. യുവാക്കളോട് വിവാഹം കഴിക്കാനും പറയുക.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ജമാഅത്ത് വളരെ വളർന്നുകൊണ്ടിരിക്കുകയാണ്. കോടിക്കണക്കിൽ നാം എത്തിക്കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് കുട്ടികളെ പുറത്തു വിവാഹം കഴിപ്പിക്കേണ്ട ആവശ്യമേയില്ല. നമ്മുടെയിടയിൽ തന്നെ ബന്ധം അന്വേഷിച്ചുകണ്ടെത്തേണ്ടതാണ്.

(ഖുത്ബ 24-12-04 ***വിവ: മുഹമ്മദ് ഇസ്മായീൽ)*** ■

---

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

اَلْيَوْمَ اَكْمَلْتُ لَكُمْ دِيْنَكُمْ وَ اَتْمَمْتُ عَلَيْكُمْ نِعْمَتِيْ
وَ رَضِيْتُ لَكُمُ الْاِسْلَامَ دِيْنًا۔

"ഇന്നേദിവസം ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പരിപൂർണ്ണമാക്കിത്തരുകയും എന്റെ അനുഗ്രഹം നിങ്ങളിൽ പൂർത്തീകരിക്കുകയും നിങ്ങൾക്ക് ഇസ് ലാമിനെ മതമായി ഞാൻ തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു". [96] ഇസ്ലാമിൽ മതം അതിന്റെ പൂർണ്ണത പ്രാപിച്ചിരിക്കുന്നു എന്നു ഈ ഖുർആൻ വാക്യം ഊന്നിപ്പറയുന്നു. അതായത്, മതത്തിന്റെ പരിപൂർണമായ അവസ്ഥ 'ഇസ്ലാം' എന്ന വാക്കിന്റെ അർത്ഥത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നുതന്നെ. വാചകാന്തരേണ പറയുന്നതായാൽ, ദൈവേഷ്ടത്തിനു പൂർണ്ണമായ നിലയിൽ വഴിപ്പെട്ട് ആത്മത്യാഗത്താൽ, ത്യാഗം വെറും വാക്കിൽ മാത്രമായിരിക്കാതെ പ്രവൃത്തി രൂപേണ പ്രത്യക്ഷീകരിക്കുന്നതുമൂലം മോക്ഷോപലബ്ധിയെ അർഹിക്കുന്ന പരമമായ അനുസരണപഥമാണ് ഇസ്ലാം എന്നതുകൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. ഈ അവസ്ഥയിൽ സകല ശ്രേഷ്ഠഗുണങ്ങളും ചെന്നവസാനിക്കുന്നു.

എന്നാൽ അപൂർണ്ണമായ ബുദ്ധിശക്തിയെ മാത്രം ആശ്രയിച്ചു വർത്തിച്ച തത്വശാസ്ത്രജ്ഞന്മാർക്ക് സാക്ഷാൽ ദൈവത്തെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. വിശുദ്ധ ഖുർആനാകട്ടെ ആ സത്യേക ദൈവത്തെ തിരിച്ചറിയുന്നതിനു ശരിയായ ജ്ഞാനമാർഗ്ഗം പ്രദാനം ചെയ്തിരിക്കുന്നു. പ്രപഞ്ചകർത്താവിനെ സംബന്ധിച്ചു പരമാർത്ഥബോധമുണ്ടാക്കിത്തുരന്നതിനു ആ പവിത്രഗ്രന്ഥം രണ്ടു മാർഗ്ഗങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഒന്ന്, പ്രകൃതി നിയമങ്ങളിൽ നിന്നു ദൈവത്തിന്റെ സത്തയെ നിർണ്ണയിച്ചറിയാൻ സമർത്ഥമാകത്തക്ക വിധം മനുഷ്യന്റെ വിവേചനശക്തി ബലവത്തും തീക്ഷ്ണതരവും ആയിത്തീരുന്നതും അബദ്ധത്തിലേക്ക് വ്യതിചലിക്കാതെ സുരക്ഷിതമായി ഭവിക്കുന്നതുമായ മാർഗ്ഗമാകുന്നു. ■

## ലേഖനം

# മനുഷ്യൻ ആദരണീയ സൃഷ്ടി

**മഹ്മൂദ്, കൽക്കുളം**

**ദൈവം മനുഷ്യനെ അവന്റെ ഗുണങ്ങൾ സ്വാംശീകരിച്ച് വളരാൻ ശേഷിയുള്ള അത്യുൽകൃഷ്ട ജീവിയായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്.**

മനുഷ്യൻ ദൈവത്തിന്റെ ആദരണീയ സൃഷ്ടിയാകുന്നു. ബുദ്ധി വൈഭവത്തിലും ഉൽകൃഷ്ടമായ കഴിവുകൾ പ്രദാനം ചെയ്യപ്പെട്ടതിലും മനുഷ്യൻ ഇതര സൃഷ്ടിജാലങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നു. 'ഭൂതലത്തിലുള്ളതൊക്കെയും മനുഷ്യർക്കു വേണ്ടി സൃഷ്ടിച്ചവനാണ് ദൈവ' മെന്നും (2:30) 'തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു'എന്നും (17:71) 'പരിശുദ്ധപ്രകൃതിയിൽ മനുഷ്യരെല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു'(30:31) എന്നുമുള്ള ഖുർആനിക പരാമർശങ്ങൾ മനുഷ്യന് നിശ്ചയിക്കപ്പെട്ടിരിക്കുന്ന ആദരണീയ സ്ഥാനത്തെ വിളംബരം ചെയ്യുന്നവയാണ്. വിസ്മയജന്യമായ ഒട്ടേറെ പ്രതിഭാസങ്ങളുൾക്കൊണ്ട ഈ പ്രപഞ്ചം, സംവിധാനിക്കപ്പെട്ടതു തന്നെ മനുഷ്യന്റെ ഗുണത്തിനും സേവനത്തിന്നുമാണന്ന ദിവ്യപ്രഖ്യാപനവും മനുഷ്യന്റെ സൃഷ്ടിശ്രേഷ്ഠതയെ അടിവരയിട്ടുകാട്ടുന്നു. ഇതുസംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുകയാണ്:

''ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും ആകാശത്തു നിന്നു ജലമിറക്കി അതുമുഖേന നിങ്ങൾക്കു ആഹാരമായി ഫലവർഗങ്ങളിൽ നിന്നും (പലതും) ഉദ്പാദിപ്പിച്ചുതരുകയും ചെയ്തവനത്രെ അല്ലാഹു. തന്റെ കല്പനപ്രകാരം സമുദ്രത്തിൽ സഞ്ചരിക്കേണ്ടതിന് അവൻ നിങ്ങൾക്ക് കപ്പലുകളെ വിധേയമാക്കിത്തരുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കു നദികളെയും അവൻ വിധേയമാക്കിത്തന്നിരിക്കുന്നു."

''അവൻ സൂര്യനെയും ചന്ദ്രനെയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്നവിധത്തിൽ നിങ്ങൾക്കു സേവനത്തിനേർപ്പെടുത്തിത്തന്നിരിക്കുന്നു. രാവിനെയും പകലിനെയും നിങ്ങൾക്ക് പ്രയോജനത്തിനായി അവൻ ആക്കുകയും ചെയ്തിരിക്കുന്നു."

"നിങ്ങൾ അവനോട് ആവശ്യപ്പെട്ടതെല്ലാം അവൻ നിങ്ങൾക്കു നല്കിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എണ്ണുകയാണെങ്കിൽ നിങ്ങൾക്കവയെ തിട്ടപ്പെടുത്തുവാൻ കഴിയുകയില്ല. നിശ്ചയമായും മനുഷ്യൻ വലിയ അക്രമകാരിയും വളരെ നന്ദികെട്ടവനുമാകുന്നു (14:33-35). പ്രപഞ്ചസൃഷ്ടിപ്പിന്റെ സാരാംശം മനുഷ്യനാണ്. മനുഷ്യന് അന്യൂനവും പവിത്രവുമായ പ്രകൃതി നൽകപ്പെടുകയും വിശാലമായ ജീവിതസൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുകയും മാത്രമല്ല സൃഷ്ടികർത്താവ് ചെയ്തിരിക്കുന്നത്. മറിച്ച് അവന് സവിശേഷ പരിഗണന നൽകിയതായി ഊന്നിപ്പറയുകയും ചെയ്യുന്നു. ഇപ്രകാരം മനുഷ്യത്വത്തിന്റെ മഹത്വവും അന്തസ്സും ഉയർത്തിപ്പിടിക്കുകയാണ് വിശുദ്ധ ഖുർആൻ.

## മനുഷ്യന്റെ സമുന്നത സ്ഥാനം

മനുഷ്യന്റെ അത്യുദാത്തമായ സ്ഥാനത്തെ വെളിപ്പെടുത്തിക്കൊണ്ട് നബി(സ) തിരുമേനി ഇപ്രകാരം അരുളി: 'ആദമിനെ ദൈവം തന്റെ രൂപത്തിലാണ് സൃഷ്ടിച്ചത്' (ബുഖാരി) ദൈവത്തിന് തനതായ ഒരു രൂപമില്ല. ആദമിന്ന് ദൈവികഗുണങ്ങൾ പ്രതിഫലിപ്പിക്കുന്നതിനുള്ള കഴിവുകൾ നൽകി എന്നതാണ് പ്രസ്തുത തിരുവചനത്തിന്റെ സാരം; അഥവാ ഹസ്റത്ത് ആദമിലൂടെ ദൈവികഗുണങ്ങൾ പ്രതിഫലിക്കപ്പെട്ടു. ദൈവികഗുണങ്ങൾ സ്വാംശീകരിക്കാൻ സാധിക്കുമാറാകുന്ന പ്രാപ്തികളോടുകൂടിയാണ് സമസ്ത മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നു: ''നാം നിങ്ങളെ സൃഷ്ടിക്കു

കയും എന്നിട്ട് നാം നിങ്ങളെ രൂപപ്പെടുത്തുകയും ചെയ്തു. പിന്നീട് നാം മലക്കുകളോട് പറഞ്ഞു. 'ആദമിനെ അനുസരിക്കുക'എന്ന്. അവർ (എല്ലാം) അനുസരിച്ചു. പക്ഷെ ഇബ്ലീസ് വഴങ്ങിയില്ല. അവൻ അനുസരിക്കുന്നവരിൽപ്പെട്ടില്ല." (7:12) മനുഷ്യസൃഷ്ടിപ്പിന്റെ രണ്ട് തരം അവസ്ഥകളാണ്, 'നാം നിങ്ങളെ സൃഷ്ടിച്ചു, പിന്നീട് രൂപപ്പെടുത്തി' എന്ന പരാമർശത്തിൽ അനാവരണം ചെയ്യുന്നത്. അഥവാ കണ്ണ്, മൂക്ക്, കാത്, കൈകാലുകൾ തുടങ്ങിയ ശാരീരിക സൃഷ്ടിപ്പിനോടൊപ്പം, ആത്മീയോന്നമനത്തിനുതകുന്ന ആന്തരികശക്തികളും ദൈവം മനുഷ്യനിൽ നൈസർഗികമായിതന്നെ സംജാതമാക്കി വെച്ചു. പ്രസ്തുത ആന്തരികശക്തികൾ പരിപോഷിപ്പിച്ചെടുക്കുമ്പോഴായിരിക്കും മനുഷ്യന് തന്റെ സമുന്നതമായ സൃഷ്ടിയുദ്ദേശ്യം സഫലമാക്കാൻ സാധിക്കുന്നത്. അതുമൂലം ദൈവദൃഷ്ടിയിൽ അവന് മനോഹാരിത ലഭിക്കുന്നതുമാണ്. ഇതുസംബന്ധമായി വാഗ്ദത്ത മഹ്ദീമസീഹ്(അ) ഇങ്ങനെ വിവരിക്കുന്നു: ''ഖൽഖ്, ഖുൽഖ് എന്നീ രണ്ട് പദങ്ങളുണ്ട്. രണ്ട് വിപരീതാർത്ഥങ്ങളെ സൂചിപ്പിക്കുന്ന പദങ്ങളാണിവ. ബാഹ്യമായ സൃഷ്ടിപ്പിന്ന് 'ഖൽഖ്' എന്നുപറയുന്നു. കാത്, മൂക്ക് തുടങ്ങി മുടി വരെയുള്ളവ 'ഖൽഖ്' എന്ന ബാഹ്യസൃഷ്ടിപ്പിന്റെ ഇനത്തിൽ പെടുന്നു. 'ഖുൽഖ്' എന്നുള്ളത് ആന്തരികസൃഷ്ടിപ്പിന്റെ പേരാകുന്നു. അപ്രകാരം മനുഷ്യനെയും അല്ലാത്തവയെയും വ്യതിരിക്തമാക്കിക്കാട്ടുന്ന ആന്തരികശക്തികളും 'ഖുൽഖ്' എന്ന വകുപ്പിൽ പെടുന്നു. ഏതുവരെയെന്നാൽ, ബുദ്ധി, ചിന്ത തുടങ്ങിയ ശക്തികളെല്ലാം ഈ വകുപ്പിൽ തന്നെയാണ് ഉൾപ്പെടുന്നത്. ഖുൽഖ് മുഖേനയാണ് മനുഷ്യൻ തന്റെ മനുഷ്യത്വത്തെ ശരിപ്പെടുത്തുന്നത്. മാനുഷികമായ കടമകളില്ലെങ്കിൽ, മനുഷ്യനാണോ, കഴുതയാണോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമാണോ എന്ന കാര്യത്തിൽ ശങ്കിക്കേണ്ടി വരുന്നു. 'ഖുൽഖി'ൽ വ്യതിയാനം സംഭവിക്കുമ്പോൾ രൂപം മാത്രമായിരിക്കും അവശേഷിക്കുക. ഉദാഹരണത്തിന്, ബുദ്ധി നഷ്ടപ്പെട്ടവനെ ഭ്രാന്തനെന്ന് പറയുന്നു. ബാഹ്യരൂപത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മനുഷ്യനെന്നും പറയും. ചുരുക്കത്തിൽ അഖ്‌ലാഖ് അഥവാ സ്വഭാവങ്ങളുടെ താല്പര്യം നബി(സ) തിരുമേനിയുടെ പ്രായോഗികജീവിതത്തിൽ സമ്പൂർണ്ണമായി നിഴലിച്ചുകാണുന്ന പ്രകാരം ദൈവതൃപ്തി കൈവരിക്കുന്ന വഴിയിലൂടെയുള്ള ഗമനമാകുന്നു." (മൽഫൂസാത്ത് വാ-1)

## ദൈവികഗുണങ്ങളുടെ സ്വാംശീകരണം

തന്നിൽ പ്രദാനം ചെയ്യപ്പെട്ട 'ഖുൽഖ്' അഥവാ ഉൽകൃഷ്ട സ്വഭാവവൈശിഷ്ട്യങ്ങൾ മനുഷ്യൻ പ്രകടമാക്കുമ്പോൾ, യഥാർത്ഥത്തിൽ അവൻ ദൈവികഗുണങ്ങളുടെ നിറമാണ് തന്നിലൂടെ പ്രതിഫലിപ്പിച്ചുകാണിക്കുന്നത്. ഐഹികവ്യവഹാരങ്ങളിൽ മനുഷ്യന് ഏതെങ്കിലുമൊന്നിന്റെ നിറം പകർത്തേണ്ടത് അനിവാര്യമാകുന്നു. എന്നാൽ ദൈനംദിന ബന്ധങ്ങളിൽ, ക്ഷമ, കാരുണ്യം, അനുകമ്പ, സഹാനുഭൂതി, നീതിബോധം, വിശ്വസ്തത, സത്യസന്ധത, ആഭിചാത്യം, ആർദ്രത തുടങ്ങിയ ഗുണങ്ങൾ ദൈവത്തിന്റെ സവിശേഷഗുണങ്ങൾക്കനുരോധമായ നിലയിൽ വെളിപ്പെടുത്തുമ്പോഴാണ് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ മനുഷ്യന് സാധിക്കുമാറാകുന്നത്. അപ്പോഴാണ്, സദ്ഗുണങ്ങളുടെ നിർവ്വചനം അന്വർത്ഥമാകുന്നതും. വിശുദ്ധ ഖുർആനിൽ ഇപ്രകാരം പറയുന്നു: ''അല്ലാഹുവിന്റെ വർണ്ണം സ്വായത്തമാക്കുവിൻ. വർണ്ണത്തിൽ അല്ലാഹുവിനെക്കാൾ ഉത്തമൻ മറ്റാരുണ്ട്? ഞങ്ങൾ അവനെ മാത്രം ആരാധിക്കുന്നവരാകുന്നു." (2:139) ഈ വചനത്തിൽ വർണ്ണം, പ്രകൃതി, മതം എന്നീ അർത്ഥങ്ങളിൽ മൊഴിമാറ്റം ചെയ്യപ്പെടുന്നതിന്റെ അറബിവാക്ക് 'സിബ്ഗത്ത്' എന്നതാണ്. നിങ്ങൾ അല്ലാഹുവിന്റെ 'സിബ്ഗത്തി'നെ സ്വായത്തമാക്കുക എന്നു പറഞ്ഞാൽ, അല്ലാഹുവിന്റെ നിറം അഥവാ അവന്റെ സവിശേഷ ഗുണങ്ങൾ സ്വാംശീകരിക്കുക എന്നാണ് താല്പര്യം. സ്വാംശീകരിക്കാൻ അതിനേക്കാളും പറ്റിയ മറ്റൊന്നും തന്നെയില്ല. അതുപോലെ ദൈവത്തിൽ നിന്നും ഇറക്കപ്പെട്ട മാർഗദർശനത്തെ അനുപദം പിന്തുടർന്നു ജീവിതം നയിക്കുക. കേവലം അതിലാണ് മനുഷ്യന്റെ നന്മയും മോക്ഷവും നിലകൊള്ളുന്നത്. ദൈവികമാർഗദർശനം വിട്ടുകൊണ്ട് സ്വന്തം ഇച്ഛകൾക്കനുസൃതമായി ചലിക്കുകയാണെങ്കിൽ, ദൈവനിശ്ചിതമായ പാതയിൽ നിന്നും വഴിമാറി ചരിക്കുകയാണെങ്കിൽ നാശമായിരിക്കും പരിണിതഫലം. തദ്വിഷയകമായി വിശുദ്ധ ഖുർആൻ പറയുന്നു: "നിശ്ചയമായും നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു. പിന്നെ അവൻ ദുഷിക്കുകയാണെങ്കിൽ നാം അവനെ അധമന്മാരിൽ അധമനായിമാറ്റുന്നു." (95:96) എന്നുവെച്ചാൽ, ദൈവികഗുണങ്ങൾക്കനുസൃതമായി മനുഷ്യൻ തന്റെ ആന്തരികഗുണങ്ങൾ യഥാസമയം പ്രകടമാക്കുന്നില്ലെങ്കിൽ അവൻ ഏറ്റവും ദുഷിച്ചവനായിത്തീരുന്നതായിരിക്കും. സ്വഭാവവൈശിഷ്ട്യങ്ങൾ ഏറ്റവും ഉന്നതമായ നിലയിൽ വെളിപ്പെടുത്തിയത് നബി(സ) തിരുമേനിയാണ്. ''നിശ്ചയമായും നീ ഉൽകൃഷ്ടസ്വഭാവങ്ങളോടുകൂടിയവനാകുന്നു." (68:5) എന്ന് അല്ലാഹുതന്നെ ആ പുണ്യാത്മാവിനെ പ്രകീർത്തിച്ചു പറഞ്ഞു.

## മഹത്തായ ജീവിതലക്ഷ്യം

മനുഷ്യന്റെ മഹത്തായ ജീവിതലക്ഷ്യത്തെ പറ്റി വിശുദ്ധ ഖുർആൻ പറയുകയാണ്: "എന്നെ അറിയുന്നതിനും ആരാധിക്കുന്നതിനുമായിട്ടുമാത്രമാണ് ഞാൻ ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിരിക്കുന്നത്." (51:57) ഈ വചനത്തിന് വിശദീകരണം നൽകിക്കൊണ്ട് വാഗ്ദത്ത മസീഹ് (അ) ഇങ്ങനെ വിവരിക്കുന്നു: "തന്റെ ജീവിതത്തിന് സ്വേച്ഛയാ ഒരു

*(ശേഷം 19-ാം പേജിൽ)*

ലേഖനം

# "വൽ ബഹ്‌രിൽ മസ്ജൂർ" ഒരു ദൈവിക മുന്നറിയിപ്പ്

മുഹമ്മദ് ഉമർ എച്ച്.എ. കോഴിക്കോട്

**പാപത്തിന്റെ വഴിയിലേക്ക് മനുഷ്യൻ മാർഗ്ഗം തെറ്റുമ്പോൾ ആസന്നമായ ദൈവിക ശിക്ഷയെ കുറിച്ച് പ്രവാചകന്മാർ താക്കീത് നൽകുന്നു**

ദൈവദൂതന്മാരായ പ്രവാചകന്മാർ വിശ്വാസികൾക്കു സുവിശേഷകരായിട്ടും വിശ്വസിക്കാത്ത ജനങ്ങൾക്ക് താക്കീതുകാരായിട്ടും ആണ് ലോകത്ത് അവതരിക്കുന്നത് എന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പല സ്ഥലങ്ങളിലായി പ്രതിപാദിക്കുന്നു.

ഉദാഹരണമായി അല്ലാഹു അരുൾ ചെയ്യുന്നു:

أَكَانَ لِلنَّاسِ عَجَبًا أَنْ أَوْحَيْنَآ إِلَىٰ رَجُلٍ مِّنْهُمْ أَنْ
أَنذِرِ النَّاسَ وَبَشِّرِ الَّذِينَ آمَنُوٓا أَنَّ لَهُمْ قَدَمَ
صِدْقٍ عِندَ رَبِّهِمْ

മനുഷ്യർക്ക് താക്കീത് നൽകുകയും സത്യവിശ്വാസികൾക്ക് സുവിശേഷം അറിയിക്കുകയും ചെയ്യുക എന്ന് കല്പിച്ചുകൊണ്ട് അവരിൽപെട്ട ഒരാൾക്ക് നാം ദിവ്യവെളിപാടിറക്കിയെന്നത് അവർക്ക് ആശ്ചര്യമായിപ്പോയോ? (10:3)

فَبَعَثَ اللَّهُ النَّبِيِّينَ
مُبَشِّرِينَ وَمُنذِرِينَ

അല്ലാഹു പ്രവാചകന്മാരെ സുവിശേഷമറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായി നിയോഗിച്ചു (2:214)

ദൈവദൂതന്മാരുടെ ആഗമനത്തിന്നുശേഷം മനുഷ്യർക്ക് അല്ലാഹുവിന്റെ മേൽ യാതൊരു എതിർന്യായവും ഇല്ലാതിരിക്കുന്നതിന്നായി സുവിശേഷം നൽകുന്നവരും താക്കീത് നൽകുന്നവരുമായ ദൂതന്മാരെ നിയോഗിച്ച് അയക്കുകയുണ്ടായി. (4:166)

സുവിശേഷം നൽകുന്നവരും താക്കീത് നൽകുന്നവരുമായിട്ടല്ലാതെ നാം ദൂതന്മാരെ അയക്കുന്നില്ല. സത്യനിഷേധികൾ സത്യത്തെ പരാജയപ്പെടുത്തുവാൻ വ്യാജം കൊണ്ടു കുതർക്കം ചെയ്യുന്നു. എന്റെ ദൃഷ്ടാന്തങ്ങളെയും അവർക്ക് താക്കീത് നൽകപ്പെട്ടതിനെയും അവർ പരിഹാസ്യമാക്കിത്തീർക്കുകയും ചെയ്യുന്നു. 18:57 ഇപ്രകാരം ബശീറും നദീറും (സുവിശേഷകരും മുന്നറിയിപ്പുകാരും) ആയി അവതീർണ്ണരായ പ്രവാചകന്മാരെ അവരുടെ കാലത്തുള്ള ജനങ്ങളിൽ ഭൂരിഭാഗവും അവിശ്വസിക്കുകയും അവഗണിക്കുകയും ചെയ്തുകൊണ്ടിരുന്നെന്നു മാത്രമല്ല, അവരെയും അവരിൽ വിശ്വസിച്ചവരെയും മാനസികമായും ശാരീരികമായും വളരെയധികം ദ്രോഹിക്കുകയും മർദ്ദിക്കുകയും അങ്ങനെ അവരുടെ ജീവിതം തന്നെ വിഷമപൂർണ്ണമാക്കിത്തീർക്കുകയും ചെയ്തുകൊണ്ടിരുന്നു. അതിന്റെ ഫലമായി സത്യനിഷേധികളായ ജനങ്ങൾ ദൈവക്രോധത്തിന്നും കോപത്തിന്നും പാത്രീഭൂതരായിത്തീരുകയും തദ്വാരാ അവന്റെ ശിക്ഷക്കിരയായിത്തീരുകയും ചെയ്തുവെന്ന ചരിത്രസത്യം വിശുദ്ധ ഖുർആൻ പല സ്ഥലങ്ങളിലായി വിവരിക്കുന്നു. അല്ലാഹു അരുൾ ചെയ്യുന്നു.

നിനക്കു (റസൂൽ തിരുമേനിക്ക്) മുമ്പും ദൈവദൂതന്മാർ പരിഹസിക്കപ്പെട്ടിരുന്നു. തൽഫലമായി ഏതൊരു കാര്യത്തെക്കുറിച്ച് (ദൈവശിക്ഷയെക്കുറിച്ചു) അവർ പരിഹസിച്ച് കൊണ്ടിരുന്നുവോ അത് അവരിൽ നിന്നും പരിഹസിക്കുന്നവരെത്തന്നെ വലയം ചെയ്തു. പറയുക: നിങ്ങൾ ഭൂമിയിൽ സഞ്ചരിക്കൂ! എന്നിട്ടു (പ്രവാചകന്മാരെ) നിഷേധിച്ചവരുടെയെല്ലാം അന്ത്യഗതി എന്തായിരുന്നുവെന്നു കാണുക. (6:12, 12)

പ്രസ്തുത ആയത്തിൽ പ്രവാചകന്മാരെ നിഷേധിക്കുകയും എതിർക്കുകയും ചെയ്തിരുന്നവരെ ഏതെല്ലാം വിധത്തിലാണ് അല്ലാഹു നശിപ്പിച്ചിരിക്കുന്നതെന്നു കാണാവുന്നതാണ്. ചിലരുടെ മേൽ ചരൽക്കല്ലു വർഷിക്കുന്ന കൊടുങ്കാറ്റയച്ചു അവരെ നശിപ്പിച്ചു. ചിലരെ ഭയാനകമായ ഘോര ശബ്ദം പിടികൂടുകയുണ്ടായി. ചിലരെ ഭൂകമ്പം മൂലം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. ചില കൂട്ടരെ മുക്കിക്കൊന്നു. പൊതുവിൽ ഈ നാലു വഴികളിൽ കൂടിയാണ് പ്രവാചകന്മാരുടെ എതിരാളികൾ നശിപ്പിക്കപ്പെടുകയുണ്ടായത്.

ചുരുക്കത്തിൽ പ്രവാചകന്മാരുടെ നിയോഗവും അവരുടെ തൗഹീദിലേക്കും സൽപന്ഥാവിലേക്കുമുള്ള പ്രബോധനവും അതിന്റെ പ്രതികരണമെന്നോണം അവരുടെ സമുദായനേതാക്കന്മാരുടെയും പാമരജനങ്ങളുടെയും ഭയാനകമായ എതിർപ്പുകളും അക്രമങ്ങളും മർദ്ദനങ്ങളും അതിന്റെ ഫലമായി ഉണ്ടാകുന്ന ദൈവക്രോധത്തിന്റെ പ്രതീകങ്ങളായ ഭയങ്കര ശിക്ഷകളും ദൈവികചര്യയിൽ പെട്ടതാണെന്ന് വിശുദ്ധ ഖുർആൻ വിവരിക്കുന്നു.

ഇങ്ങനെയുള്ള നാളുകൾ നാം ജനങ്ങൾക്കിടയിൽ മാറ്റി മാറ്റിക്കൊണ്ടിരിക്കും. (3:114) എന്ന ദൈവീക സനാതന ചര്യയനുസരിച്ച് ചരിത്രം ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായി നാം കാണുന്നു.

ഹദ്റത്ത് നബികരിം(സ) തിരുമേനിയുടെ ആഗമനകാലത്തുണ്ടായിരുന്നതുപോലെ കരയും കടലും ഒരു പോലെ ദുഷിച്ച് അക്രമവും അനീതിയും അധർമ്മവും അസത്യവും കിരാതത്വവും പൂർവ്വാധികം വ്യാപിച്ചു മനുഷ്യൻ വന്യമൃഗത്തേക്കാളും ക്രൂര ജന്തുവിനെക്കാളും അധഃപതിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ പൂർവീക പ്രവാചകന്മാരുടെ വിശിഷ്യാ ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ പ്രവചനങ്ങളും മുന്നറിയിപ്പുകളും അനുസരിച്ച് വാഗ്ദത്ത മഹ്ദിയും മസീഹും റസൂൽ തിരുമേനി(സ)യുടെ ശിഷ്യപ്രവാചല്ല, അദ്ദേഹം പ്രബോധനത്തിന്നായുപയോഗിച്ചിരുന്ന ഒട്ടകത്തിന്റെ കുതിഞരമ്പുകൾ മുറിച്ച് അതിനെ മുടന്തനാക്കുകയും അങ്ങനെ അവർ ദൈവ കല്പനയെ ധിക്കരിക്കുകയും ചെയ്തു. തദവസരത്തിൽ അവരെ ഭൂകമ്പം പിടികൂടുകുയം അങ്ങനെ അവർ പ്രഭാതവേളയിൽ തങ്ങളുടെ വീടുകളിൽ കമിഴ്ന്നു വീണു കിടക്കുന്നവരായിത്തീരുകയും ചെയ്തു. അങ്ങനെ അല്ലാഹു അവരെ നശിപ്പിച്ചൊടുക്കി (അഅ്റാഫ്).

അതിന്നുശേഷം മദ്യൻ എന്ന സമുദായത്തിലേക്ക് അവരിൽ നിന്നുതന്നെയുള്ള ശുഐബ് നബിയെ അല്ലാഹു അയച്ചു. എന്നാൽ അദ്ദേഹത്തിന്റെ സമുദായം അദ്ദേഹത്തെ നിഷേധിക്കുകയും ഉപദ്രവിക്കുകയും ചെയ്തപ്പോൾ അവരെ ഭൂകമ്പം പിടികൂടുകയും അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്നുവീണു കിടക്കുന്നവരായിത്തീരുകയും ചെയ്തു (അഅ്റാഫ്)

ഇതേപ്രകാരം ഹ: ഇബ്റാഹീം (അ) ഹ: ലൂത്ത് (അ) ഹ:മൂസാ (അ) ഹ:ഈസാ(അ) എന്നീ പ്രവാചകന്മാരെ നിഷേധിക്കുകയും അവരെയും അവരുടെ അനുചരന്മാരെയും ഉപദ്രവിക്കുകയും ചെയ്തവർ ദൈവശിക്ഷക്കു ഇരയായതായി വിശുദ്ധ ഖുർആൻ വിശദീകരിക്കുന്നു. സൂറ: അഅ്റാഫ്, സൂറ: ഹൂദു എന്നീ അദ്ധ്യായങ്ങളിൽ നമുക്കു വിശദീകരണം ലഭിക്കുന്നു.

ഈ ദൈവീകശിക്ഷകളെക്കുറിച്ചു വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

ഓരോരുത്തരെയും അവരവരുടെ കുറ്റം നിമിത്തം നാം പിടിച്ചു ശിക്ഷിച്ചു. അവരിൽ ചിലരുടെ മേൽ നാം ചരൽക്കാറ്റയച്ചു. അവരിൽ ചിലരെ ഭയാനകമായ ഘോരശബ്ദം പിടികൂടി. അവരിൽ ചിലരെ നാം ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അവരിൽ ചിലരെ നാം മുക്കിക്കൊന്നു. അല്ലാഹു അവരോടു ദ്രോഹം ചെയ്യുന്നവനായിരുന്നില്ല. നേരെ മറിച്ചു അവർ തങ്ങളുടെ സ്വന്തം ആത്മാക്കളോടു സ്വയം ദ്രോഹം ചെയ്യുന്നവരായിരുന്നു. (29:41).

അല്ലാഹു ഇവിടെ പ്രവാചകന്മാരെ വ്യാജപ്പെടുത്തുകയും നിഷേധിക്കുകയും ചെയ്തവരെ കുറിച്ചുള്ള ചരിത്രപഠനം നടത്തുവാൻ ആഹ്വാനം ചെയ്യുന്നു.

വിശുദ്ധ ഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ പ്രവാചകന്മാരെ നിഷേധിക്കുകയും അവരെ പരീക്ഷണവിധേയരാക്കുകയും ചെയ്തിരുന്ന സത്യനിഷേധികൾക്കുണ്ടായ ദൈവശിക്ഷകളെക്കുറിച്ചു വിശദീകരിക്കുന്നു. ഉദാഹരണമായി ഹദ്റത്ത് നൂഹ് നബി(അ) ഏകദൈവാരാധനയിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും വരാനിരിക്കുന്ന ഭയാനകമായ ദൈവശിക്ഷയെക്കുറിച്ച് അവരെ താക്കീത് നൽകുകയും ചെയ്തപ്പോൾ അദ്ദേഹത്തിന്റെ സമുദായത്തിലെ നേതാക്കന്മാരും പ്രമാണിമാരും അദ്ദേഹത്തെ വ്യാജപ്പെടുത്തുകയും കഠിനമായ മർദ്ദനങ്ങൾക്കും പരിഹാസങ്ങൾക്കും വിധേയരാക്കുകയും ചെയ്തപ്പോൾ അല്ലാഹു തന്റെ മുന്നറിയിപ്പനുസരിച്ചു ഭയാനകമായ വെള്ളപ്പൊക്കം മുഖേന ആ സമുദായത്തെ നശിപ്പിക്കുകയും ഹ: നൂഹ് നബിയെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും രക്ഷപ്പെടുത്തുകയും ചെയ്തു. (സൂറ: അഅ്റാഫ്, ഹൂദ്)

അതിന്നുശേഷം ആദ് സമുദായത്തിന്റെയടുക്കൽ അവർക്ക് മാർഗ്ഗദർശകനായി ഹദ്റത്ത് ഹൂദു നബി(അ) ആഗതനായി. തന്റെ സമുദായത്തിന്നു ബോധനം നൽകിയപ്പോൾ അവർ നിഷേധിക്കുകയും വ്യാജപ്പെടുത്തുകയും ചെയ്തു. അതിന്റെ ഫലമായി ദൈവശിക്ഷയും കോപവും അവരിൽ ഇറങ്ങുകയും അവരെ ഉന്മൂലനാശം ചെയ്യുകയും ഹദ്റത്ത് ഹൂദി(അ)നെയും വിശ്വാസികളെയും ആ ദൈവശിക്ഷയിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തു (അഅ്റാഫ്)

അതിന്നുശേഷം സമൂദ് സമുദായത്തിലേക്ക് അവരിൽ നിന്നുതന്നെയുള്ള സാലിഹ് നബി(അ)യെ അല്ലാഹു നിയോഗിച്ചു. എന്നാൽ ആ സമുദായത്തിലെ തലവന്മാർ അദ്ദേഹത്തെ വ്യാജപ്പെടുത്തുകയും നിഷേധിക്കുകയും ചെയ്തുവെന്നു മാത്രമ

ക്രോധത്തിന്റെയും കോപത്തിന്റെയും പ്രതീകങ്ങളായ പ്ലേഗു-ഭൂകമ്പം, വെള്ളപ്പൊക്കം, കൊടുങ്കാറ്റു എന്നീ ശിക്ഷകൾ ഇറക്കിക്കൊണ്ടിരുന്നു.

അദ്ദേഹം ഇതു സംബന്ധിച്ചു മുന്നറിയിപ്പെന്നോണം 1907-ൽ വിരചിച്ച 'ഹഖീ ഖത്തുൽ വഹ്‌യ്' എന്ന ഗ്രന്ഥത്തിൽ അരുൾ ചെയ്യുന്നു.

മനുഷ്യനുണ്ടായ നാൾ തുടങ്ങി നാളിത് വരെ സംഭവിച്ചിട്ടില്ലാത്തവിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിട്ടില്ലെന്നു തോന്നുമാറുള്ള തരത്തിൽ അടിമേൽ മറിഞ്ഞുപോകും. ഇതോടുകൂടി ഭൂമിയിലും ആകാശത്തും ഭയങ്കരരൂപത്തിലുള്ള മറ്റു പല നാശനഷ്ടങ്ങളും സംഭവിക്കും.... ആ നാളുകൾ അടുത്തു വരുന്നു. അല്ല. അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭൂകമ്പങ്ങൾ മാത്രമല്ല ഭയങ്കരമായ മറ്റു പല വിപത്തുകളും ആകാശത്തിൽ നിന്നും ഭൂമിയിൽ നിന്നും വെളിപ്പെടും...... അല്ലയോ യൂറോപ്പേ നീ രക്ഷയിലല്ല. അല്ലയോ ഏഷ്യാ. നീയും രക്ഷയിലല്ല. ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമ്മിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനബാഹുല്യമുള്ള പ്രദേശങ്ങൾ ജനശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു.... ഞാൻ സത്യമായും സത്യമായും നിങ്ങളോടു പറയുന്നു. ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ടു കാണും. (ഹഖീഖത്തുൽ വഹ്‌യ്)

അല്ലയോ ഉറങ്ങിക്കിടക്കുന്നവരേ! വേഗം ഉണരുക. ഇത് സ്വപ്നം കാണേണ്ട സമയമല്ല. സത്യദൈവം എനിക്ക് കാണിച്ചുതന്ന കാര്യങ്ങളാൽ ഞാൻ വ്യാകുലചിത്തനാണ്. ഭൂകമ്പകൾ നൽകുവാനോ ആണു വന്നിരിക്കുന്നതെന്നോ അല്ലെങ്കിൽ പുതിയൊരു ഗ്രന്ഥം ഇറങ്ങുമെന്നോ ആരും കരുതിപ്പോകരുത്. ഒരിക്കലും അങ്ങനെയല്ല. അങ്ങനെ ആരെങ്കിലും കരുതുന്നുവെങ്കിൽ എന്റെ പക്കൽ അവൻ അങ്ങേയറ്റം വഴിപിഴച്ചവനും നിർമ്മതവാദിയുമാണ്. ഹസ്റത്ത് റസൂൽ കരിം(സ) തിരുമേനിയാൽ ശരീഅത്തും നുബുവ്വത്തും പരിപൂർണ്ണത പ്രാപിച്ചിരിക്കുന്നു. ഇനി ഒരു വിധത്തിലുള്ള ശരീഅത്തും വരുന്നതല്ല. വിശുദ്ധ ഖുർആൻ ഖാത്തമുൽ കുത്തുബാണ്. അതിൽ ഒരുവള്ളിക്കോ പുള്ളിക്കോ ഏറ്റക്കുറവിനുള്ള ഒരു പഴുതുമില്ല. എന്നാൽ റസൂൽ തിരുമേനി(സ)യുടെ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളുടെയും സത്യപന്ഥാവിന്റെയും ഫലങ്ങൾ ഒരിക്കലും അവസാനിച്ചിട്ടില്ല എന്ന കാര്യം സത്യമാണ്. അവ ഓരോ കാലത്തും നവീനത്വത്തോടുകൂടി നിലനിൽക്കുന്നു. അതേ ബർക്കത്തുകളും അനുഗ്രഹങ്ങളും പുനഃസ്ഥാപിക്കുവാനാണ് അല്ലാഹു എന്നെ നിയുക്തനാക്കിയിരിക്കുന്നത്.(റൂഹാനീ ഖസായിൻ വോ. 20 പേജ്. 279).

ഇത്രയും സ്പഷ്ടമായ രീതിയിൽ അദ്ദേഹം തന്റെ ആഗമനോദ്ദേശ്യം വ്യക്തമാക്കിയിട്ടും അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും ബഹുഭൂരിപക്ഷം മുസ്‌ലിംകളും എതിർക്കുകയും ദജ്ജാലെന്നും കാഫിറെന്നും ഇസ്‌ലാമികവൃത്തത്തിൽ നിന്നു പുറംതള്ളപ്പെട്ട അമുസ്‌ലിമെന്നും മുദ്രകുത്തി പലവിധത്തിലും പരീക്ഷണവിധേയരാക്കുകയുമുണ്ടായി.

അങ്ങനെ പൂർവ്വകാല പ്രവാചകന്മാരുടെ സമുദായങ്ങൾ അനുവർത്തിച്ചിരുന്ന അതേനയം തന്നെ അഹ്മദിയ്യാ ജമാഅത്തിന്നും അതിന്റെ പുണ്യസ്ഥാപകർക്കുമെതിരായി അനുവർത്തിക്കുകയുണ്ടായി. അതിന്റെ ഫലമായി അല്ലാഹുവും തന്റെ സനാതനചര്യയനുസരിച്ച് ലോകത്ത് വിവിധ ഭാഗങ്ങളിൽ തന്റെ കനും ആയി അല്ലാഹു ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യെ നിയോഗിച്ചു. അദ്ദേഹം തന്റെ ആഗമനോദ്ദേശ്യം ഇപ്രകാരം വിശദീകരിച്ചു.

"ഈ അന്ധകാരനിബിഢമായ കാലഘട്ടത്തിലെ പ്രകാശമാകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി ശൈത്താൻ ഒരുക്കിവെച്ച പടുകുഴികളിൽ വീഴുന്നതിൽ നിന്ന് എന്നെ പിൻതുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടെയും വിനയമാർഗ്ഗത്തിലൂടെയും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴി നടത്തുന്നതിന്നും ഇസ്ലാമിൽ ധാർമ്മികതക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിന്നുമായിട്ടത്രെ അല്ലാഹു എന്നെ അയച്ചിട്ടുള്ളത്. സത്യാന്വേഷികൾക്കു സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗ്ഗീയ ദൃഷ്ടാന്തങ്ങൾ അല്ലാഹു എനിക്ക് വേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. എനിക്ക് പിന്തുണ നൽകിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദഗ്രന്ഥങ്ങൾ വിവരിച്ച് തരുന്നപ്രകാരം അദൃശ്യകാരണങ്ങളെക്കുറിച്ചും ഭാവിയെപ്പറ്റിയുമുള്ള രഹസ്യവിവരങ്ങൾ എനിക്ക് അല്ലാഹു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അവൻ എനിക്ക് പാവനവും പരിശുദ്ധവും ആയ ജ്ഞാനം നൽകി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. ആകയാൽ സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആത്മാക്കൾ എനിക്കെതിരായിത്തിരിഞ്ഞു. എന്നാൽ എന്നാലാവുംവിധം ഞാൻ മനുഷ്യകുലത്തിന്നുനേരെ അനുകമ്പാലുവായിരിക്കുന്നതാണ്.

(മസീഹ് ഹിന്ദുസ്താൻ മെ.)

മറ്റൊരു സ്ഥലത്ത് അദ്ദേഹം പ്രഖ്യാപിക്കുന്നു.

എന്റെ ആഗമനത്തിന്റെ ഉദ്ദേശ്യലക്ഷ്യമെന്താണെന്നും നിങ്ങൾ ഹൃദയാത്മനാ ശ്രദ്ധിക്കുക. എന്റെ ആഗമനത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും ഇസ്ലാമിന്റെ പുനരുദ്ധാരണവും അതിനെ പിന്തുണക്കുകയും ആണ്. ഞാൻ പുതിയൊരു ശരീഅത്ത് പഠിപ്പിക്കുവാനോ പുതിയ വിധിവിലക്കു

ങ്ങളാൽ ഭൂമി അടിമേൽ മറിയുന്നതായി ഞാൻ കാണുന്നു. വെള്ളപ്പൊക്കത്തിന്റെ സമയം ഇതാ ആസന്നമായിരിക്കുന്നു.... ഈ വെള്ളപ്പൊക്കത്തിൽ നിന്നും ഒരു പേടകത്തിന്നും ആരെയും രക്ഷപ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ ഒഴികഴിവുകളും പോയിപ്പോയിരിക്കുന്നു. അതായത് ഒരു ഒഴികഴിവും ഫലപ്രദമല്ല. തൗബാ സ്വീകരിക്കുന്ന ഏകനായ അല്ലാഹു മാത്രമാണുള്ളത്. (ബദ്ർ 4-5-1905)

സുഹൃത്തുക്കളേ! ഉണരുക. ഇപ്പോൾ വീണ്ടും ഭൂകമ്പം വരാനിരിക്കുന്നു. വീണ്ടും ഉടനെതന്നെ അല്ലാഹു തന്റെ ശക്തിപ്രഭാവം കാണിക്കാനിരിക്കുന്നു.

(ചശ്മയെ മസീഹ്)

ഭൂകമ്പം മുതലായ വിനാശ പ്രതിഭാസങ്ങളുടെ ഒരു സൂചനയും ലാഞ്ചനയും കൂടി ഇല്ലാതിരുന്ന ആ കാലത്ത് ഹദ്റത്ത് മഹ്ദി മസീഹിന്റെ മുന്നറിയിപ്പിന്നുശേഷം 1905 മുതൽ ഇന്നേവരെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ പ്ലേഗ്, കൊടുങ്കാറ്റു, ഭൂകമ്പം, വെള്ളപ്പൊക്കം എന്നിങ്ങനെ ഭീകരമായ പ്രകൃതികോപങ്ങൾ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുകയും കോടിക്കണക്കിലുള്ള ആൾ നാശം സംഭവിക്കുകയുമുണ്ടായി.

ഈ സംഭവവികാസങ്ങൾ ഉണ്ടാകുന്നതിന്നുമുമ്പായി ഹ:വാഗ്ദത്ത മഹ്ദീ മസിഹിന്നു ഇത് സംബന്ധിച്ചു ധാരാളം ദിവ്യവെളിപാടുകൾ ഉണ്ടായിക്കൊണ്ടിരുന്നു. ഉദാ: ഭയാനകമായ ഭൂകമ്പം ഉണ്ടാകുന്നതാണ്. നിങ്ങൾ നിങ്ങളെ സംരക്ഷിച്ചുകൊള്ളുക. നിനക്കു നാം ദൃഷ്ടാന്തങ്ങൾ കാണിച്ചുതരുന്നതാണ്. അവർ നിർമ്മിച്ച കെട്ടിടങ്ങൾ നാം നിരപ്പാക്കിക്കളയുന്നതാണ്. താൽക്കാലികവും സ്ഥായിയുമായ ഭവനങ്ങളും പാർപ്പിടങ്ങളും നശിച്ചു നാമാവശേഷമാകുന്നതാണ് (തദ്ക്കിറ)

ഈ പ്രവചനങ്ങളും മുന്നറിയിപ്പുകളും എത്രമാത്രം സ്പഷ്ടമായ നിലയിലാണ് പൂർത്തിയായിക്കൊണ്ടിരിക്കുന്നതെന്നത് ഒരു വിശദീകരണവും ആവശ്യമില്ലാതെ നമുക്കു കാണുവാൻ സാധിച്ചിരിക്കുന്നു.

ഇത്തരം ദൈവകോപങ്ങൾ പ്രത്യക്ഷമാകുന്നതിന്നു മുമ്പുതന്നെ ഒരു താക്കീതുകാരൻ ആവിർഭവിക്കുന്നതാണെന്ന ദൈവീക വാഗ്ദാനവും ഇവിടെ പൂർത്തിയായിരിക്കുന്നു. അതായത്

**വമാകുന്ന മുഅദ്ദിബീന ഹത്താ നബ്അസ റസൂലാ-**

'ഒരു താക്കീതുകാരനായ ദൂതനെ അയക്കുന്നതുവരെ നാം ലോകത്ത് ശിക്ഷ ഇറക്കുന്നതല്ല.'

എന്നാൽ ഇപ്രകാരം ഒരു താക്കീതുകാരൻ അവതരിക്കാതെ കണ്ട് ലോകത്ത് ദൈവശിക്ഷ ഇറങ്ങുകയാണെങ്കിൽ ജനങ്ങൾക്കു അതിനെക്കുറിച്ച് ആക്ഷേപിക്കുവാനുള്ള അവകാശമുണ്ട് എന്നു ഖുർആൻ തന്നെ പറയുന്നു. അതായത് (ഒരു ദൂതനെ അയക്കുന്നതിന്നു) മുമ്പായി ഏതെങ്കിലും ശിക്ഷ കൊണ്ട് നാം അവരെ നശിപ്പിച്ചിരുന്നുവെങ്കിൽ അവർക്ക് (ഇപ്രകാരം) പറയാമായിരുന്നു. ''ഞങ്ങളുടെ നാഥാ. നീ എന്തുകൊണ്ട് ഞങ്ങളിലേക്ക് ഒരു ദൂതനെ അയച്ചുതന്നില്ല. എങ്കിൽ ഞങ്ങൾ നിന്ദ്യരും അപമാനിതരും ആകുന്നതിന്നുമുമ്പായി ഞങ്ങൾ നിന്റെ ദൃഷ്ടാന്തങ്ങൾ പിന്തുടരുമായിരുന്നുവല്ലോ (20:135)

അതെ-അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് ഒരു താക്കീത്കാരനെ തക്കസമയത്ത് തന്നെ അയക്കുകയുണ്ടായി.

ഈ അടുത്തുവന്ന സുനാമീ ദുരന്തവും ഇതേ ശൃംഖലയുടെ ഒരു കണ്ണി തന്നെയാണ്.

ലോകവ്യാപകമായി മനുഷ്യൻ തിന്മയിലേക്ക് നടക്കുമ്പോൾ തക്കസമയത്ത് ദൈവത്തിൽ നിന്നും അവതീർണ്ണരായ ആത്മീയ പരിഷ്ക്കർത്താവിനെ നിഷേധിച്ചതും പാപപങ്കിലമായ ജീവിതവുമാണീ ദൈവകോപത്തിന്നു നിമിത്തമായിത്തീർന്നിരിക്കുന്നത്.

ഇത് സംബന്ധിച്ച് അല്ലാഹു അരുൾ ചെയ്യുന്നു.

'അതായത് ഇളകി മറിയുന്ന അലയടിക്കുന്ന സമുദ്രത്തെക്കൊണ്ടു സത്യം. തീർച്ചയായും നിന്റെ നാഥന്റെ ശിക്ഷ സംഭവിക്കുന്നത് തന്നെയാണ്. അതിനെ തട്ടിനീക്കുവാനും പ്രതിരോധിക്കുവാനും ആർക്കും തന്നെ സാധ്യമല്ല. ആ നാളിൽ ആകാശം ഭയങ്കരമായി ഇളകിമറിയുന്നതും പർവ്വതങ്ങൾ അതിവേഗം ചലിക്കുന്നതുമാണ്. ആ നാളിൽ സത്യനിഷേധികൾക്ക് മഹാനാശം. അനാവശ്യസംസാരങ്ങളിൽ മുഴുകി അവർ വിനോദിക്കുകയാണ്. (52:7-13). ശ്രീലങ്ക, മാലിദ്വീപ്, അന്തമാൻ, തായ്‌ലാന്റ്, ഇൻഡോനേഷ്യ എന്നിവിടങ്ങളിലെ ഉല്ലാസ, വിനോദ കേന്ദ്രങ്ങളിലാണീ ദുരന്തം വന്നുഭവിച്ചതെന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്.

സുനാമീ എന്നറിയപ്പെടുന്ന ഈ മഹാപ്രളയത്തിന്നുള്ള കാരണം പൊതുവേയുള്ള ധർമ്മച്യുതിയും പാപവുമാണ്. ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ നിർദ്ദേശമനുസരിച്ച് ആഗോളാടിസ്ഥാനത്തിൽ അഹ്മദികൾ ദുരിതബാധിതപ്രദേശങ്ങളിൽ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുകയാണ്. ഖിലാഫത്തിന്റെ കീഴിൽ ഇംഗ്ലണ്ട്, ജർമ്മനി, കനഡ എന്നീ രാജ്യങ്ങൾ ആസ്ഥാനങ്ങളായുള്ള Humanity First എന്ന സ്ഥാപനത്തിന്ന് കീഴിൽ പ്രസ്തുത ദുരന്തബാധിത പ്രദേശങ്ങളിൽ ഒരു സുശക്ത വ്യവസ്ഥിതിയുടെ അടിസ്ഥാനത്തിൽ റിലീഫ് പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ഈ കാലത്തവതീർണ്ണരായ ഒരു താക്കീതുകാരന്റെ മുന്നറിയിപ്പവഗണിച്ചത് നിമിത്തമാണല്ലോ മനുഷ്യകുലത്തിന് ഈ ദുരവസ്ഥ നേരിട്ടിരിക്കുന്നതെന്ന കാര്യത്തിൽ ഓരോ അഹ്മദിയും തുല്യദുഃഖിതരാണ്.

ദൈവം നിയോഗിച്ച യുഗപുരുഷനായ മഹ്ദീ മസീഹിന്റെ ഉപദേശങ്ങൾ സ്വീകരിച്ച് തെറ്റുകളിൽ നിന്നും പിന്മാറി ദൈവശിക്ഷയിൽ നിന്ന് കരകയറാൻ ദൈവം മനുഷ്യസമൂഹത്തെ തുണക്കട്ടെ.

■

ലേഖനം

# ഇന്ത്യൻ സ്വാതന്ത്ര്യ സമരവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ)

അബൂ സ്വബാഹ്

**ദേശീയ പ്രസ്ഥാനത്തിന്റെ പ്രക്ഷുബ്ധമായ കാലഘട്ടങ്ങളിൽ മുസ്‌ലിം സമുദായത്തിന് രാഷ്ട്രീയ ദിശാബോധം നൽകിയ യുഗപ്രഭാവനായ ആത്മീയ പുരുഷനായിരുന്ന മുസ്‌ലിഹ് മൗഊദ്**

**2005** ഓഗസ്റ്റ് 15ന് ഇന്ത്യ 58-ാം സ്വാതന്ത്ര്യദിനമാഘോഷിക്കുമ്പോൾ നാം സ്വാതന്ത്ര്യലബ്ധിയുടെ വജ്രജൂബിലിയിലേക്കടുക്കുകയാണ് . ഗതകാല ചരിത്രത്തിന്റെ ഏടുകളിൽ സ്വാതന്ത്ര്യ സമരത്തിന്റെ രോമാഞ്ച മുൾക്കൊള്ളുന്ന സംഭവങ്ങളും വർണ്ണാനാതീതമായ അരുംകൊലകളും ആവേശോജ്ജ്വലമായ പ്രഭാഷണങ്ങളും ഒക്കെ കണ്ടെത്താനാവും. 1857 ലെ ശിപായി ലഹളയെ ഒന്നാം സ്വാതന്ത്ര്യസമരമായി കണക്കാക്കുന്നവരും ഉണ്ട്. പക്ഷേ ഇന്ത്യൻ സ്വാതന്ത്ര്യം വെറും രാഷ്ട്രീയ നേതാക്കളുടെ മാത്രം സൃഷ്ടിയായിരുന്നില്ല. മറിച്ച് അതിന് പിന്നിൽ അശ്രാന്തം പരിശ്രമിച്ച വേറെയും അനേകം കരങ്ങളെ കണ്ടെത്താനാവും. അക്കൂട്ടത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫാ: മുസ്ലിഹ് മൗഊദ്, ഹ: മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ പേര് പ്രോജ്ജ്വലമായി എഴുന്ന് നിൽക്കുന്നു.

ഒരു സന്ദർഭത്തിൽ അദ്ദേഹം തനിക്കും തന്റെ ജമാഅത്തിനും ഇന്ത്യൻ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള അത്യുൽക്കടമായ ആഗ്രഹം വിവരിച്ചുകൊണ്ടു പറഞ്ഞു.

"ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ചിന്ത, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് (ഹസ്റത്ത് മിർസാ ഗുലാം അഹ്മദിന്) ഉണ്ടായിരുന്നതിന്റെ പകുതിപോലും ഗാന്ധിജിക്കും പണ്ഡിറ്റ് നെഹ്റുവിനുമുണ്ടെന്ന് ഒരു നിമിഷം പോലും സമ്മതിക്കാൻ ഞാൻ തയ്യാറല്ല. പ്രവാചകന്മാർ എപ്പോഴും ലോകത്തുനിന്ന് അടിമത്തം ഇല്ലാതാക്കാനാണ് ആഗതരാവുന്നത്. അവരുടെ ഉദ്ദേശ്യം ലോകത്തെ, ആരുടെയെങ്കിലും അടിമകളാക്കുകയല്ല, മറിച്ച് അവരുടെ ഏക ലക്ഷ്യം ലോകത്തെ മോചിപ്പിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഉം ദൈവ നിയോഗിതനായിരുന്നു. അതുകൊണ്ട്, അവിടത്തെ ഉദ്ദേശ്യവും ഇതു തന്നെയായിരുന്നു. ആയതിനാൽ, എപ്പോൾ, അടിമത്തമുണ്ടായാലും, അതിനെ നേരിടേണ്ടത് അഹ്മദിയ്യാ ജമാഅത്തിന്റെ കടമയാണ്"(അൽഫസ്ൽ 11.6. 1936)

ഈ ഉൽക്കടമായ ആഗ്രഹം, സ്വയം ഹൃദയത്തിലേറ്റുകയും അനുയായികൾക്ക് പകർന്നു നൽകുകയും ചെയ്ത ഹസ്റത്ത് മുസ്‌ലിഹ് മൗഊദ് ഓരോ സന്ദർഭത്തിലും ഇന്ത്യൻ നേതാക്കളെ ഉപദേശിച്ചുകൊണ്ടിരുന്നു. മാത്രമല്ല , ഹസ്റത്ത് ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ്, വിവിധ സമ്മേളനങ്ങളിൽ അഹ്മദിയ്യാ ഖലീഫയുടെ കണ്ണും കാതും, നാവുമായി പ്രവർത്തിച്ചു.

## ഹിന്ദു-മുസ്‌ലിം മൈത്രിയുടെ വക്താവ്

1927 ൽ രാജ്പാൽ എന്നൊരു ഹിന്ദു, നബി (സ) തിരുമേനിയെ അധിക്ഷേപിച്ചുകൊണ്ട് 'രങ്കീല റസൂൽ' എന്നൊരു പുസ്തകമെഴുതി. അയാൾക്കെതിരിൽ മുസ്‌ലിംകൾ കോടതിയെ സമീപിച്ചെങ്കിലും പഞ്ചാബ് ഹൈക്കോടതി ഗ്രന്ഥകർത്താവിനെ കുറ്റക്കാരനല്ലെന്ന് വിധിച്ചു വെറുതെ വിട്ടു. അത് രാജ്യം മുഴുവൻ കുഴപ്പങ്ങൾ തലപൊക്കാൻ ഇടയാക്കി. ഇതിനിടയിൽ 1929 ഏപ്രിൽ മാസം 'അലംദീൻ' എന്ന് പേരുള്ള ഒരു മുസ്‌ലിം യുവാവ്, പട്ടാപ്പകൽ രാജ്പാലിനെ വധിച്ചു.

ഈ സങ്കീർണാത്മകമായ അവസ്ഥയിൽ അഹ്മദിയ്യാ ഖലീഫ, ഗവർണമെന്റിനോട്, മതാചാര്യന്മാരെ ഹീന

മായി നിന്ദിക്കുന്നതിനെതിരിൽ നിയമം പാസാക്കിയെടുക്കാൻ ആവശ്യപ്പെട്ടു. അല്ലെങ്കിൽ ഇത്തരം ഉദ്യമങ്ങൾ രാജ്യത്ത് ഹിന്ദു-മുസ്‌ലിം വർഗ്ഗീയ ലഹളകൾക്ക് വഴിമരുന്നിടുമെന്ന് ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുകയും അതോടൊപ്പം തന്നെ, അദ്ദേഹം രാജ്പാലിന്റെ വധത്തെ അപലപിക്കുകയും ചെയ്തു.

മറുഭാഗത്ത് 'വർത്തമാൻ' എന്നൊരു പത്രം നബി (സ) തിരുമേനിയെ അപകീർത്തിപ്പെടുത്തിക്കൊണ്ട് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങി.

അഹ്മദിയ്യാ ഖലീഫാ (റ) തന്റെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. അവസാനം ഈ സംഗതിയുടെ ഗൗരവം മനസ്സിലാക്കിയ സർക്കാർ, ബിൽ പാസാക്കുകയും ഭരണഘടനയുടെ 15-ാം ഖണ്ഡിക 153 എ, വകുപ്പും തിരുത്താൻ തയ്യാറാവുകയും ചെയ്തു.

## ഇന്ത്യൻ സ്വാതന്ത്ര്യത്തിന് മൂന്ന് നിർദ്ദേശങ്ങൾ

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്വാതന്ത്ര്യ പോരാട്ടങ്ങളിൽ അടിസ്ഥാനപരമായി മൂന്ന് കാര്യങ്ങൾ ഉണ്ടായിരുന്നു.

1. എല്ലാ ഇന്ത്യക്കാരും യാതൊരു വിഭാഗീയതയും കൂടാതെ പരസ്പരം ഐക്യത്തിലും സമത്വത്തിലും സഹവർത്തിത്വത്തിലും കഴിയണം.

2. സമരങ്ങളിൽ അക്രമമാർഗ്ഗം ഉപേക്ഷിക്കുകയും സമാധാന മാർഗ്ഗം അവലംബിക്കുകയും ചെയ്യുക. വികാരാവേശങ്ങൾക്ക് അടിമപ്പെടാതെ, നിയമമാർഗ്ഗേണ പ്രവർത്തിക്കുക.

3. ഉച്ചനീചത്വങ്ങളും അന്യ സമൂഹത്തെ നിന്ദയോടെ കാണുന്നതും അവസാനിപ്പിക്കുക.

ഹർത്താലുകളും, ബന്ദുകളും, പണിമുടക്കുകളും സമരത്തിന്റെ ഭാഗമാകരുതെന്നും, അത് പിന്നീട് സ്വന്തം സർക്കാറിനെതിരേയും ജനങ്ങൾ അവകാശ സംരക്ഷണമെന്ന പേരിൽ കൊണ്ടാടുമെന്നും അങ്ങിനെ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അത്തരം പ്രവണതകൾ വീണ്ടും തലപൊക്കുമെന്നും അത് വിഘടനവാദവത്തിലേക്കും, രാജ്യത്തെ അസ്ഥിരമാക്കുന്നതിലേക്കും നയിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അഹ്മദിയ്യാ ഖലീഫയുടെ വാക്കുകൾ സ്വതന്ത്ര ഭാരതത്തിൽ അന്വർത്ഥമാവുകയാണുണ്ടായത്.

## ജാലിയൻ വാലാബാഗ്

'റൗളത്ത് ആക്ട്' എന്ന പേരിൽ ഗവർമെന്റ് ഒരു ബിൽ പാസാക്കുകയും മാധ്യമ രംഗത്തുപോലും കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. മാത്രമല്ല പഞ്ചാബിൽ പലേടത്തും മാർഷൽ ലായും പ്രഖ്യാപിച്ചു. ഇതിനെതിരിൽ രാജ്യം മുഴുവൻ കലാപക്കൊടി ഉയർന്നു. 1919 ഏപ്രിൽ 13ന് അമൃത് സറിലെ 'ജാലിയൻ വാലാബാഗി'ലും ആളുകൾ സമ്മേളിച്ചു. അമൃത്സറിൽ ബ്രിട്ടീഷ് സൈനിക മേധാവി ജനറൽ ഡയർ അവിടെ കൂടിയിരുന്നവർക്ക് നേരെ നിർദ്ദയം നിറയൊഴിച്ചു. നിഷ്കളങ്കരായി അനേകമാളുകൾ അവിടെ അരും കൊല ചെയ്യപ്പെട്ടു.

ദാരുണമായ ഈ സംഭവമറിഞ്ഞ അഹ്മദിയ്യാ ഖലീഫ പറഞ്ഞു: "ജാലിയൻ വാലാബാഗ്" സംഭവത്തിൽ എത്ര മാത്രം നിഷ്ഠൂരമായ പ്രവർത്തിയാണോ നടന്നത് അത് വളരെയധികം ഖേദകരമാണ്. "രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ പ്രതികരണമുണ്ടാവട്ടെയെന്നും, രാജ്യദ്രോഹം മരവിക്കട്ടെ എന്നും കരുതിയാണ് താൻ നിറയൊഴിച്ചുകൊണ്ടേയിരുന്നതെന്ന ജനറൽ ഡയറിന്റെ വാക്കുകൾ തന്നെ, അയാളെ കുറ്റവാളിയെന്ന് തെളിയിക്കാൻ ധാരാളമാണ്. കൂടുതൽ തെളിവുകളുടെ ആവശ്യമില്ല". (തർകെ മവാലത്ത് ഔർ അഹ്കാമെ ഇസ്‌ലാം പേജ് 2)

## നിസ്സഹകരണ പ്രസ്ഥാനം

നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചപ്പോഴും അഹ്മദിയ്യാ ഖലീഫ അതേക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി. മാത്രമല്ല സംഘർഷത്തിന്റെ മാർഗ്ഗം സ്വാതന്ത്ര്യ സമരത്തിന് അനുഗുണമല്ലെന്നും ഓർമ്മപ്പെടുത്തി. കൂടാതെ മൂന്ന് കാര്യങ്ങളിലേക്ക് ഇന്ത്യൻ ജനതയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് അദ്ദേഹം പ്രഭാഷണങ്ങൾ നടത്തി.

1. സ്വാതന്ത്ര്യത്തിനുശേഷം നമുക്ക് എല്ലാ കാര്യങ്ങളിലും പ്രാവീണ്യമുള്ളവരെ ആവശ്യമായി വരും.

2. ഇംഗ്ലീഷുകാർ അനുഭവ സമ്പത്തുള്ളവരാണ്. അതുകൊണ്ടു തന്നെ നമ്മുടെ നിയമങ്ങൾ അവരുടെ അനുഭവത്തിൽ നിന്നും പ്രയോജനമുൾക്കൊള്ളുന്നതാകണം.

3. മുസ്‌ലിംകളോട് പറഞ്ഞത് ഇംഗ്ലീഷുകാരെ ഭയക്കേണ്ടതില്ലെന്നും അവർ നമ്മുടെ ഇരകളാണെന്ന് മനസ്സിലാക്കി അവർക്ക് ശരിയായ ഇസ്‌ലാമിക അധ്യാപനത്തിന്റെ ചിത്രം മനസ്സിലാക്കികൊടുക്കണമെന്നുമാണ്.

1922 ൽ വില്യംസ് രാജകുമാരൻ ഇന്ത്യയിലെത്തിയപ്പോൾ അഹ്മദിയ്യാ ഖലീഫാ (റ) അദ്ദേഹത്തിന് 'വില്യംസ് രാജകുമാരനുള്ള ഉപഹാരം' എന്ന പേരിൽ ഒരു തബ്ലീഗ് ഗ്രന്ഥം എഴുതി സമർപ്പിക്കുകയുണ്ടായി. അത് അദ്ദേഹത്തിന്റെ ചിന്താഗതികളിൽ മാറ്റം വരുത്തുകയുണ്ടായി. ക്രിസ്തുമതത്തോടുള്ള നീരസം അദ്ദേഹം മറച്ചുവെച്ചതുമില്ല.

1924 ൽ ഹുസൂർ ഓക്സ്ഫോർഡ് സ്ട്രീറ്റ് ലൈൻസ് കോർണർ ഹൗസിൽ, അമുസ്‌ലിം ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മുന്നിൽ ചെയ്ത പ്രഭാഷണത്തിൽ സ്വാതന്ത്ര്യത്തിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ച് വിശദീകരിച്ചിരുന്നു.

1926 ൽ ഡാർവിൻ പ്രഭുവിന് നൽകാൻ 'ഡാർവിൻ പ്രഭുവിന് ഉപഹാരം' എന്ന പേരിൽ ഒരു ഗ്രന്ഥം എഴുതി സമർപ്പിച്ചു.

## മുസ്‌ലിംകൾ അഹ്മദിയ്യാ ഖലീഫക്കെതിരെ

സ്വാതന്ത്ര്യ സമരകാലത്ത് മുസ്‌ലിം ഉലമാക്കൾ, ബ്രിട്ടീഷുകാർക്ക് സ്തുതി

പാടുകയായിരുന്നു. എന്തിനധികം, അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ വന്ദ്യ സ്ഥാപകർ ഹ. ദിർസാ ഗുലാം അഹ്മദ് (അ), ബ്രിട്ടീഷ് സർക്കാറിന്റെ പതനത്തെക്കുറിച്ച് ഇൽഹാം പ്രസിദ്ധീകരിച്ചപ്പോൾ, ഇശാഅത്തുസ്സുന്ന യുടെ പത്രാധിപരും അഹ്‌ലെ ഹദീസ് നേതാവുമായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി, ആ മഹാത്മാവിനെ അറസ്റ്റ് ചെയ്യാൻ പോലും അഭ്യർത്ഥിച്ചതായി അദ്ദേഹത്തിന്റെ പത്രങ്ങൾ തന്നെ രേഖപ്പെടുത്തിയിരിക്കുന്നു.

ഏതായാലും അതിൽ നിന്ന് വ്യതിരിക്തമായിരുന്നില്ല അഹ്മദിയ്യാ ഖലീഫയുടെ അനുഭവവും. അഹ്‌റാറി ലീഡർ മൗലാനാ സഫറലിഖാൻ തന്റെ പത്രത്തിൽ എഴുതുന്നത് ശ്രദ്ധേയമാണ്. അദ്ദേഹം എഴുതി: "ഖാദിയാനിലെ പ്രവാചകൻ തന്റെ മരണത്തിന് മുമ്പ് ബ്രിട്ടീഷ് ഗവർമെന്റ് എട്ടുവർഷം വരെ, പിന്നീട് ദൗർബല്യത്തിന്റെയും വിള്ളലിന്റെയും ദിനങ്ങൾ" എന്ന് പ്രവചിച്ചിട്ടുള്ളത് ഒരു പക്ഷേ ഇംഗ്ലീഷുകാർക്ക് അറിയില്ലായിരിക്കാം. ആ പ്രവാചകന്റെ മകൻ, ഇപ്പോഴത്തെ ഖാദിയാന്റെ ഖലീഫ, ഇന്നേക്ക് 4 വർഷം മുമ്പ് പ്രഖ്യാപിച്ചത് ഇന്ത്യക്ക് പരിധിയില്ലാത്ത കാലത്തോളം അന്യ രാജ്യ ഭരണത്തെ സഹിക്കുവാൻ സാധ്യമല്ലെന്നും, ഇനി ഇന്ത്യ നിശബ്ദമായിരിക്കില്ലെന്നുമാണ്". (സമീന്ദാർ 30/12/1924) ബ്രിട്ടീഷുകാർക്ക് ഓശാന!

## സൈമൺ കമ്മീഷൻ

സൈമൺ കമ്മീഷൻ ഇന്ത്യയിലെത്തിയപ്പോൾ അതിനെ ബഹിഷ്കരിക്കാനുള്ള നീക്കങ്ങളിൽ നിന്ന് പിന്മാറാൻ അഹ്മദിയ്യാ ഖലീഫ ഇന്ത്യൻ നേതാക്കളെ ഉപദേശിച്ചു. മാത്രമല്ല കമ്മീഷന് മുന്നിൽ മുസ്‌ലിം സമൂഹത്തിന്റെ നന്മക്ക് വേണ്ടിയുള്ള നിർദ്ദേശങ്ങളും അദ്ദേഹം സമർപ്പിച്ചു. ഒരു ഭാഗത്ത് ഭൂരിപക്ഷ മതത്തിന്റെ അധികാര ശക്തിയിൽ ന്യൂനപക്ഷ ദ്രോഹത്തിന് ചിലർ ഇക്കാലത്ത് ശ്രമിച്ചിരുന്നു എന്നത് സ്മരണീയമാണ്. അദ്ദേഹം സമർപ്പിച്ച രേഖകളിൽ പ്രധാനമായും ഉന്നയിച്ചത് മുസ്‌ലിംകളുടെ പാരമ്പര്യവും, സംസ്കാരവും സംരക്ഷിക്കുക, മുസ്‌ലിംകൾ സ്വന്തം ഭാഷയെന്ന് കരുതുന്ന ഉർദു, സ്വാതന്ത്ര്യത്തിനുശേഷം നിലനിറുത്തുക മുസ്‌ലിംകൾക്ക് ജനസംഖ്യാനുപാതത്തിൽ സർക്കാർ ജോലി ഉറപ്പുവരുത്തുക, മുസ്‌ലിംകളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ പ്രോത്സാഹനം നൽകുക, കേന്ദ്ര പാർലമെന്റിന്റെ ഇരു സഭകളിലും 34% ശതമാനം സീറ്റുകൾ മുസ്‌ലിംകൾക്ക് നീക്കിവെയ്ക്കുക, സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ മത സ്വാതന്ത്ര്യത്തിന് സമ്പൂർണ്ണ സ്വാതന്ത്ര്യമുണ്ടായിരിക്കുക എന്നിവയായിരുന്നു.

മാത്രമല്ല, ഇന്ത്യൻ ജനതയുടെ പ്രാതിനിധ്യ ഭരണത്തിൽ നിന്ന് ഒരു കാരണവശാലും കമ്മീഷൻ വ്യതിചലിക്കരുതെന്നും, അത് സർക്കാർ ഉറപ്പുവരുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## മൗലാനാ മുഹമ്മദലി ജൗഹർ എഴുതുന്നു:

"വിശ്വാസത്തിൽ ഭിന്നതയുണ്ടായിരുന്നിട്ടും, ജനാബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദും, അദ്ദേഹത്തിന്റെ വ്യവസ്ഥാപിത ജമാഅത്തും മുസ്‌ലിംകളുടെ അഭിവൃദ്ധിക്ക് വേണ്ടി തങ്ങളുടെ മുഴുവൻ ശ്രദ്ധയും അർപ്പണം ചെയ്തിരുന്നുവെന്ന കാര്യം ഈ വരികളിൽ എഴുതാതിരിക്കുന്നത് നന്ദികേടായിരിക്കും.... ഇസ്‌ലാമിലെ ഈ വ്യവസ്ഥാപിതമായ ജമാഅത്തിന്റെ പ്രവർത്തന ശൈലി, മുസ്‌ലിം ജനസാമാന്യത്തിന് പൊതുവിലും ബിസ്മില്ലാഹിന്റെ മകുടങ്ങളിൽ ഇരുന്ന് ഇസ്‌ലാമിക സേവനത്തിന്റെ നിരർത്ഥകമായ ബഹളം കൂട്ടുന്ന ആളുകൾക്ക് പ്രത്യേകിച്ചും മാർഗ്ഗദീപവുമാണെന്ന് തെളിയിക്കപ്പെടുന്ന സമയം വിദൂരമല്ല." (ഹംദർദ് 24.9.1927 ഡൽഹി).

## വട്ടമേശ സമ്മേളനങ്ങൾ

സ്വാതന്ത്ര്യത്തിന് പ്രതീക്ഷകൾ നൽകി ഇംഗ്ലീഷ്കാർ വിളിച്ചുകൂട്ടിയ വട്ടമേശ സമ്മേളനങ്ങളിൽ ചൗധരി സഫറുല്ലാഹ് ഖാൻ സാഹിബ് പങ്കെടുക്കുകയും, അഹ്മദിയ്യാ ഖലീഫയുടെ ശബ്ദം പ്രതിഫലിപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യസമര സേനാനിയായിരുന്ന സർ ശ്രീനിവാസ് ശാസ്ത്രി അഹ്മദിയ്യാ ജമാഅത്തിലെ അംഗവും അവിഭക്ത ഇന്ത്യയിലെ ഏറ്റവും സമുന്നതനായ ഉദ്യോഗസ്ഥ പ്രമുഖനും അതേസമയം രാഷ്ട്രീയ വൃത്തങ്ങളിൽ പ്രഗത്ഭനുമായിരുന്ന സർസഫറുല്ലാഹ്ഖാൻ സാഹിബിനോട് പറഞ്ഞത് ഇപ്രകാരമായിരുന്നു.

Will you forgive me if I were to say howmuch I appreciate your valuable contribution to our discussion.

## ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക്

നിർണായകരംഗങ്ങളിൽ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ഊർജം പകർന്ന അഹ്മദിയ്യാ ഖലീഫ ഹ. മുസ്‌ലിഹ് മൗഊദ്(റ), ഇന്ത്യയിലെത്തിയ വിവിധ ബ്രിട്ടീഷ് കമ്മീഷനുകൾക്ക് മുന്നിലും സ്വാതന്ത്ര്യത്തെ സംബന്ധിച്ചും ഭരണഘടനാപരിഷ്കാരങ്ങളെ സംബന്ധിച്ചുമുള്ള വിവിധ നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. 1945 ജൂൺ 22-ന് ഇന്ത്യൻ സ്വാതന്ത്ര്യത്തെക്കുറിച്ച് അഹ്മദിയ്യാ ഖലീഫാ ചെയ്ത ഖുത്ബ ഉന്നതരായ രാഷ്ട്രീയ നേതാക്കൾക്കിടയിൽ വിതരണം ചെയ്തു. വേവൽ പ്രഭു സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി സിംലയിൽ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടിയിരുന്നു. യോഗത്തിന് മുൻപ് തന്നെ എല്ലാ നേതാക്കൾക്കും ഖുത്ബ എത്തിച്ചു. ഖുത്ബ വായിച്ച മൗലാനാ അബ്ദുൽ കലാം ആസാദ് പറഞ്ഞത്, ഞാൻ ഇത് മുഴുവൻ സശ്രദ്ധം വായിച്ചുവെന്നും അഹ്മദിയ്യാ ഖലീഫയുമായി കൂടിക്കാഴ്ച ആഗ്രഹിക്കുന്നുവെന്നുമാണ്.

മറ്റൊന്ന് ജനുവരി മാസത്തിൽ ഖലീഫ ചെയ്ത പ്രഭാഷണത്തിൽ, ഇന്ത്യയുമായി രഞ്ജിപ്പിലെത്തുന്ന

താണ് ബ്രിട്ടന് നല്ലതെന്നു താക്കീതു ചെയ്തിരുന്നു. പിന്നീട് വേവൽ പ്രഭു ബ്രിട്ടീഷ് ഗവൺമെൻറിന് സമർപ്പിച്ച സ്കീമിലും ഇതേ വാക്കുകൾ മറ്റൊരുവിധത്തിൽ ആവർത്തിക്കുക തന്നെയാണ് ചെയ്തത് എന്നത് യാദൃശ്ചികമാണെന്ന് പറഞ്ഞാൽ തന്നെയും അതിന് പിന്നിൽ ദൈവിക കരങ്ങൾ തന്നെയാണ് ദർശിക്കാൻ കഴിയുക.

അതേ, പ്രവചനത്തിൽ പറഞ്ഞതുപോലെതന്നെ, ബന്ധനസ്ഥരുടെ മോചനത്തിന് ആ മഹാത്മൻ ചെയ്തിട്ടുള്ള ത്യാഗങ്ങൾ വരുംകാലം തീർച്ചയായും പൊന്നക്ഷരങ്ങളിൽ ആലേഖനം ചെയ്യുക തന്നെ ചെയ്യും. (ഫെബ്രുവരി 20 മുസ്‌ലിഹ് മൗഊദ് ദിനം)


**അവ:ഗ്രന്ഥങ്ങൾ**

1. ആസാദിയെ ഹിന്ദ് ഔർ ജമാഅത്ത് അഹ്മദിയ്യാ.
2. സോവനീർ 89 കറാച്ചി ജമാഅത്ത്
3. ഹിന്ദുസ്ഥാൻ കാ മൗജൂദ സിയാസി മസ്അല കാ ഹൽ
4. പാക്ക് ധവള പത്രത്തിന് മറുപടി.
5. റിവ്യൂ ഓഫ് റിലിജിയൻസ് 1920 (ഉർദു)


*(11 -ാം പേജിൽ നിന്ന് തുടർച്ച)*

ദ്ദേശ്യം നിശ്ചയിക്കുവാൻ മനുഷ്യന് അധികാരമില്ല. എന്തെന്നാൽ അവൻ ഈ ലോകത്ത് സ്വേച്ഛാനുരോധേന വരുകയോ സ്വമേധയാ ഇവിടെ നിന്നു തിരിച്ചുപോവുകയോ ചെയ്യുന്നില്ല. അവൻ ഒരു സൃഷ്ടി മാത്രമാണ്. അവനെ നാസ്തികമായ അവസ്ഥയിൽ നിന്നു ഉത്ഭവിപ്പിക്കുകയും അവനു ഇതരജീവികളെ അപേക്ഷിച്ചു പാവനവും ഉൽകൃഷ്ടവുമായ ശക്തികളും ബോധങ്ങളും പ്രദാനം ചെയ്യുകയും ചെയ്തിരിക്കുന്ന സ്രഷ്ടാവ് തന്നെ അവന്റെ ജീവിതത്തിനു ഒരുദ്ദേശ്യവും കല്പിച്ചിട്ടുണ്ട്. ഈ സംഗതി അവൻ മനസ്സിലാക്കിയാലും ഇല്ലെങ്കിലും അവന്റെ ജീവിതോദ്ദേശ്യം യഥാർത്ഥത്തിൽ ദൈവത്തെ അറിയുകയും അവനിൽ ലയിക്കുകയുമാണെന്നത് നിസ്സന്ദേഹമാണ്.... മനുഷ്യന്റെ ബാഹ്യവും ആഭ്യന്തരവുമായ ശക്തികൾ പരിശോധിക്കുന്നതായാൽ അവയുടെയെല്ലാം പരമപ്രയോജനം ദൈവത്തെ അറിയുകയും ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുകയാണെന്ന് ബോദ്ധ്യമാകുന്നതാണ്. അതിനാലത്രെ മനുഷ്യൻ ഐഹികജീവിതത്തിൽ വിവിധങ്ങളായ വ്യാപാരങ്ങളിലും പരിശ്രമങ്ങളിലും ഏർപ്പെടുകയും എന്തെല്ലാം സുഖസൗകര്യങ്ങൾ ലഭിക്കുകയും ചെയ്താലും, ദൈവത്തിലല്ലാതെ മറ്റൊന്നിലും അവന് ആ യഥാർത്ഥസുഖം അനുഭവപ്പെടാതിരിക്കുന്നത്.... ഉണ്ണുക, ഉറങ്ങുക തുടങ്ങിയ ശാരീരികധർമ്മങ്ങളിൽ മനുഷ്യൻ ഇതര ജീവികൾക്ക് തുല്യൻ മാത്രമാണ്. എന്നാൽ ചില ജീവികൾ കരകൗശലത്തിൽ അവനെ അതിശയിക്കുന്നുണ്ട്. അല്പപ്രാണിയായ തേനീച്ച പലതരം പൂക്കളിൽ നിന്നു സത്തെടുത്ത് വിശിഷ്ടമായ തേനുണ്ടാക്കുന്നു. എന്നാൽ ബുദ്ധിജീവിയായ മനുഷ്യൻ നാളിതുവരെ ഈ വ്യവസായത്തിൽ വിജയിച്ചിട്ടില്ല. ഇങ്ങനെ മനുഷ്യന്റെ പൂർണ്ണത ഈ ദൃശ്യവിഷയങ്ങളിലൊന്നുമല്ലെന്നും ദൈവൈക്യപ്രാപ്തിയിൽ മാത്രമാണെന്നും കാണാം. അതിനാൽ മനുഷ്യന്റെ ഹൃദയകവാടം ദൈവത്തിന് നേരെ തുറന്നിടുക എന്നതാണ് അവന്റെ ജീവിതത്തിന്റെ യഥാർത്ഥോദ്ദേശ്യം" (ഇസ്‌ലാംമത തത്വജ്ഞാനം).

## മലക്കുകളുടെ സാഷ്ടാംഗപ്രണാമം

സൃഷ്ടിയുദ്ദേശ്യം അന്വർത്ഥമാക്കിയവർക്കുവേണ്ടി, ദൈവികമായ അനേകം വരദാനങ്ങളെക്കുറിച്ച് സുവാർത്ത നൽകപ്പെട്ടിരിക്കുന്നു. ദൈവസമക്ഷം ആദരവും അംഗീകാരവും അവർക്കു ലഭ്യമാകുന്നു. ദൈവികമാലാഖമാർ അവരുടെ സഹായത്തിന്നായി നിയമിക്കപ്പെടുന്നതാണെന്ന് നബി വചനങ്ങളിൽ സുവിദിതമാകുന്നുണ്ട്. മലക്കുകളോട്, ഹസ്റത്ത് ആദമിന് സുജൂദ് ചെയ്യാൻ കല്പിക്കപ്പെട്ടതിന്റെ താല്പര്യം, സാഷ്ടാംഗ പ്രണാമം കണക്കെ വിനയാന്വിതരായി ആദമിന്റെ സേവനത്തിൽ മുഴുകണമെന്നതാണ്. അങ്ങനെ മലക്കുകളെല്ലാം, ഉൽകൃഷ്ടതയിലെത്തിയ ആ മഹാത്മാവിന്റെ ഇംഗിതം നിറവേറ്റുന്നവരായിത്തീർന്നു. ഇബ്‌ലീസ് അതിന് തയ്യാറായില്ല. തന്നിമിത്തം അവൻ ശപ്തനായി തള്ളപ്പെടുകയും ചെയ്തു. ഈ ദൈവികകല്പന ആ കാലത്തേക്ക് മാത്രം പരിമിതമായ നിർദ്ദേശമായിരുന്നില്ലെന്ന് വാഗ്ദത്ത മസീഹ് (അ) വിവരിച്ചു തരുന്നു. മറിച്ചു ദൈവത്തിൽ ആത്മൈക്യം പ്രാപിച്ച ഏതൊരു മനുഷ്യന്റെയും സേവനത്തിനും സഹായത്തിനും മാലാഖമാർ വന്നെത്തണമെന്നുള്ളതാണ് ദൈവിക തീരുമാനം. തന്റെ പ്രീതദാസരെ സംബന്ധിച്ച് ദൈവം നടപ്പിൽ വരുത്തിയ ശാശ്വത നിയമത്തിന്റെ ഭാഗമാണിത്. ഉൽകൃഷ്ടതകളുടെ പരിപൂർണ്ണദശയിലെത്തിയ മനുഷ്യനെക്കാൾ മഹാത്മ്യമുള്ളവരല്ല മലക്കുകളെന്നാണ് സുജൂദ് എന്ന പദം പ്രയുക്തമാക്കിക്കൊണ്ട് ദൈവം മനസ്സിലാക്കിത്തന്നിരിക്കുന്നത്. പ്രത്യുത സമ്പൂർണ്ണതയുടെ പരമകാഷ്ഠയിലെത്തിയ മനുഷ്യന് വേണ്ടി ബഹുമാനാദരവുകളുടെ സാഷ്ടാംഗപ്രണാമം ചെയ്യുവാൻ മാലാഖമാർ വിധിക്കപ്പെട്ടിരിക്കുന്നു. സർവ്വശക്തനായ ദൈവം മനുഷ്യന് നിർണ്ണയിച്ചിരിക്കുന്ന പരമോന്നതസ്ഥാനത്തിന്റെ മഹത്വം ഇതിലൂടെ ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ■

## നിരാശരാകരുത്

സ്വന്തം ആത്മാക്കളോട് അത്യാചാരങ്ങൾ നടത്തിയിട്ടുള്ള അല്ലയോ എന്റെ ദാസരെ, അല്ലാഹുവിന്റെ കാരുണ്യത്തെ തൊട്ട് നിങ്ങൾ നിരാശരാകരുത്. നിശ്ചയമായും അല്ലാഹു പാപങ്ങളെല്ലാം പൊറുത്തു കൊടുക്കുന്നു.

(39:154, 55)

# ഇസ്‌ലാമിന്റെ ഔദാര്യവും തീവ്രവാദികളുടെ കാർക്കശ്യവും

അഷ്‌റഫ് എം.എ. സ്കോട്ട്‌ലാന്റ്

**ഓർഗനൈസേഷൻ ഫോർ ഇസ്‌ലാമിക് കൺട്രീസിൽ (OIC) അവതരിപ്പിച്ച പ്രബന്ധം തുടരുന്നു.**

പ്രഖ്യാപനത്തോടെ നടത്തുന്ന യുദ്ധങ്ങളിൽ മാത്രമെ ആളുകളെ യുദ്ധത്തടവുകാരായി പിടിക്കാൻ പാടുള്ളൂ. വിശുദ്ധ ഖുർആൻ ഇക്കാര്യം പ്രത്യേകം എടുത്തു പറയുന്നു:

(യുദ്ധം ചെയ്ത്) നാട്ടിൽ (ശത്രുക്കളെ) കീഴടക്കുന്നത് വരെ ഒരു നബിക്കും ബന്ധനസ്ഥരുണ്ടായിരിക്കുകയെന്നത് ചേർന്നതല്ല. നിങ്ങൾ ഐഹികവിഭവങ്ങളെ ഉദ്ദേശിക്കുന്നു. അല്ലാഹുവാകട്ടെ നിങ്ങൾക്ക് പരലോകമാണ് ഉദ്ദേശിക്കുന്നത്. അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാണ് (8:68).

ഈ വചനം അടിമത്വ വ്യവസ്ഥയെ നിരുത്സാഹപ്പെടുത്തുന്നു. യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കാത്ത ആളുകളെ യുദ്ധത്തടവുകാരായി പിടിക്കുന്നത് നിരോധിക്കുകയും ആളുകളെ ബന്ദികളാക്കിപ്പിടിക്കുന്നതും തട്ടിക്കൊണ്ടുപോകുന്നതും തടയുകയും ചെയ്യുന്നു.

റസൂൽ തിരുമേനി(സ)യുടെ വിടവാങ്ങൽ പ്രസംഗത്തിൽ യുദ്ധത്തടവുകാരോടുള്ള പെരുമാറ്റത്തെപറ്റി പ്രത്യേകം നിഷ്കർഷിക്കുകയുണ്ടായി. റസൂൽ തിരുമേനി(സ) പറഞ്ഞു.

'അല്ലയോ മനുഷ്യരെ നിങ്ങളുടെ ഉടമസ്ഥതയിൽ ഇപ്പോഴും ചില യുദ്ധത്തടവുകാരുണ്ട്. ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങൾ ഏതൊരു പ്രകാരമാണോ ഭക്ഷിക്കുകുയം, വസ്ത്രം ധരിക്കുകയും ചെയ്യുന്നത്. അതേപ്രകാരം തന്നെ അവർക്ക് ഭക്ഷണം നൽകുകയും വസ്ത്രം ധരിപ്പിക്കുകയും ചെയ്യുക. അവർക്ക് ബുദ്ധിമുട്ടും വേദനയും ഉണ്ടാക്കുന്നത് ഒരിക്കലും പൊറുപ്പിക്കപ്പെടുകയില്ല.'

അബൂദാവൂദ് നിവേദനം ചെയ്ത ഒരു ഹദീസും ഇതോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്. അതായത് തടവുകാരെ പീഡിപ്പിക്കുകയോ അവരെ അപമാനിക്കുകയോ ചെയ്യരുതെന്ന് മാത്രമല്ല ജനീവാകരാർ അനുശാസിക്കുന്നതിനേക്കാൾ ഉന്നതമായ രീതിയിൽ തടവുകാരോട് പെരുമാറണമെന്നുമാണ് ഈ ഹദീസ്സ് അനുശാസിക്കുന്നത്. എന്നിട്ടും തീവ്രവാദികൾ (ചിലപ്പോൾ മുസ്‌ലിം ഭരണകൂടങ്ങളും) തട്ടിക്കൊണ്ടുപോകൽ, പീഢനം, അപമാനിക്കൽ, തടവുകാരെ കൊല്ലൽ മുതലായ ഹീനകൃത്യങ്ങളിൽ ഏർപ്പെടുന്നു. അത് മാത്രമല്ല വികൃതമാക്കിയ മൃതദേഹങ്ങളുമായി അവർ തെരുവുകളിലൂടെ പ്രകടനം നടത്തുകയും ചെയ്യുന്നു. അവർ മാന്യതയുടെ നിയമങ്ങൾ മാത്രമല്ല ലംഘിക്കുന്നത് അവരുടെ പ്രവാചകനെ നിഷേധിക്കുക കൂടിയാണ് ചെയ്യുന്നത്. 'പ്രവാചകൻ ശത്രുക്കളുടെ മൃതദേഹങ്ങൾ വികൃതമാക്കുന്നതിൽ നിന്നും നമ്മെ തടഞ്ഞിരിക്കുന്നു' (ബുഖാരി). എന്നാൽ ഈ തീവ്രവാദികളാകട്ടെ മുസ്‌ലിംകളെ ഒന്നടങ്കം അധിക്ഷേപിച്ചുകൊണ്ടുള്ള പാശ്ചാത്യരുടെ ഹീനവിമർശനങ്ങൾ ക്ഷണിച്ചു വരുത്തുകയും ചെയ്യുന്നു.

യുദ്ധം ചെയ്യുമ്പോഴും അത് മുന്നോട്ടുകൊണ്ടുപോകുമ്പോഴും ഇസ്‌ലാം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു. യുദ്ധസംബന്ധമായ ഈ വിധിവിലക്കുകൾ അവഗണിക്കുക എന്നത് ഇസ്‌ലാമിക തീവ്രവാദികളുടെ ഭാഗത്ത് നിന്നുള്ള ഒരു ക്ഷമാപണമായി കണക്കാക്കിക്കൂടാ. തീവ്രവാദികൾ ഇസ്‌ലാമിക ശരീഅത്തിനെ തങ്ങൾക്കനുക്കൂലമായി വളച്ചൊടിക്കുകയോ ശരീഅത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ്? അതിന്നുള്ള ഉത്തരം മതത്തിലല്ല. ഏത് മാർഗ്ഗമുപയോഗിച്ചും യുദ്ധം ജയിക്കാ

മെന്ന ഭൗതികവാദികളുടെ തത്ത്വശാസ്ത്രത്തിലാണ് അതിന്റെ ഉത്തരമുള്ളത്. കാൾ വോൺ ക്ലോസ് വിറ്റ്സ് (1780–1831) എന്ന് പേരുള്ള പ്രഷ്യൻ യുദ്ധതന്ത്രജ്ഞൻ യുദ്ധത്തെ നിർവ്വജിച്ചത് ഇപ്രകാരമാണ് അതായത് 'നമ്മുടെ ഇച്ഛ പൂർത്തിയാക്കാൻ വേണ്ടി നമ്മുടെ ശത്രുവിനുമേൽ അടിച്ചേൽപ്പിക്കുന്ന ഭീകരതയാണ് യുദ്ധം' (27) വിജയം ലക്ഷ്യമാക്കിക്കൊണ്ട് എത് വിധത്തിലുള്ള ഭീകരതയും അഴിച്ചുവിടാമെന്നാണ് വോൺ ക്ലോസ് വിറ്റ്സ് പറയുന്നത്. യുദ്ധത്തിന്റെ തത്ത്വശാസ്ത്രത്തെ പരിചയപ്പെടുത്തുമ്പോൾ മിതത്വം എന്നത് അസംബന്ധമായി വരും (28) ഈ തത്ത്വശാസ്ത്രമാണ് ഇരുപതാം നൂറ്റാണ്ടിലെ മുഴുവൻ യുദ്ധങ്ങളേയും സ്വാധീനിച്ചത്. ഒരു രാജ്യത്തെ പൗരന്മാരും ഉല്പാദനോപകരണങ്ങളുമെല്ലാം അവിടുത്തെ യുദ്ധം ചെയ്യുന്ന സൈന്യത്തെപ്പോലുള്ള സൈനിക ലക്ഷ്യമാണെന്ന് അവർ കരുതുന്നു. നിരന്തരമായ ഭീകരതയും ആക്രമണവുമാണ് യുദ്ധത്തിലെ വിജയോപാധികളെന്ന് സൈദ്ധാന്തികവും പ്രായോഗികവുമായ തെളിവുകൾ സൂചിപ്പിക്കുമ്പോൾ വിജയത്തിലെ ഉന്മാദലഹരി തലക്ക് പിടിച്ചവർക്ക് മതപരമായ മിതത്വം ഒരു ബുദ്ധിമുട്ടായി അനുഭവപ്പെടുന്നു. ഉദാഹരണത്തിന് അൽഖായിദ ഈ പാശ്ചാത്യയുദ്ധനീതിയെയും സിദ്ധാന്തത്തെക്കുറിച്ചും വളരെ ബോധവാന്മാരാണ്. പാശ്ചാത്യനാടുകളേക്കാൾ നന്നായി ആധുനിക യുദ്ധമുറ അറിഞ്ഞവരാണ് ഞങ്ങളെന്ന് അമേരിക്കയുടെ മിലിറ്ററി മാന്വലിനെ ഉദ്ധരിച്ചുകൊണ്ട് അൽഖായിദാ നേതാക്കന്മാർ അഭിമാനത്തോടെ പറയാറുണ്ട്. തോമസ് ജെ ബുത്കോ പറയുന്നു: 'ആ പ്രസ്ഥാനങ്ങൾ രാഷ്ട്രീയ ഇസ്‌ലാമിന്റെ (പൊളിറ്റിക്കൽ ഇസ്‌ലാം) തത്ത്വത്തെയാണ് ഉപയോഗിക്കുന്നത്. പൊളിറ്റിക്കൽ ഇസ്‌ലാമിന്റെ വക്താക്കൾ വിശ്വാസത്തേയും തത്ത്വങ്ങളേയും അടിസ്ഥാനമാക്കിയുള്ള ഒരു മതഗ്രൂപ്പല്ല. മറിച്ച് അക്രമിക്കുകയും വിമർശിക്കുകയും ഭരണവർഗ്ഗത്തിന്റേയും അധികാരഘടനയുടെയും സാധുതയെ ചോദ്യം ചെയ്യുന്നതുമായ ഒരു വിപ്ലവശക്തിയായി ഇസ്‌ലാമിനെ ഉപയോഗിക്കുന്നവരാണ്. അവരുടെ നിയമസാധുത്വവും ആധികാരികതയും ഈ വിഷയങ്ങളിലാണ് ഊന്നിനിൽക്കുന്നത് (29).

ശക്തി പ്രയോഗിക്കുന്നത് സംബന്ധിച്ച വിധിവിലക്കുകളെ പറ്റി പഠിക്കുമ്പോൾ ഇസ്‌ലാമിൽ രാഷ്ട്രീയലക്ഷ്യം വെച്ചുകൊണ്ടുള്ള സ്ഥാപനങ്ങളും, മതപരമായ സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ സാധിക്കും. രാഷ്ട്രീയമായും സൈനികമായും ജിഹാദ് നടത്തുമ്പോൾ യഥാർത്ഥ മുസ്‌ലിംങ്ങൾ പാലിച്ച നിരവധി നിരോധനങ്ങൾ ഇസ്‌ലാമിക ചരിത്രത്തിൽ കാണാം. എന്നാൽ സമകാലീന ലോകത്തെ ജിഹാദ് രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി അവർക്ക് ആകാവുന്നയത്ര ഭീകരത കൈകൊണ്ട് നിരന്തരം പരന്നു വികസിക്കുകയാണ്.

## ഇസ്‌ലാമും മനുഷ്യാവകാശവും

മനുഷ്യാവകാശം നിരവധി അടിസ്ഥാന തത്ത്വങ്ങളും അവകാശങ്ങളിലും അധിഷ്ഠിതമാണ്. ഒന്നാമതായി എല്ലാ വ്യക്തികൾക്കും ചില മൗലികമായ അവകാശങ്ങളുണ്ട്. അതായത് അഭിപ്രായ പ്രകടന അവകാശം, സംഘടിക്കാനുള്ള അവകാശം മുതലായവ. രണ്ടാമതായി പൗരന്മാർക്ക് അധികാരത്തിന്റെ ദുരുപയോഗത്തിൽ നിന്നുള്ള സംരക്ഷണം. മൂന്നാമതായി പൊതുജനാഭിപ്രായരൂപീകരണത്തിൽ വ്യക്തികളെ കൂടുതൽ പങ്കെടുപ്പിക്കൽ. അവസാനമായി രാഷ്ട്രവും അധികാരസ്ഥരും കണക്ക് ബോധിപ്പിക്കേണ്ടവരാണ് എന്ന സ്ഥിതി (ഏക്കൗണ്ടബിലിറ്റി)യുണ്ടായിരിക്കൽ.

മനുഷ്യാവകാശത്തിന് ആരോഗ്യകരമായ ആദരവ് ലഭിക്കേണമെങ്കിൽ ശക്തമായ പൊതുസ്ഥാപനങ്ങളും വൈയക്തികമായ ധാർമ്മിക നിലപാടുകളും ആവശ്യമുണ്ട്. കാര്യനിർവ്വഹണത്തിലൂടെയും, ഭരണസംവിധാനത്തിലൂടെയും, നിയമനിർമ്മാണത്തിലൂടെയും, കോടതി നടപടികളിലൂടെയും സ്ഥാപനങ്ങൾ മനുഷ്യാവകാശങ്ങളെ സംരക്ഷിക്കേണ്ടതുണ്ട്. അതേസമയം വ്യക്തിപരമായും സാമൂഹികപരമായും മറ്റുള്ളവരുടെ അവകാശസംരക്ഷണത്തെക്കുറിച്ച് സമൂഹത്തിന് ആത്മീയമായും ധാർമ്മികമായും പ്രതിബദ്ധതയുണ്ടായിരിക്കണം. അതുകൊണ്ട് മനുഷ്യാവകാശത്തെ ഒരു രാഷ്ട്രത്തിന്റെ രാഷ്ട്രീയവും ധാർമ്മികവുമായ മൂല്യങ്ങളിൽ നിന്നും വേർപെടുത്തിക്കൊണ്ട് മനുഷ്യാവകാശത്തെ കാണാൻ സാധ്യമല്ല. ഇത് സംബന്ധിച്ചുള്ള മുസ്‌ലിം ലോകത്തിന്റെ നിലപാടുകൾ ആപത്കരമാണ്. സാമ്പത്തിക അവസരസമത്വമില്ലായ്മ, സാമൂഹിക നീതിയുടെ അഭാവം, സ്വതന്ത്രമായ രാഷ്ട്രീയ അഭിപ്രായപ്രകടനത്തിന് അവസരമില്ലായ്മ, അന്തർദേശീയ വേദികളിൽ വെച്ചുള്ള നിരന്തരമായ ഭർത്സനങ്ങൾ എന്നിവ മുസ്‌ലിം സമൂഹങ്ങൾക്കുള്ളിൽ തന്നെ അസംതൃപ്തിയുണ്ടാക്കുന്നു. അറബ് ബുദ്ധിജീവികൾ തയ്യാറാക്കിയ 2002–ലെ അറബ് മനുഷ്യ വികസന റിപ്പോർട്ട് (30), (The Arab human Development Report - 2002) അറബ് ലോകത്തെ സ്വാതന്ത്ര്യത്തിന്റെ അഭാവം തുറന്നുകാട്ടുന്ന 'മനുഷ്യവികസനത്തെ തകിടം മറിക്കുന്ന ഈ അവസ്ഥ രാഷ്ട്രീയമായ വികസനത്തിന്റെ പിന്നാക്കാവസ്ഥയെ വേദനാജനകാംവിധം പ്രകടിപ്പിക്കുന്നു.'(31) എന്ന് പ്രസ്തുത റിപ്പോർട്ട് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

## മനുഷ്യാവകാശ സങ്കല്പത്തിലെ യൂറോപ്യൻ വേരുകൾ

യൂറോപ്യൻ നവോത്ഥാന കാലഘട്ടത്തിലാണ് മനുഷ്യാവകാശത്തെ സംബന്ധിച്ച സങ്കല്പം ഉരുത്തിരിഞ്ഞതെന്നും അത് യൂറോപ്പിലെ വെള്ളക്കാർക്ക് വേണ്ടിയുള്ളതാണെന്നും ഇസ്‌ലാമിസ്റ്റുകൾ വാദിക്കുന്നു. മനുഷ്യാവകാശത്തെ സംബന്ധിച്ച

പാശ്ചാത്യ സങ്കല്പങ്ങൾ ഏകപക്ഷീയമാണെന്നും പാശ്ചാത്യരാജ്യങ്ങളുടെ കീഴിലുണ്ടായ കോളോണിയൽ കാലഘട്ടം ഇതിനൊരുദാഹരണമാണെന്നും അവർ ചൂണ്ടിക്കാട്ടുന്നു. മനുഷ്യാവകാശ പ്രഖ്യാപനം ഈയടുത്തകാലത്തെ ഒരു സംഭവമാണ്. ഈ പ്രഖ്യാപനം സാർവദേശീയമായി നടപ്പിലാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പല വിധത്തിലും പടിഞ്ഞാറൻ രാജ്യങ്ങൾ ഇക്കാര്യത്തിൽ ഇരട്ടത്താപ്പ് കാട്ടുന്നു. ഒന്നാമതായി കൊളോണിയൽ കാലഘട്ടത്തിന് ശേഷം നിലവിൽ വന്ന ഗവൺമെന്റുകൾ ഇപ്പോഴും സാമ്രാജ്യത്വശക്തികളുടെ ഏജന്റുമാരും കങ്കാണികളുമായി വർത്തിക്കുന്നവരാണ്. മനുഷ്യാവകാശങ്ങളെ ചവിട്ടിമെതിക്കുന്ന അത്തരം ഗവൺമെന്റുകളുടെ ചെയ്തികളെ പാശ്ചാത്യനാട്ടുകാർ പിന്തുണക്കുന്നു. രണ്ടാമതായി നിരപരാധികളായ ജനങ്ങളെ ദ്രോഹിക്കുന്ന ഗവൺമെന്റുകൾക്കെതിരെ ഐക്യരാഷ്ട്രസഭയിലൂടെയും ഐ.എം.എഫിലൂടെയും രാഷ്ട്രീയസമ്മർദ്ദം ചെലുത്താൻ പടിഞ്ഞാറൻ നാടുകൾക്ക് സാധ്യമാവും. മൂന്നാമതായി പാശ്ചാത്യ നാടുകളാണ് മാധ്യമങ്ങളിൽ പ്രാബല്യത്തോടെ മുന്നിട്ടുനിൽക്കുന്നത്. അതുകൊണ്ട് മുസ്‌ലിം രാജ്യങ്ങളിൽ അവരുടെ സാംസ്കാരിക മേൽക്കോയ്മയുടെ പ്രാബല്യം ഉണ്ടാവുന്നു. മനുഷ്യാവകാശ സംബന്ധമായി മുസ്‌ലിംകൾക്കെതിരെയുള്ള പാശ്ചാത്യരുടെ വിമർശനങ്ങളെ നേരിടാൻ ഈ വാദങ്ങളെല്ലാം ഉന്നയിക്കാമെങ്കിലും മനുഷ്യാവകാശങ്ങൾ ശ്രദ്ധയോടെ നടപ്പാക്കുന്നതിലുള്ള മുസ്‌ലിം ഭരണകൂടങ്ങളുടെ പരാജയങ്ങൾക്ക് മുമ്പിൽ ഇതൊന്നും ന്യായമായ ഒഴിവുകഴുകളല്ല.

മുസ്‌ലിംങ്ങളെ സംബന്ധിക്കുന്ന മറ്റൊരു പ്രശ്നം മനുഷ്യാവകാശസംവാദങ്ങളും, നിയമനിർമ്മാണങ്ങളും പാശ്ചാത്യരാണ് നയിക്കുന്നത് എന്നതാണ്. അതിലെ ചില വിശദാംശങ്ങൾ ഇസ്‌ലാമിക അദ്ധ്യാപനങ്ങളുമായി വിയോജിപ്പുള്ളതാണ്. ഈ വിയോജിപ്പുകൾ സ്ത്രീകൾക്ക് ഇസ്‌ലാമിലുള്ള സ്ഥാനത്തെ സംബന്ധിച്ചുള്ളതും ഇസ്‌ലാമിക ശിക്ഷാനിയമത്തെ സംബന്ധിച്ചതുമാണ്. അന്താരാഷ്ട്രാ മനുഷ്യാവകാശ പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമിക അദ്ധ്യാപനങ്ങളെ പുനർനിർവ്വചിക്കണമെന്ന് പാശ്ചാത്യരായ മനുഷ്യാവകാശ പ്രവർത്തകർ ആവശ്യപ്പെടുന്നു. ഇത് പൊതുവായുള്ള ചില സംഘട്ടനത്തിലേക്ക് നയിക്കുന്നു. പാശ്ചാത്യർ മനുഷ്യാവകാശ പ്രഖ്യാപനത്തോടു പ്രതിബദ്ധത പുലർത്തുന്നവരാണെന്നാണ് വെപ്പ്. മുസ്‌ലിംകൾക്കാകട്ടെ വേദഗ്രന്ഥം പരമപ്രധാനവുമാണ്. അതുകൊണ്ട് അനുരഞ്ജനത്തിനുള്ള അവസരം വളരെ കുറവാണ്. ഇസ്‌ലാമിക നിയമവും അന്താരാഷ്ട്ര മനുഷ്യാവകാശപ്രഖ്യാപനവും തമ്മിലുള്ള ഈ സംഘട്ടനം കൃത്രിമമായി കരുതിക്കൂട്ടി ഉണ്ടാക്കിയതാണെന്നാണ് ചില ഇസ്‌ലാമിസ്റ്റുകൾ അഭിപ്രായപ്പെടുന്നത്. അതായത് ഇത്തരം പ്രചാരണം ഇസ്റായിലിനെതിരെ ഉത്സാഹപൂർവ്വം ചെറുക്കുന്ന ഇസ്‌ലാമികാദ്ധ്യാപനങ്ങളെ ദുർബലമാക്കാൻ വേണ്ടിയുള്ളതാണ് എന്നാണ് അവരുടെ അഭിപ്രായം. (32) മുസ്‌ലിംകൾ മനുഷ്യാവകാശ പ്രമാണങ്ങളിലെ ചില നിയമങ്ങളെ വെല്ലുവിളിക്കാനും ഉടച്ചുവാർക്കാനും മുന്നോട്ടുവരേണ്ടതുണ്ട്. അങ്ങിനെയാണെങ്കിൽ അത് മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ മറ്റെല്ലാപ്രമാണങ്ങളേയും ശക്തിപ്പെടുത്തുന്നതാണ്.

സ്വതന്ത്രമായ അഭിപ്രായപ്രകടനത്തിന്റെ വിവക്ഷയേയും പ്രയോഗത്തെയും പറ്റി മുസ്‌ലിംകളും പാശ്ചാത്യരും തമ്മിൽ വിയോജിപ്പുണ്ട്. സൽമാൻ റുഷ്ദിയുടെ സംഭവമാണ് അതിനുള്ള ഏറ്റവും വലിയ ഉദാഹരണം. സൽമാൻ റുഷ്ദിയുടെ പുസ്തകം മുസ്‌ലിംകളുടെ വികാരത്തെ അത്യന്തം വൃണപ്പെടുത്തുകയുണ്ടായി എന്നതാണ് മുസ്‌ലിംകൾക്ക് ബോധിപ്പിക്കാനുള്ള ന്യായം. പക്ഷേ ഇസ്‌ലാമിക ശരീഅത്തിൽ വധിക്കാനുള്ള ഫത്‌വയായിരുന്നുവോ അതിനുള്ള പരിഹാരം? ഹർശദ് അഹ്മദി തന്റെ Rushdi: Hauntel by his unholy Ghost;' എന്ന പുസ്തകത്തിൽ പറയുന്നത്, 'സാത്താനിക് വേഴ്‌സസ്' എന്ന പുസ്തകത്തിലെ ഹീനവിമർശനവും തുടർന്നുണ്ടായ വിവാദവും കരുതിക്കൂട്ടി ഇസ്‌ലാമിനെ ആക്രമിക്കാനുള്ള ഒരു ഗൂഢ പദ്ധതിയായിരുന്നു എന്നാണ്. ഈ പദ്ധതി ഇസ്‌ലാമിനോടുള്ള ചരിത്രപരമായ വിരോധത്തിൽ പ്രചോദിതമായതും അന്തർദ്ദേശീയ രാഷ്ട്രീയത്തിലെ ദുഷ്ടലാക്കോടുകൂടിയതുമാണ്. മതത്തിൽ നിന്നും പുറത്തുപോയവനെ വധിച്ചുകളയണം എന്ന ഭൂരിപക്ഷ മുസ്‌ലിംകളുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒരുക്കിയ ഒരു കെണിയായിരുന്നു റുഷ്ദി സംഭവമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇസ്‌ലാമിൽ അത്തരം ശിക്ഷകൾക്ക് യാതൊരു ന്യായീകരണവുമില്ലെന്ന് അഹ്മദി ചൂണ്ടിക്കാട്ടുന്നു. റുഷ്ദിക്കെതിരെയുള്ള ഫത്‌വയെ അപലപിച്ചവരേയും അതിനെതിരെ മൗനം പാലിച്ചവരേയും മുസ്‌ലിം തീവ്രവാദികൾ കാഫിറുകളാണെന്നും അധിക്ഷേപിക്കുകയും അവരും വധാർഹരാണെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി.

## ഇസ്‌ലാമിനെതിരെയുള്ള ആരോപണം

ഇസ്‌ലാമിനും മനുഷ്യാവകാശങ്ങൾക്കും പുറമേ നിന്നുള്ളവരുടെ ആക്രമണങ്ങൾക്കെതിരെ മുസ്‌ലിംകൾ പ്രതിരോധിക്കാറുണ്ട്. ഈ പ്രതിരോധ സംരംഭങ്ങളെ ദുർബലപ്പെടുത്തുന്ന രണ്ട് ഘടകങ്ങളുണ്ട്. ഒന്നാമത്തേത് ശരീഅത്തിന്റെ തെറ്റായ വ്യാഖ്യാനങ്ങളാണ്. അതായത് യഥാർത്ഥത്തിൽ മതനിന്ദക്കും, വ്യഭിചാരത്തിനും ഇസ്‌ലാം വധശിക്ഷ വിധിക്കുന്നുണ്ടോ? ഇസ് ലാം യഥാർത്ഥത്തിൽ സ്ത്രീകൾക്ക് തുല്യാവകാശം നൽകുന്നുണ്ടോ? തീർച്ചയായും ഈ വിഷയത്തിൽ ഭിന്നാഭിപ്രായങ്ങളുണ്ടായിരിക്കാം. അതി ന്റെ വിവക്ഷിതാർത്ഥങ്ങളിൽ വ്യത്യസ്താഭിപ്രായങ്ങളുണ്ടായിരുന്നാലും ശരി ഒന്നാമത്തെ ചോദ്യ

*(ശേഷം 25-ാം പേജിൽ)*

# മൂസാനബിയുടെ ആത്മീയ പ്രയാണം (തുടർച്ച)

ഏ.പി. കുഞ്ഞാമു

## ദർശനഭാഷയുടെ വ്യാഖ്യാനം

മൂസാനബി(അ) ജ്ഞാനിയായ ദിവ്യനോടു (റസൂൽ തിരുമേനി) ചെയ്ത കരാർ തുടർച്ചയായി ലംഘിക്കുമ്പോൾ അദ്ദേഹം പറഞ്ഞു. 'എനിക്കും നിനക്കും ഇടയിലുള്ള വേർപാടിന്റെ സമയമാണിത്. നിനക്ക് ക്ഷമിക്കാൻ കഴിയാതെപോയ കാര്യങ്ങളുടെ യാഥാർത്ഥ്യം ഇതാ ഞാൻ പറഞ്ഞുതരാം.' (18:79) സുറ:അൽകഹ്ഫ് തുടരുന്നു ''ആ കപ്പലിന്റെ കാര്യം അതു, ജോലി ചെയ്തുവരുന്ന ചില അഗതികളുടേതായിരുന്നു. അതിന് കേടുവരുത്തണമെന്ന് ഞാൻ ഉദ്ദേശിച്ചു. അവരുടെ പിന്നിൽ എല്ലാ കപ്പലുകളും ബലാൽകാരമായി പിടിക്കുന്ന ഒരു രാജാവുണ്ടായിരുന്നു (18:80) ''ആ യുവാവകട്ടെ അവന്റെ മാതാപിതാക്കൾ വിശ്വാസികളായിരുന്നു. എന്നാൽ അവൻ അവർ രണ്ടുപേരെയും അതിക്രമത്തിനും അവിശ്വാസത്തിനും നിർബന്ധിച്ചേക്കുമെന്ന് നാം ഭയപ്പെട്ടു (വ 18:81) അതുകൊണ്ടു അവരുടെ നാഥൻ പരിശുദ്ധിയിൽ അവനേക്കാൾ ഉന്നമനും കാരുണ്യത്തിൽ അവനേക്കാൾ അടുത്തവനുമായ ഒരു മകനെ അവനുപകരമായി അവർക്ക് പ്രദാനം ചെയ്യണമെന്ന് നാം ഉദ്ദേശിച്ചു. (വ 18:82) "ആ മതിൽക്കെട്ടാവട്ടെ അത് പട്ടണത്തിലെ രണ്ടു അനാഥബാലന്മാരുടെതായിരുന്നു. അതിനു താഴെ അവർക്കുള്ള ഒരു നിധിയുണ്ട്. അവരുടെ പിതാവ് ഒരു സദ്‌വൃത്തനായിരുന്നു. അതുകൊണ്ട് അവർ രണ്ടുപേരും അവരുടെ പക്വപ്രായമെത്തുകയും അവരുടെ നിധി പുറത്തേക്കു എടുക്കുകയും ചെയ്യണമെന്ന് നിന്റെ നാഥൻ ഉദ്ദേശിച്ചു. നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യമായിട്ടാണ് അത്. ഞാൻ ഇത് സ്വന്തം അധികാരമനുസരിച്ച് ചെയ്തതല്ല. നിനക്ക് ക്ഷമിക്കാൻ കഴിയാതിരുന്നതിന്റെ വിശദീകരണമാണിത്." (വ 18:83)

മേൽവചനങ്ങൾ പ്രസ്തുത ദിവ്യൻ മൂസാനബിക്ക് ആ ദർശനത്തിൽ തന്നെ വിവരിച്ചുകൊടുക്കുന്ന ഭാഗങ്ങളാണ്. വചനം 80–ൽ പറഞ്ഞ 'സാധുജനങ്ങളുടെ ബോട്ട്' എന്നതിന്റെ വിവക്ഷ ഭൗതികസുഖസൗകര്യങ്ങളുള്ളവരുടെ സാധുജനങ്ങളോടുള്ള അനുഭാവരാഹിത്യവും അവരുമായി ഇടപഴകാനുള്ള വിരക്തിയുമാണ്. രാജാവ് എന്നതുകൊണ്ടുള്ള വിവക്ഷ ഭൗതികസമ്പത്തുകളോടുള്ള പ്രേമവും ആസക്തിയേയുമാണ് ദ്യോതിപ്പിക്കുന്നത്. ചുരുക്കത്തിൽ അഹംഭാവികളും അഹങ്കാരികളുമായ ഇരുട്ടിന്റെ സന്താനങ്ങൾ അവരുടെ സമ്പാദ്യങ്ങൾ സാധുക്കൾക്കും ഗതിയറ്റവർക്കും സമൂഹത്തിന്നുവേണ്ടിയും ചിലവഴിക്കാതെ പൂർണ്ണമായും ഭൗതിക ആസ്വാദനങ്ങൾക്ക് വേണ്ടി വിനിയോഗിക്കുകയും ശൈത്താന്റെ പിടിയിൽ എളുപ്പത്തിൽ അകപ്പെട്ടു പോകുകയും ചെയ്യുന്നു. അതുകൊണ്ട് റസൂൽ തിരുമേനി(സ) അദ്ദേഹത്തിന്റെ അനുയായികളുടെ ബോട്ടിൽ ഒരു ദ്വാരം ഉണ്ടാക്കി. അതു തങ്ങളുടെ ഭൗതികമായ സുരക്ഷയ്ക്കും സൗഖ്യത്തിനും നിദാനമാണെന്ന് കരുതുന്ന സമ്പത്തിന് അഥവാ ഭൗതികമായ രക്ഷാനൗകക്ക് ഒരു ചോർച്ചയുണ്ടാക്കുകയാണ് സമ്പദ്ദാനം മുഖേന ചെയ്യുന്നത്. ദൈവസമർപ്പണ പ്രചോദനത്താൽ റസൂൽ തിരുമേനി (സ)യുടെ അനുയായികൾ നിർബന്ധപൂർവ്വം ചെയ്യുന്ന ദാനധർമ്മങ്ങൾ ഭൗതികാസക്തരായവർക്ക് നിരർത്ഥകമായ ഒരു നഷ്ടക്കച്ചവടമാണെന്ന് തോന്നുന്നു. ഇത് മുഖേന അവർ ദൈവസംപ്രീതിക്ക് അർഹരാവുകയാണ് ചെയ്യുന്നത്. നൈമിഷികമായ ഈ പ്രാപഞ്ചിക ജീവിതത്തെക്കാൾ മഹത്തരമായ ഒരു ജീവിതത്തിലേക്കുള്ള ആഹ്വാനമാണ് റസൂൽ തിരുമേനിയുടെ സമ്പദ്ദാനപദ്ധതിയിലൂടെ സംജാതമാവുന്നത്. അധഃസ്ഥിതരുടേയും അടിച്ചമർത്തപ്പെട്ടവരുടേയും മോചനത്തിനും ദരിദ്രരുടെ ക്ഷേമത്തിനും ഉതകുന്ന ഒരു ജീവിതരേഖയാണ് മുഹമ്മദ് നബി(സ) സമർപ്പിക്കുന്നത്. നിഷ്ക്കളങ്കതയുടേയും സാത്വികതയുടേയും അടിസ്ഥാനത്തിൽ ചൂഷണരഹിതമായ സാമ്പത്തിക സമീകരണം സാധ്യമാവുന്ന ഒരു സാമൂഹ്യസംവിധാനം മുഹമ്മദ് നബി(സ) തന്റെ അനുയായികൾക്ക് നൽകുകയുണ്ടായി. ഈ സന്ദർഭത്തിൽ മറ്റൊരു കാര്യം കൂടി നമ്മുടെ സ്മൃതിപഥത്തിൽ വരുന്നു. അതായത് റസൂൽ തിരുമേനി(സ:അ) അദ്ദേഹത്തിന്റെ നിദ്രാദർശനത്തിൽ ലൗകിക പ്രേമത്തെ ഒരു വൃദ്ധയുടെ

രൂപത്തിലാണ് ദർശിച്ചത്. എന്നാൽ മൂസാനബി(അ) ദർശനത്തിൽ കോപിഷ്ടനായ ഒരു രാജാവായിട്ടാണ് ദർശിച്ചത്. ഇത് മനസ്സിലാക്കിത്തരുന്നത് ലൗകികപ്രേമം റസൂൽതിരുമേനിയുടെ അനുയായികൾക്ക് മറ്റുള്ളവരെ അപേക്ഷിച്ചു തുലോം കുറവാണെന്നാണ്.

ഒരു ബാലകനെ കൊന്നത് സംബന്ധിച്ചു വിവരിക്കുമ്പോൾ ദർശനഭാഷയിൽ പ്രവർത്തനം, ശക്തി, വിവരമില്ലായ്മ എന്നൊക്കെയാണ്. അതേപോലെ കൊല്ലുക എന്നതിന് ശക്തി കുറക്കുക, ഒരു സാധനത്തിന്റെ കഴിവ് കുറക്കുക എന്നൊക്കെയാണ്. അപ്പോൾ 'ബാലനെ കൊല്ലുക' എന്നുള്ളത് ഒരു മനുഷ്യനിലുള്ള വിവരക്കേട് കൊണ്ടുണ്ടാവുന്ന പൈശാചികമായ ഉത്തേജനത്തെ ശമിപ്പിക്കുക. സഹിക്കാൻ സാധിക്കാത്ത ശക്തമായ ദേഹേഛയെ ശമിപ്പിക്കുക 'മാതാപിതാക്കൾ' എന്നത് കൊണ്ടുള്ള വിവക്ഷ മനുഷ്യശരീരവും, ആത്മാവുമാണ്. മനുഷ്യശരീരവും ആത്മാവും ചേർന്നാണ് എല്ലാവിധ ധാർമ്മികമായ അവസ്ഥകളും അധാർമ്മികമായ അവസ്ഥകളും മനുഷ്യനുണ്ടാവുന്നത്. അപ്പോൾ മനുഷ്യരിൽ ഉണ്ടാകുന്ന അധാർമ്മിക ചുറ്റുപാടുകളിൽ അവനെ രക്ഷിക്കേണമെങ്കിൽ അവന്റെ പൈശാചികമായ എല്ലാ അധർമ്മവഴികളേയും തടയേണ്ടിയിരിക്കുന്നു. അതിന്റെ അതിപ്രസരം നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ഈ യുവാവിനെ കൊല്ലാനുള്ള കാരണമായി ദിവ്യൻ പറയുന്നത് അവന്റെ മാതാപിതാക്കളെ അവൻ ദൈവദൂഷണത്തിലേക്കും, അവിശ്വാസത്തിലും നയിച്ചേക്കുമെന്നാണ്. മൂസാനബി (അ)യുടെ ദർശനത്തിൽ മനസ്സിലാകുന്നത് മനുഷ്യന് അല്ലാഹു അസാധാരണമായ കഴിവുകൾ കൊടുത്തിട്ടുണ്ടെന്നും അതു നല്ലവിധത്തിൽ പ്രയോഗിച്ചാൽ എല്ലാവിധ തിന്മകളിൽ നിന്നും അവനെ മോചിപ്പിച്ചു തൽസ്ഥാനത്ത് നന്മ വിതക്കുവാൻ അത് അവന് കഴിവു നൽകുമെന്നുമാണ്. മനുഷ്യൻ എന്നു പറയുമ്പോൾ അവന്റെ ശരീരവും ആത്മാവും ചേർന്ന ഘടകമാണ്. ഈ ശക്തികളെ ശരിയായ രൂപത്തിൽ നിയന്ത്രണത്തിൽ കൊണ്ടുവരാതിരുന്നാൽ പിന്നെ അതവനെ അവിശ്വാസത്തിലേക്കും, അന്ധകാരത്തിലേക്കും വഴി നടന്നും, റസൂൽ തിരുമേനി (സ:) മുഖേന അവതരിച്ച നിയമങ്ങളിൽ മനുഷ്യൻ തെറ്റിലേക്ക് പോകുന്ന എല്ലാ വഴികളുടേയും കവാടം അടച്ചതായി കാണാവുന്നതാണ്. അതാണ് ഇവിടെ മൂസാനബി(അ) ദർശനത്തിൽ ഒരു യുവാവിനെ നിഗ്രഹിച്ചതിന്റെ സാരവും. പകരം പ്രസ്തുത മാതാപിതാക്കൾക്ക് നല്ലൊരു സന്താനത്തെ നൽകുമെന്ന് പറഞ്ഞതും. ഇസ്‌ലാം ഒരു മനുഷ്യന്റെ ദേഹേച്ഛയെ എങ്ങിനെ നിയന്ത്രണത്തിൽ കൊണ്ടുവരണമോ ആ ശിക്ഷണങ്ങളെല്ലാം നൽകിവന്നിട്ടുണ്ട്. അതു മുഖേന മനുഷ്യരിൽ ഒരു പുതിയ ആദ്ധ്യാത്മികജന്മം തന്നെ കൈവരുന്നതാണ്. എന്നാൽ മൂസാനബിയുടെ ജനത ഭൗതികാസക്തിയിൽ മുഴുകിയ ഒരു ജീവിതമാണ് നയിച്ചുവന്നത്. അടുത്ത വചനത്തിൽ വീഴാൻ പോകുന്ന ചുമരിനെപറ്റി പറഞ്ഞു. ചുമർ എന്നതിന്റെ വിവക്ഷ അവരുടെ പണ്ഡിതന്മാരായ ആൾക്കാരാണെന്നും മുമ്പുപറഞ്ഞു. അതായത് അതു കൊണ്ടുള്ള വിവക്ഷ മൂസാനബി (അ)യും ഈസാ നബി(അ)യുമാണ് സൂചിപ്പിക്കുന്നത്. അവരുടെ ബാപ്പ ഒരു സാത്വികനായിരുന്നു എന്നത് ഇബ്രാഹിം നബി(അ) ഉദ്ദേശിച്ചാണ്. 'നിധി'യെ ക്കുറിച്ചുള്ള പരാമർശം മൂസാനബി(അ)ക്കും ഈസാനബി (അ)ക്കും അല്ലാഹു(അ) നൽകിയ ദിവ്യജ്ഞാനങ്ങളാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ മുസാനബിക്കും ഈസാനബിക്കും നൽകിയ ജ്ഞാനങ്ങൽ സൂക്ഷ്മമായി അടക്കം ചെയ്തിട്ടുണ്ട്. (98:4) അതു മതവിഷയത്തിൽ താല്പര്യമില്ലാത്ത ജൂതന്മാരുടെ കൈയിൽ സുരക്ഷിതമല്ല. കാരണം അത്ര കണ്ടു അവർ ഭൗതീകാസക്തരായി മാറിയിരിക്കുന്നു. അവർ ഏതെങ്കിലും അവസരത്തിൽ ബോധവാന്മാരായാൽ അവർ വിശുദ്ധ ഖുർആനിൽ ശേഖരിക്കപ്പെട്ട വിജ്ഞാനം അവർക്ക് ഫലം ചെയ്യും. ''നിന്റെ നാഥനിൽ നിന്നുള്ള കാരുണ്യമായിട്ടാണ്" അതായത് മൂസാനബിയുടേയും ഈസാനബിയുടെയും കാതലായ പാഠങ്ങൾ വിശുദ്ധ ഖുർആനിൽ നിക്ഷേപിച്ചത് അല്ലാഹുവിന്റെ അവരോടുള്ള കാരുണ്യത്തിന്റെ പ്രകടനമാണ്. അത് ഇവിടെ എടുത്തുപറയാനുള്ള കാരണം യഹൂദരുടെ എല്ലാ പ്രവർത്തനങ്ങളും ദൈവഹിതത്തിനെതിരായിരുന്നു. അവരുടെ ചെയ്തികൾ കാരുണ്യം അർഹിക്കാത്തതാണ്. എന്നിട്ടും അല്ലാഹുവിന്റെ കാരുണ്യം അതിന്റെ സംഗ്രഹം വിശുദ്ധ ഖുർആനിൽ ചേർത്തുകൊണ്ടു എപ്പോഴെങ്കിലും അതവർക്ക് ഗുണം ചെയ്യട്ടെ എന്ന അല്ലാഹുവിന്റെ കാരുണ്യഭാവമാണ് നാം ഇവിടെ ദർശിക്കുന്നത്. ''ഇത് എന്റെ സ്വന്തം അധികാരമായി ചെയ്തതല്ല" എന്ന് ഈ വചനത്തിൽ പറയുന്നു. അതായത് ഇങ്ങിനെ വിശുദ്ധ ഖുർആനിൽ ആ പാഠങ്ങളെല്ലാം ഉൾക്കൊള്ളിച്ചത് നബിതിരുമേനി (സ:) അല്ല. അല്ലാഹുവിന്റെ കല്പന പ്രകാരമാണ്. റസൂൽ തിരുമേനിയെ സംബന്ധിച്ചു വിശുദ്ധ ഖുർആൻ 53:4ൽ"അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് അദ്ദേഹം ഒന്നും തന്നെ സംസാരിക്കുന്നില്ല" എന്നു ഒരു ഹദീസിൽ അദ്ദേഹം വെളിപാട് കൂടാതെ ഒന്നും സംസാരിക്കാറില്ല എന്നും വന്നിരിക്കുന്നു.

മേൽ വിവരിച്ച വിവരണങ്ങളിൽ മനസ്സിലാകുന്ന ചില കാര്യങ്ങൾ താഴെ സംക്ഷിപ്തമായി വിവരിക്കാം. (1) മൂസാനബി(അ)യുടെ ന്യായപ്രമാണ കാലഘട്ടത്തിന്റെ രണ്ടാമത്തെ ഭാഗമായ കൃസ്ത്യാനികളുടെ ധാർമ്മിക അധഃപതനം സംഭവിച്ചാൽ വിശുദ്ധ പ്രവാചകനായ മുഹമ്മദ് നബി(സ:)യുടെ അവതരണം ഉണ്ടാകും.

(2) ഇസ്‌ലാമിന്റെ തത്വങ്ങൾ ചില നിയമങ്ങളിലും തത്വത്തിലും അധിഷ്ഠിതമായതുകൊണ്ടു മൂസാനബിയുടെ ചില നിയമങ്ങളുമായി യോജിക്കാത്ത ഒരവസ്ഥയുണ്ട്. അതുകൊണ്ട് ഈ നിയമങ്ങളുടെ

വ്യത്യാസം കാരണമായി മുസ്‌ലിം കൾക്കും യഹൂദർക്കും മതപരമായ യോജിപ്പ് ഒരു പ്രകാരത്തിലും സാദ്ധ്യ മല്ല. ഇസ്‌ലാമിക തത്വത്തിൽ അധി ഷ്ഠിതമല്ലാത്ത ഒരു ജീവിതക്രമത്തിന് മുക്തിമാർഗ്ഗത്തെപ്പറ്റി ഒന്നും നിരൂപി ക്കാൻ സാദ്ധ്യമല്ല.

(3) യഹൂദികളും കൃസ്ത്യാനികളും അവരുടെ മതവുമായി കുറേദൂരം സഞ്ചരിക്കും. റസൂൽ തിരുമേനി (സ)യെ സ്വീകരിക്കാൻ അവർ വിസ മ്മതിക്കും. പക്ഷെ ദൂർഘദൂരം ഓടിക്ക ഴിഞ്ഞാൽ അവർക്ക് തളർച്ചയുണ്ടാ കും. അപ്പോൾ റസൂൽ തിരുമേനി (സ:)യെ സ്വീകരിക്കേണ്ടതായി വരും.

(4) തത്വങ്ങളോടുള്ള അവരുടെ വിര ക്തിയും ആലസ്യവും കുറേ അധികം ചെല്ലുമ്പോൾ അത് അവരിൽ പ്രകട മാകും. യഥാർത്ഥമായ മനഃസ്സമാധാനം അവർക്ക് നഷ്ടപ്പെടുകയും നിരാശ അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്യും. അപ്പോൾ യഹൂദികളും കൃസ്ത്യാനി കളും അവരുടെ മതത്തെപ്പറ്റിയും വിശ്വാസത്തെപ്പറ്റിയും ഒരു കണക്കെ ടുപ്പ് നടത്തി ത്തുടങ്ങും. അപ്പോൾ അവർക്ക് തങ്ങളുടെ മതങ്ങൾ എ ത്രയോ മുമ്പുതന്നെ കാലഹരണപ്പെ ട്ടതായി മനസ്സിലാകും.

(5) ഈ സന്ദർഭത്തിൽ വിശുദ്ധ ഖുർ ആനിൽ നിക്ഷേപിക്കപ്പെട്ട പ്രവചന ങ്ങൾ അവരുടെ ശ്രദ്ധയിൽ പെടുക യും യഹൂദരും കൃസ്ത്യാനികളും തിരുനബി (സ.അ)യെ സഹർഷം സ്വീകരിക്കുകയും ചെയ്യും.

(6) വിശുദ്ധ ഖുർആന്റെ പാഠമനുസ രിച്ചു മനുഷ്യന്റെ കഴിവുകളെ അവൻ അതു പ്രയോഗിക്കുന്നതിലൂടെയും അതിനുള്ള അതിർവരമ്പുകൾ മനസ്സി ലാക്കി തത്തുല്യമായ ജീവിതം അവർ നയിക്കുന്നതിലൂടെയും അവർ ദൈവ ത്തിന്റെ യഥാർത്ഥ ദാസന്മാരും ദൈവ ത്തിന്റെ എല്ലാ അനുഗ്രഹങ്ങളുടേയും വിളനിലവും ആയിത്തീരും.

ഒരു വേതാളലോകം പോലെ അയഥാർത്ഥമായ കെട്ടുകഥപോലെ കരുതിയിരുന്ന ഈ വിശുദ്ധസൂക്ത ത്തിൽ നിന്നും നിർഗ്ഗളിച്ച ഈ ആദ്ധ്യാ ത്മിക വിസ്മയം ഇതൊന്നുമതി വിശുദ്ധ ഖുർആന്റെ മാഹാത്മ്യം വ്യക്തമാക്കാൻ. വാഗ്ദത്ത മഹ്ദീ മസീഹിന്റെ കാലത്ത് ധാരാളം ധനം വിതരണം ചെയ്യപ്പെടുമെന്നും എന്നാൽ അതു സ്വീകരിക്കാൻ ആരും ഉണ്ടാവുകയില്ലെന്നും പ്രവചനം ഉണ്ട്. ആ ധനം സർവ്വധനാൽ പ്രധാനമായ വിശുദ്ധ ഖുർആന്റെ മഅ്‌രിഫത്ത് അഥവാ ആത്മീയജ്ഞാനം തന്നെയാ ണ്. വിശുദ്ധ ഖുർആനെ എങ്ങനെയെ ങ്കിലും തോന്നിയ മാതിരി വ്യാഖ്യാനി ക്കാൻ സാദ്ധ്യമല്ല. കാരണം ഖുർആ നിൽ പരസ്പര വൈരുദ്ധ്യമില്ലെന്നും അതിലെ പരിശുദ്ധ വചനങ്ങൾ ഒന്നി നൊടൊന്ന് ചേർച്ചയില്ലാതെ വരികയി ല്ലെന്നുമുള്ളത് ആർക്കും നിഷേധി ക്കാൻ കഴിയാത്ത ഖുർആന്റെ അവ കാശവാദമാണ്.

(തുടരും)

*അടുത്തലക്കത്തിൽ*

*'ദുൽഖർനൈൻ'*

■

*(22 -ാം പേജിൽ നിന്ന് തുടർച്ച)*

ത്തിന്റെ ഉത്തരം 'അതെ' എന്നാണ്. രണ്ടാമത്തെ ചോദ്യത്തിന്റെ ഉത്തരം ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നില്ല. ഈ ഉത്തരം മിതവാദികൾക്ക് തെറ്റായ സന്ദേശമാണ് നൽകുന്നത്. രണ്ടാമ തായി പാശ്ചാത്യലോകം ആളുകളെ പ്രവർത്തനത്തിലൂടെയാണ് വിലയിരു ത്തുക. വിശ്വാസത്തിലൂടെയല്ല. ഇസ്‌ലാമിക ശരീഅയത്ത് പ്രകാരം ഭരി ക്കുന്നു എന്നവകാശപ്പെടുന്ന ഇറാൻ, സുഡാൻ, താലിബാൻ മുതലായ ഭര ണകൂടങ്ങളുടെ മനുഷ്യാവകാശ സംബന്ധമായ ചെയ്തികൾ വളരെ പരിതാപകരമാണ്. ബുർക്ക ധരിക്കാൻ വേണ്ടി സ്ത്രീകളെ നിർദ്ദയം മർദി ക്കുന്ന താലീബാൻ ചിത്രങ്ങൾ ഇസ്‌ലാമിക ഗവൺമെന്റുകളെ സംബ ന്ധിച്ച് ഏറ്റ വും മോശപ്പെട്ട ചിത്രമാണ് നൽകുന്നത്.

അതേസമയം മുസ്‌ലിം രാജ്യ ങ്ങൾ മനുഷ്യാവകാശങ്ങളെ ലംഘിച്ചു കൊണ്ട് പ്രാദേശികസംസ്കാരങ്ങളെ നശിപ്പിക്കുന്നുവെന്ന പാശ്ചാത്യരുടെ വിമർശനങ്ങളുമായി ഇസ്‌ലാമിസ്റ്റുകൾ കൈകോർക്കുന്നു. പള്ളികൾ ഭരണ കൂടങ്ങളുടെ നേരിട്ടുള്ള നിയന്ത്രണ ത്തിൽ കൊണ്ടുവരുന്നു. അഭിപ്രായ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. എതിരാളികളെ അടിച്ചമർത്തുന്നു അഥവാ നിശബ്ദരാക്കുന്നു. മിതത്വ മാർഗ്ഗം തിരഞ്ഞെടുക്കുന്ന സ്ത്രീകൾ ശിക്ഷിക്കപ്പെടുന്നു. പ്രവാചകന്റെ യഥാർത്ഥ മാർഗ്ഗം തിരഞ്ഞെടുക്കുന്ന പുരുഷന്മാർ പീഡിപ്പിക്കപ്പെടുന്നു. ക്രിമിനൽകുറ്റം ചെയ്യുന്നവരേക്കാൾ, മനസ്സാക്ഷിക്കനുസരിച്ച് അഭിപ്രായം പറഞ്ഞവരെക്കൊണ്ട് ജയിലുകൾ നിറ യുന്നു.' (33) ■

# ഭാര്യ ഭർത്താക്കന്മാർ

അവർ നിങ്ങൾക്ക് വസ്ത്രമാണ്. നിങ്ങൾ അവർക്കും വസ്ത്ര മാകുന്നു. (വി. ഖുർആൻ 2:188)

നിധികളിൽ അത്യുത്തമം ഏതാണെന്നു ഞാൻ നിങ്ങളോടു പറഞ്ഞു തരട്ടെ. ഉത്തമ പത്നി; തന്റെ ഭർത്താവ് വീക്ഷിക്കുമ്പോൾ അവൾ അയാളെ സന്തുഷ്ടനാക്കുന്നു. തന്നോടു കൽപ്പിക്കുമ്പോൾ അയാളെ അനുസരിക്കുന്നു. ഭർത്താവിന്റെ അസാന്നിദ്ധ്യത്തിൽ അയാളുടെ മുതലുകൾ സൂക്ഷിക്കുന്നു. അല്ലാഹുവിന്റെ ദാസികളെ നിങ്ങൾ അടിക്കരുത്. നിങ്ങളിൽ ഏറ്റവും ഉത്തമൻ തന്റെ ഭാര്യ യോടു ഉത്തമമായ രീതിയിൽ പെരുമാറുന്നയാളത്രെ.

(നബിവചനം)

# ഫ്രഞ്ച് വിപ്ലവവും യഹൂദ വിമോചനവും

എ. എം. മുഹമ്മദ് സലീം

✓

**സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മാന വീയ മൂല്യങ്ങളായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ സന്ദേശം. മതാധിഷ്ഠിതമായിരുന്ന ഫ്രഞ്ച് സാമൂ ഹ്യഘടനയെ പൊളിച്ചെഴുതിയ ഈ വിപ്ലവമാണ് യഹൂദവിമോചനത്തിന്, (Emancipation) പ്രാരംഭം കുറിച്ചത്.**

✓

**തീർച്ചയായും പുനരുത്ഥാന നാൾവരെക്കും അവരുടെ (യഹൂദരുടെ) മേൽ കഠിനമർദ്ദനങ്ങൾ ഏല്പിക്കുന്നവരെ ഞാൻ എഴുന്നേൽപ്പിക്കുന്നതാണെന്ന് നിന്റെ നാഥൻ പ്രഖ്യാപിച്ച സന്ദർഭം (3:115) അല്ലാഹുവിൽ നിന്നോ മനുഷ്യരിൽ നിന്നോ ഉള്ള (സംരക്ഷണം) ഉടമ്പടി മുഖേന യല്ലാതെ (അവർക്ക് ഈ മർദ്ദനത്തിൽ നിന്ന് മോചനമില്ല). അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ അവർ നിഷേധിക്കുകയും പ്രവാചകന്മാരെ അന്യായനിലയിൽ കൊല്ലുവാൻ ശ്രമിക്കുകയും ചെയ്യുന്നവരായിരുന്നുവെന്നതാണ് അതിനു കാരണം. ഇത് അവർ ധിക്കരിക്കുകയും അതിക്രമം പ്രവർത്തിച്ചു കൊണ്ടിരിക്കുകയും ചെയ്തതുകൊണ്ടായിരുന്നു. (3:113).**

യഹൂദികൾ അനുഭവിച്ചിരുന്ന പാരതന്ത്ര്യത്തിൽ നിന്നും, പീഢനങ്ങളിൽ നിന്നുമുള്ള മോചനത്തിനായി വിശുദ്ധ ഖുർആൻ രണ്ട് വഴികൾ നിർദ്ദേശിക്കുന്നു. ഒന്നാമത്തേത് അല്ലാഹുവിൽ നിന്നുള്ള ഉടമ്പടിയാണ്. രണ്ടാമത്തേത് ജനങ്ങളിൽ നിന്നുള്ള ഉടമ്പടിയും. അല്ലാഹുവിൽ നിന്നും ആഗതരായ പ്രവാചകരുടേയും പുണ്യാത്മാക്കളുടേയും ആത്മീയമാർഗ്ഗം ഒരിക്കലും ഇന്നറിയപ്പെടുന്ന യഹൂദികൾ പിന്തുടരുകയോ സ്വീകരിക്കുകയോ ചെയ്തില്ല. യഹൂദർക്ക് മസീഹായി വന്ന ഹദ്റത്ത് ഈസാനബി(അ), വിശ്വപ്രവാചകനായ ഹദ്റത്ത് മുഹമ്മദ് നബി(സ), റസൂൽ തിരുമേനിയുടെ മസീഹായി ആധുനികകാലത്ത് വന്ന ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) എന്നിവരുടെ പ്രേഷിത പ്രവർത്തനങ്ങൾ അവർ അവഗണിക്കുകയും മുഖംതിരിച്ചു നിൽക്കുകയും ചെയ്തു. ലൗകികതയിലും, ധനാർജ്ജനത്തിലും മാത്രം മുഴുകി ജീവിച്ച യഹൂദരുടെ ഈ പരാങ്മുഖത്വം മൂലം ആത്മീയവും ധാർമ്മികവുമായ പരിഷ്കരണങ്ങൾക്ക് അവർ വിധേയരായില്ല. അവരുടെ അതിരു കടന്ന ഗോത്രാഭിമാനം സാർവ്വജനീനമായ ഒരു ജീവിതവീക്ഷണം വളർത്തിയെടുക്കുന്നതിൽ നിന്നും പൊതുജനങ്ങളുടെ മുഖ്യധാരയിൽ ഇടകലരുന്നതിൽ നിന്നുംഅവരെ തടഞ്ഞുനിർത്തി. അതുകൊണ്ടു തന്നെ യഹൂദികൾ എല്ലാ യൂറോപ്യൻ നഗരങ്ങളിലും സ്വയം അടച്ചു പൂട്ടിയ ഒരു പ്രാന്തവത്കൃത സമൂഹമായിരുന്നു. ഗട്ടോകളിലെ അവരുടെ ദൈന്യതയാർന്ന ജീവിതം ഏറെക്കുറെ അവരുടെ തന്നെ ഒരു സ്വയം സൃഷ്ടിയായിരുന്നു. ഖുർആൻ നിർദ്ദേശിച്ച രണ്ടാമത്തെ യഹൂദവിമോചനമാർഗ്ഗം ജനങ്ങളുമായുള്ള ഉടമ്പടിയായിരുന്നു. ജനകീയമായ ഈ ഉടമ്പടികളിലൂടെയാണ്

ആധുനികകാലത്ത് അവർ വിമോചന ത്തിന്റെ മാർഗ്ഗം കണ്ടെത്തിയത്. യൂറോപ്പിൽ നവോത്ഥാനത്തിന് സമാന്തരമായി യഹൂദസമുദായത്തിൽ ഉണ്ടായ ഹസ്കലാത്ത് ജനങ്ങളുടെ മുഖ്യധാരയിലേക്ക് വരാൻ യഹൂദരെ പ്രാപ്തമാക്കി. പതുക്കെ അവർ ജനകീയ മുഖ്യധാരയുമായി ബന്ധം സ്ഥാപിച്ചു. രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് മാത്രമാണ് അവരിൽ ഖുർആൻ പറഞ്ഞ ഈ പ്രതിഭാസം ദൃശ്യമായത്. ജനകീയ കരാറുകളുടെ അടിസ്ഥാനത്തിലുള്ള യഹൂദവിമോചനത്തിന്റെ വിളംബരമായിരുന്നു രക്തരൂക്ഷിതമായ ഫ്രഞ്ച് വിപ്ലവം.

ഫ്രാൻസിൽ മൂന്ന് ജില്ലകളിലൊഴികെ അതിന്റെ എല്ലാ പ്രവിശ്യകളിൽ നിന്നും ഏ.ഡി. 1394ൽ നടന്ന ജൂതന്മാരെ പുറത്താക്കിയിരുന്നു. മൂന്ന് ജില്ലകളിൽ അവർ നിയമപ്രകാരം ജീവിച്ചു. അതിൽ അവിഗോൺ ജില്ല പതിനാലാം നൂറ്റാണ്ടു മുതൽ 1789 –ലെ ഫ്രഞ്ച് വിപ്ലവം വരെ പോപ്പിന്റെ കീഴിലായിരുന്നു, വിപ്ലവത്തിനു ശേഷമാണ് ഫ്രാൻസിനോട് ചേർക്കപ്പെട്ടത്. അൽസാസ് ജില്ലയും, ലോറെയ്ൻ ജില്ലയും മൂന്ന് ദശവത്സരയുദ്ധത്തിനു ശേഷം ഫ്രാൻസിനോടു ചേർക്കപ്പെട്ടതാണ്. ഈ ജില്ലകളിലും യഹൂദികളുണ്ടായിരുന്നു. 16ാം നൂറ്റാണ്ടിൽ സ്പെയിനിൽ നിന്നും അടിച്ചോടിച്ച മെറാനോ യഹൂദന്മാരാണ് ഇവിടെ താമസിച്ചിരുന്നത്. പ്യാരീസിലും മറ്റുമുണ്ടായിരുന്ന ജൂതന്മാർക്ക് യാതൊരു സിവിൽ അവകാശങ്ങളും അധികാരങ്ങളുമുണ്ടായിരുന്നില്ല.

## ഫ്രഞ്ച് വിപ്ലവം – 1789

ക്രിസ്ത്യൻ പൗരോഹിത്യത്തിന് പ്രാബല്യമുണ്ടായിരുന്ന ഫ്യൂഡലിസത്തിനും രാജവാഴ്ചക്കുമെതിരെ ഗതിമുട്ടിയ സാധാരണക്കാർ നടത്തിയ അതിഭീകരവും രക്തരൂക്ഷിതവുമായ പ്രക്ഷോപണമായിരുന്നു 1789–ൽ നടന്ന ഫ്രഞ്ചുവിപ്ലവം. സമത്വം, സ്വാതന്ത്ര്യം സാഹോദര്യം എന്നീ പ്രമാണത്രയങ്ങളുടെ അടിസ്ഥാനത്തിൽ അരങ്ങേറിയ ഫ്രഞ്ചുവിപ്ലവത്തിന്റെ സ്ഫോടകശക്തിയിൽ അസമത്വത്തിന്റെയും അസ്വാതന്ത്ര്യത്തിന്റേയും പക്ഷപാതിത്വത്തിന്റേയും ചങ്ങലകൾ പൊട്ടിച്ചിതറി. മതപരമായ കാരണത്താൽ അസ്പൃശ്യതയുടെയും, അധഃസ്ഥിതത്വത്തിന്റേയും അടിമച്ചങ്ങലകളിൽ ബന്ധനസ്ഥരായ യഹൂദികൾ ഫ്രഞ്ച് വിപ്ലവത്തോടെ സ്വതന്ത്രപൗരന്മാരായി മാറുകയാണുണ്ടായത്.

യൂറോപ്പിലെ നവോത്ഥാനത്തിൽ നിന്നും ആർജ്ജിച്ച ധൈഷണികപ്രബുദ്ധതയും യുക്തിബോധവും, വിപ്ലവാവേശവും ഫ്രാൻസിലെ ദുസ്സഹമായ രാജഭരണത്തിന് കീഴിലെ പ്രക്ഷുബ്ധ സമൂഹത്തിൽ ചോരപ്പൂക്കൾ വിരിയിച്ചുകൊണ്ടാണ് പുഷ്ക്കലമായത്. അക്കാലത്ത് ഫ്രഞ്ച് സമൂഹം രാജാവിന് കീഴിൽ മൂന്ന് വിഭാഗങ്ങളായിട്ടായിരുന്നു അഥവാ എസ്റ്റേറ്റുകളായിട്ടാണ് വിഭജിക്കപ്പെട്ടിരുന്നത്. ഒന്നാം എസ്റ്റേറ്റ് ഒന്നരലക്ഷത്തോളം വരുന്ന വൈദികരായിരുന്നു. ഇവരായിരുന്നു സമൂഹത്തിലെ ഏറ്റവും പ്രവരവർഗ്ഗം. സമൂഹത്തിന്റെ മുഴുവൻ വെറുപ്പും വിദ്വേഷവും സമ്പാദിച്ച പുരോഹിതന്മാർ സന്മാർഗ്ഗദീക്ഷയില്ലാത്ത കടുത്ത ചൂഷകരായിരുന്നു. രണ്ടാമത്തെ എസ്റ്റേറ്റ് വൈദികരോട് താദാത്മ്യം പ്രാപിച്ച പ്രഭുവർഗ്ഗമായിരുന്നു. മൂന്നാമത്തെ എസ്റ്റേറ്റ് ആദ്യത്തെ രണ്ടുവിഭാഗത്തേയും രാജ്യത്തെ മൊത്തമായും തീറ്റിപോറ്റാൻ വിധിക്കപ്പെട്ട പട്ടിണിക്കാരായ സാധാരണക്കാരായിരുന്നു. ഇവരായിരുന്നു ബഹുഭൂരിപക്ഷം. ഇങ്ങിനെ ലൂയി പതിനാലാമന് കീഴിൽ ഫ്രഞ്ച് ജനത വീർപ്പ് മുട്ടി കഴിയുകയായിരുന്നു.

മതാധിഷ്ഠിതമായ ഫ്രഞ്ചു സമൂഹഘടനയെ ആകെ തകിടം മറിച്ച ഫ്രഞ്ച് വിപ്ലവത്തിന് ക്ഷിപ്രസംവേദികളായ തത്വജ്ഞാനികളും മനുഷ്യസ്നേഹികളായ ചിന്തകന്മാരുമാണ് നേതൃത്വം നൽകിയത്. അതിൽ പ്രധാനികളായിരുന്നവർ ജീൻ ജാക്വിസ് റൂസ്സോ, ഫ്റാങ്കോയിസ് വോൾട്ടയർ മൊണ്ടസ്ക്യു മുതലായവരാണ്. ക്രിസ്തുമതത്തോടും സഭയോടും വിട്ടുവീഴ്ചയില്ലാത്ത എതിർപ്പായിരുന്നു ഈ മതേതര ചിന്തകന്മാരുടെ പൊതുവേയുള്ള നിലപാട്. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. പക്ഷേ എല്ലായിടത്തും അവൻ ബന്ധനസ്ഥനാണ്' എന്ന ഉജ്ജ്വലമായ വിപ്ലവവചനം ഉരുവിട്ടുക്കൊണ്ടായിരുന്നു റൂസ്സോ യൂറോപ്പിന്റെ ചിന്താമണ്ഡലത്തിൽ ഉദിച്ചുയർന്നത്. റൂസ്സോ എഴുതിയ 'സാമൂഹ്യക്കരാർ' (Social contact) എന്ന പുസ്തകം യൂറോപ്പിലെ രാഷ്ട്രീയഘടനയേയും പൗരത്വസങ്കല്പത്തേയും ആകെ പൊളിച്ചെഴുതി. സാമൂഹ്യക്കരാർ സിദ്ധാന്തപ്രകാരം വ്യക്തികൾ അവരുടെ അവകാശങ്ങൾ സമൂഹത്തിന് അടിയറവ് വെക്കുന്നതോടെ സമൂഹം പരമാധികാരിയാവുന്നു. വ്യക്തിയുടെ ത്യാഗത്തിലൂടെ സമൂഹത്തിന് സിദ്ധിക്കുന്ന പരമാധികാരത്തിൽ വ്യക്തിക്കും പങ്കുചേരാൻ അവകാശമുണ്ട്. വ്യക്തിയും സമൂഹവുമായുള്ള ഈ ജനകീയ കരാറിലൂടെയാണ് ജനകീയ പരമാധികാരം ഉണ്ടാവുന്നത്. ദൈവദത്തവും ചോദ്യം ചെയ്യാനാവാത്തതുമായ അധികാരം എന്ന നിലക്ക് സഭയും രാജാക്കന്മാരും ചേർന്ന് നടത്തിയ ഭരണത്തിനു കീഴിൽ ഫ്രഞ്ച് ജനത സാമൂഹ്യകരാർ സിദ്ധാന്തത്തെ സ്വാഗതം ചെയ്തു. യൂറോപ്യൻ സമൂഹത്തിൽ മതപരമായ പക്ഷപാതിത്വത്തിന്റെ പേരിൽ ഏറ്റവും കൂടുതൽ പീഢനമനുഭവിച്ച യഹൂദികൾ ഇത്തരം സെക്കുലർ ചിന്തകളെ ഹൃദയാത്മനാ സ്വാഗതം ചെയ്തുവെന്ന് പറയേണ്ടതില്ലല്ലോ. റൂസ്സോ യഹൂദികളോട് അനുഭാവപൂർണ്ണമായ ഒരു സമീപനമായിരുന്നു കൈക്കൊണ്ടത്. എന്നാൽ ഫ്രഞ്ച് വിപ്ലവാചാര്യന്മാരുടെ നേതൃത്വനിരയിൽ ഉണ്ടായിരുന്ന വോൾട്ടയർ യഹൂദികളുടെ തുല്യപൗരത്വത്തിന് വേണ്ടി വാദിച്ചിരുന്നുവെങ്കിലും യഹൂദികളുമായി സാമ്പത്തിക ഇടപാടു നടത്തിയ വോൾട്ടയർ ഒരു കടുത്ത യഹൂദ വിരോധിയായിത്തന്നെ തുടർന്നതായി വിൽഡ്യൂറന്റ് തന്റെ വിശ്വപ്രശസ്തമായ Story of Civilization എന്ന ബൃഹത് കൃതിയിൽ (P. 630) പറയുന്നുണ്ട്. 'സ്വകാര്യ ദേശീയത പുലർത്തുന്ന ജനത, കൊള്ളക്കാരുടെ ജനത, ക്രൂരരും കാട്ടുനിയമങ്ങൾ കൊണ്ട് നടക്കുന്നവരുമായ മതകീയ

ജനത, മനുഷ്യവംശത്തിനെതിരെയുള്ള കുറ്റകൃത്യങ്ങളുടെ കലവറ' എന്നൊക്കെ രൂക്ഷമായ പദപ്രയോഗങ്ങളിലൂടെ ഫ്രഞ്ച് വിപ്ലവാചാര്യനായ വോൾട്ടയർ യഹൂദജനതയെ വിമർശിച്ചിട്ടുണ്ട്. തന്റെ കൃതികളിലുള്ള ഇത്തരം നിന്ദാകരമായ പരാമർശങ്ങൾ ഒരു എഴുത്തുകാരൻ ചൂണ്ടിക്കാണിച്ചപ്പോൾ താൻ അത്തരം പരാമർശങ്ങൾ പുതിയപതിപ്പിൽ നിന്ന് മാറ്റുന്നതാണെന്ന് 'Dictionaire Philosphique' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം പറയുന്നുണ്ടെങ്കിലും പിന്നീടുള്ള പതിപ്പുകളിൽ ആ പ്രയോഗങ്ങൾ അതേപടി തുടരുകയാണുണ്ടായത്. വോൾട്ടയുടെ ഈ നിലപാടിൽ മിക്ക ഫ്രഞ്ച് തത്വചിന്തകന്മാരും വിയോജിപ്പു പ്രകടിപ്പിച്ചതായും വിൽഡ്യൂറന്റ് പറയുന്നു.

വിപ്ലവസാഹിത്യങ്ങളുടെ പ്രദോചനത്താൽ മതരംഗത്തും പുതിയ വിചിന്തനങ്ങളുണ്ടായി. ചരിത്രത്തെയും മതത്തേയും നിഷ്പക്ഷമായും സെക്കുലർ വീക്ഷണത്തോടെയും പഠിക്കുവാനുള്ള സംരംഭങ്ങളുണ്ടായി. ബൈബിൾ പഠനങ്ങളിൽ യേശു പരിശീകളായ യഹൂദരെയാണ് വെറുത്തിരുന്നതെന്നും ബൈബിൾ പഴയനിയമത്തിലെ നിയമാധിഷ്ഠിത യഹൂദ ജീവിതത്തോട് പ്രതിബദ്ധത പുലർത്തിയ ആളായിരുന്നു എന്ന വസ്തുതക്ക് ഊന്നൽ നൽകപ്പെടുകയുണ്ടായി. യേശുവിന്റെ ജൂതായിസത്തോടുള്ള പ്രകീർത്തനങ്ങൾ ലിബറൽ ക്രിസ്ത്യാനികളെ സ്വാധീനിച്ചു. സുവിശേഷങ്ങൾ യഹൂദികളും ധാരാളമായി വായിക്കുകയുണ്ടായി. പക്ഷേ ആ സമയത്തും യഹൂദികൾക്ക് ചുമത്തപ്പെട്ടിരുന്ന പ്രത്യേക നികുതി ലൂയി പതിനാലാമൻ തുടർന്നുകൊണ്ടിരുന്നു.

ലൂയി 14–മൻ, ലൂയി 15–ാമൻ, ലൂയി 16–ാമൻ എന്നിവരാണ് വിപ്ലവ കാലഘട്ടത്തിൽ ഫ്രാൻസ് ഭരിച്ചത്. ഏകാധിപതികളും, അസാന്മാർഗ്ഗികളും, കഴിവുകുറഞ്ഞവരുമായിരുന്നു ഈ രാജാക്കന്മാർ. 1789 ജനുവരിയിൽ ഫ്രഞ്ച് സ്റ്റേറ്റ് ജനറൽ (സാധാരണക്കാരുടെ സഭ) സമ്മേളിച്ചപ്പോൾ സമത്വം ഉയർത്തിപ്പിടിക്കുന്ന ഒരു ഭരണഘടനക്കുവേണ്ടി മുറവിളിയുണ്ടായി. രാജാവ് അതിന് കൂട്ടാക്കിയില്ല. ഹൃദയത്തിൽ വിപ്ലവാഗ്നി സൂക്ഷിച്ച സാധാരണക്കാർ പ്രക്ഷുബ്ധരായി. സാധാരണക്കാർ കോമൺസ് ദേശീയ അസംബ്ലിയെന്ന് സ്വയം വിശേഷിപ്പിച്ചുകൊണ്ട് അടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു. ഫ്രഞ്ച് രാജാവ് പിന്നീട് ഗത്യന്തരമില്ലാതെ സാധാരണക്കാരുടെ ഈ സഭയെ അംഗീകരിക്കേണ്ടിവന്നു. ഈ സഭ പിന്നീട് പുതിയ ഭരണഘടനക്ക് രൂപം നൽകി. ഭരണഘടനയുടെ മുഖവുരയിൽ മനുഷ്യാവകാശ പ്രഖ്യാപനം എഴുതിച്ചേർത്തു. റൂസ്സോയുടെ ചിന്തകളുടെ പ്രതിഫലനമായിരുന്നു ഈ മനുഷ്യാവകാശ പ്രഖ്യാപനം. അതിന്റെ ആകത്തുക ഇതായിരുന്നു. 'മനുഷ്യരെല്ലാം സ്വതന്ത്രന്മാരായി ജനിക്കുകയും സ്വതന്ത്രരായി അവകാശങ്ങളിൽ സമന്മാരായി വർത്തിക്കുകയും ചെയ്യുന്നു. ഏതൊരു രാഷ്ട്രീയ വ്യവസ്ഥയുടേയും ലക്ഷ്യം, മനുഷ്യന്റെ പ്രകൃതിദത്തമായ അവകാശങ്ങളുടെ, ജീവന്റേയും, സ്വാതന്ത്ര്യത്തിന്റേയും, സ്വത്തിന്റേയും, മർദ്ദനത്തിനെതിരെയുമുള്ള സംരക്ഷണമാണ്. സഹജീവികൾക്ക് ഉപദ്രവകരമല്ലാത്ത എന്തും ഒരു മനുഷ്യന്റെ സ്വാതന്ത്ര്യമാണ്' ഫ്രഞ്ച് വിപ്ലവകാരികൾ യഹൂദരോട് അവരുടെ സമൂഹത്തിന്റെ അകൽച്ച മാറ്റി പൊതുധാരയിൽ അലിഞ്ഞ് ചേർന്നു വിപ്ലവത്തിൽ പങ്കെടുക്കാൻ അഭ്യർത്ഥിച്ചു. എങ്കിൽ മാത്രമേ വിപ്ലവത്തിന്റെ സൽഫലങ്ങളായ സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയിൽ പങ്കുപറ്റാൻ കഴിയൂ എന്നവർ താക്കീത് നൽകുകയും ചെയ്തു.

1789 ജൂലായ് 14–ാം തിയ്യതി ഫ്രഞ്ച് അധികാരവാഴ്ചയുടെ എല്ലാ തിന്മകളുടെയും പ്രതീകമായിരുന്ന ബാസ്റ്റൺ കോട്ട ജനങ്ങൾ ആക്രമിച്ചതോടെ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. കോട്ടയുടെ തലവനെ വധിച്ചുകൊണ്ടു മുന്നോട്ടു നീങ്ങിയ വിപ്ലവകാരികൾ കത്തോലിക്കാസഭയുടെ എല്ലാ സ്വത്തുക്കളും കോമൺസഭയെകൊണ്ട് ദേശവൽക്കരിച്ചു. സന്യാസിമഠങ്ങളും മറ്റു മതസംഘടനകളും അടിച്ചമർത്തപ്പെട്ടു. 1790–ൽ സിവിൽ വൈദിക ഘടന (Civil constitution of clery) നിയമപരമായി വിളംബരം ചെയ്യപ്പെട്ടു. പുരോഹിതന്മാരെ ജനങ്ങൾ തിരഞ്ഞെടുക്കണമെന്നും പോപ്പുമായി നാമമാത്രമായ ബന്ധമേ പാടുള്ളുവെന്നും വ്യവസ്ഥ ചെയ്തു. കടുത്ത കത്തോലിക്കാ മതവിശ്വാസിയായിരുന്ന ലൂയി 16ാമന് ഇതൊന്നും അംഗീകരിക്കാനായില്ല. ഭരണം നടത്തിയിരുന്ന സാധാരണക്കാരുടെ സഭയായ ദേശീയ അസംബ്ലി പെട്ടെന്നായിരുന്നു തീവ്ര വിപ്ലവകാരികൾ കയ്യേറിയത്. പിന്നീട് നടന്ന കൂട്ടക്കൊലകൾ ലോകത്തെ നടുക്കുന്നതാണ്. രാജാവായ ലൂയി 16ാമനെ വിപ്ലവകാരികൾ വധിച്ചു. സംശയം തോന്നിയവരെയെല്ലാം വിപ്ലവകാരികൾ കൂട്ടമായി കൊന്നൊടുക്കി. ഗില്ലറ്റിൻ എന്ന ഉപകരണത്തിൽ വിപ്ലവത്തിന്റെ ശത്രുക്കൾ എന്ന് മുദ്രകുത്തി ആളുകളെ കൊലപ്പെടുത്തൽ വിപ്ലവകാരികളുടെ വിനോദമായി. ഫ്രാൻസ് വിപ്ലവകാരികളുടെ ഭീകരവാഴ്ചയിൽ അമർന്നു. അതിതീവ്രവാദികളായ ജാക്കോബിനുകൾക്കു മുമ്പിൽ മിതവാദികളായ ജിറോണിസ്റ്റുകളുടെ റിപ്പബ്ലളിക്കനിസം നിഷ്പ്രഭമായി. രാജഹത്യ നടത്തി കൊലവിളിയുമായി നിൽക്കുന്ന വിപ്ലവകാരികളുടെ ഫ്രാൻസിനെ കണ്ട് യൂറോപ്പിലെ ഫ്യൂഡൽ രാജഭരണക്കൂടങ്ങളെല്ലാം ഞെട്ടി. അവസാനം വിപ്ലവകക്ഷികൾ പരസ്പരം തെറ്റിപ്പിരിഞ്ഞു. നേതാക്കന്മാരെ പരസ്പരം കൊലപ്പെടുത്തി വിപ്ലവകാരികൾ ഫ്രാൻസിന്റെ ഭരണരംഗം ഒഴിഞ്ഞു. രക്തം ചിതറി ഉദയം കൊണ്ട വിപ്ലവത്തിന്റെ സന്താനങ്ങൾ വിപ്ലവത്തിന്റെ രക്തപ്പുഴയിൽ തന്നെ മുങ്ങിച്ചത്തു.

1795ലെ കൺവെൻഷനോടെ ഫ്രാൻസിൽ ഭീകരവാഴ്ചക്ക് അറുതി വന്നു. അഞ്ചംഗങ്ങളുള്ള ഡയറക്ടറിയാണ് പിന്നീട് ഭരിച്ചത്. വിപ്ലവചിന്ത ഫ്രഞ്ച് ജനതയുടെ ദൗർബല്യമായിരുന്നു. വീണ്ടും ഡയറക്ടറേറ്റ് ഭരണത്തിനെതിരെ വിപ്ലവകാരികൾ രംഗത്തുവന്നു. ഇത്തവണ അവരെ നേരിട്ടത് അതുല്യ സൈന്യനായകനും വിശ്വവിഖ്യാത ചരിത്രപുരുഷനുമായ നെപ്പോളിയൻ ബോണാപ്പാർട്ടായി

രുന്നു. ഫ്രഞ്ച് സൈന്യത്തിൽ ഒരു സാധാരണ പട്ടാളക്കാരനായി ചേർന്ന നെപ്പോളിയൻ സ്വന്തം കഴിവുകളിലൂടെ ഒരു പട്ടാളനായകനായി വളർന്നു. വിപ്ലവത്താൽ തളർന്നു കിടന്ന ഫ്രാൻസിനെ ആക്രമിക്കാൻ പുറമെ നിന്ന് യൂറോപ്പിലെ രാജാക്കന്മാരും അകത്തു നിന്ന് ഫ്രാൻസിനെ ബലഹീനമാക്കാൻ വിപ്ലവകാരികളു ശ്രമിച്ചിരുന്ന പ്രത്യേക സാഹചര്യത്തിലാണ്, റോമിന് സീസറെന്നപോലെ, ഫ്രാൻസിൽ നെപ്പോളിയൻ രംഗപ്രവേശനം ചെയ്തത്. ഫ്രാൻസിനെ ആക്രമിക്കാൻ മുതിർന്ന അയൽരാജ്യങ്ങളെ ഓരോന്നോരാന്നായി കീഴടക്കി. അദ്ദേഹം ഫ്രാൻസിനെ യൂറോപ്പിനെ മുഴുവൻ ഉൾക്കൊള്ളുന്ന സാമ്രാജ്യമാക്കി. ഫ്രഞ്ച് വിപ്ലവത്തിന്റെയും നെപ്പോളിയന്റെയും രാഷ്ട്രീയഗതി ഈ ലേഖനത്തിന്റെ വിഷയമല്ലാത്തതിനാൽ യഹൂദികളുമായുള്ള നെപ്പോളിയന്റെ ബന്ധത്തിലേക്ക് നമുക്ക് തിരിച്ചുവരാം.

## നെപ്പോളിയനും യഹൂദികളും

ഫ്രാൻസിനെ നെപ്പോളിയൻ അരാജകത്വത്തിൽ നിന്നു രക്ഷിക്കുക മാത്രമല്ല. യൂറോപ്പിലെ ഒരു സാമ്രാജ്യമായി മാറ്റുകയും താൻ സ്വയം ഒരു സാമ്രാട്ടാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കൃസ്തുസഭയെ വെറുത്തിരുന്ന നെപ്പോളിയന് പീഡിതരായ യഹൂദികളോട് താല്പര്യവും അനുഭാവവുമുണ്ടായിരുന്നു. 1806– ജനുവരിയിൽ ആസ്റ്റർ ലിറ്റ് യുദ്ധം കഴിഞ്ഞ് മടങ്ങിവരുമ്പോൾ അദ്ദേഹം സ്ട്രാസ്ബർഗ്ഗിൽ തങ്ങുകയുണ്ടായി. അൽസാസ് പ്രദേശത്തുള്ള പാവപ്പെട്ട കർഷകത്തൊഴിലാളികൾ തങ്ങളെ സാമ്പത്തിക പ്രയാസങ്ങളിൽ നിന്നും രക്ഷിക്കാനുള്ള അപേക്ഷയുമായി നെപ്പോളിയനെ സമീപിച്ചു. ഫ്രഞ്ച് വിപ്ലവം ഈ തൊഴിലാളികളെ പൊടുന്നനെ ഫ്യൂഡൽ പ്രഭുത്വത്തിന്റെ ദാസ്യത്തിൽ നിന്നും മോചിപ്പിച്ചപ്പോൾ അവർക്ക് തൊഴിൽ നഷ്ടപ്പെടുകയും വിശപ്പടക്കാൻ മറ്റു മാർഗ്ഗമില്ലാതെ ഉഴലുകയുമായിരുന്നു. അവിടെയുള്ള ബാങ്കർമാർ മുഴുവനും ജർമ്മൻ ജൂതന്മാരായിരുന്നു. അവരോട് പാവപ്പെട്ട കർഷകർക്ക് ഭൂമിയും ഉപകരണങ്ങളും വാങ്ങാൻ പണം കടം കൊടുക്കണമെന്ന് നെപ്പോളിയൻ ആജ്ഞാപിച്ചു. ബാങ്കർമാർ പതിനാറ് ശതമാനം പലിശക്ക് പാവപ്പെട്ട കർഷകർക്ക് പണം കടം നൽകി. ഇത് വളരെ അധികമായിരുന്നു. കർഷകർക്ക് അത് തിരിച്ചടക്കാനായില്ല. അൽസാസിലെ കർഷകർ ക്ഷുഭിതരായി യഹൂദികളെ ആക്രമിക്കാനൊരുങ്ങിയ വിവരം നെപ്പോളിയനറിഞ്ഞു. അദ്ദേഹം കൗൺസിൽ വിളിച്ചുചേർത്തപ്പോൾ ചിലർ യഹൂദികളുടെ കൊള്ളപലിശക്കെതിരെ കർശന നിലപ്പാടുകൾ സ്വീകരിക്കണമെന്നും ബാങ്കിങ്ങ് ലൈസൻസ് എടുത്തുകളയണമെന്നും അഭിപ്രായപ്പെട്ടു. മറ്റു ചിലരാകട്ടെ അവരുടെ പൗരാവകാശങ്ങൾ നിരോധിക്കുന്നതിനോട് വിയോജിച്ചു. നെപ്പോളിയൻ രണ്ടു ചേരികളേയും അനുരഞ്ജിപ്പിച്ചു. അൽസാസിലെ യഹൂദർ ഒരുവർഷത്തേക്ക് കടം തിരികെ വാങ്ങരുതെന്ന് നിർദ്ദേശിച്ചു. തുടർന്ന് യഹൂദരും ക്രിസ്ത്യാനികളുമായുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ അദ്ദേഹം ഒരു കൗൺസിൽ വിളിച്ചുകൂട്ടുകയും ചെയ്തു.

അതിനുമുമ്പ് നെപ്പോളിയൻ യഹൂദന്മാർക്ക് ഒരു ചോദ്യാവലി നൽകിയിരുന്നു. ആ ചോദ്യാവലി ചർച്ച ചെയ്യാൻ യഹൂദപ്രമാണിമാരും റബ്ബിമാരും സാധാരണക്കാരും 1806 ജൂലായ് മാസം പാരീസിലെ ഒരു ഹോട്ടലിൽ സമ്മേളിച്ചു. നെപ്പോളിയന്റെ ചോദ്യങ്ങൾ ഇവയായിരുന്നു. ജൂതന്മാർ ബഹുഭാര്യത്വം ആചരിക്കുന്നുണ്ടോ? ജൂതന്മാർ ക്രിസ്ത്യാനികളെ വിവാഹം കഴിക്കുമോ? വിവാഹമോചനം നടത്താൻ റബ്ബിമാർക്ക് (യഹൂദ പുരോഹിതന്മാർ) സ്വതന്ത്ര അധികാരമുണ്ടോ? അതോ സിവിൽ അധികാരികളുടെ അംഗീകാരം വേണമോ? യഹൂദികൾ പലിശ അനുവദനീയമാണെന്ന് കരുതുന്നുണ്ടോ? നെപ്പോളിയനെ സന്തോഷിപ്പിക്കുന്ന രൂപത്തിൽ ഉത്തരം പറയാൻ യഹൂദർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവരുടെ ഉത്തരം ഇപ്രകാരമായിരുന്നു. ബഹുഭാര്യത്വം യഹൂദസമുദായത്തിൽ നിരോധിച്ചിരിക്കുന്നു. സിവിൽ കോടതികളുടെ അംഗീകാരത്തിനു വിധേയമായി മാത്രമേ വിവാഹമോചനം അനുവദിക്കുകയുള്ളൂ. ക്രിസ്ത്യാനികളുമായുള്ള വിവാഹം അനുവദനീയമാണ്. പലിശ മോസസിന്റെ നിയമത്തിന് വിരുദ്ധമാണ്. യഹൂദ മുഖ്യന്മാരുടെ ഉത്തരം കേട്ട് സംതൃപ്തനായ നെപ്പോളിയൻ കൗണ്ട് ലൂയിസ് മോളിനെ തന്റെ തൃപ്തി അറിയിക്കാൻ യഹൂദരുടെ അടുത്തേക്ക് പറഞ്ഞയച്ചു. അദ്ദേഹം പറഞ്ഞ വാക്കുകൾ വിൽഡ്യൂറന്റ് തന്റെ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. "പുരാതനമായ ഈ ജനതയുടെ ഈ സംഗമം കാണുമ്പോൾ ആരാണ് അത്ഭുതപ്പെടാതിരിക്കുക. കഴിഞ്ഞ നൂറ്റാണ്ടുകളിലെ ആരെങ്കിലും ഒരാൾ മടങ്ങിവരുകയും അയാൾ ഈ കാഴ്ച കാണുകയും ചെയ്താൽ വിശുദ്ധ നഗരത്തിന്റെ (ജറുസലേമിന്റെ) ഭിത്തിക്കുള്ളിൽ അയാൾ പറിച്ചുനട്ടവനാണോ എന്ന് സംശയം തോന്നാം!'

യഹൂദികളുടെ പൗരാവകാശങ്ങളുടെ പ്രഖ്യാപനം നടത്താൻ ഒരു സുനേദ്രം വിളിച്ചുചേർക്കാൻ നെപ്പോളിയൻ ഉത്തരവിട്ടു. സുനേദ്രം എന്നാൽ യഹൂദികളുടെ പരമോന്നത സഭയാണ്. അത് ഏ.ഡി 66–ൽ ടൈറ്റസ് ജെറുസലേം ആക്രമിക്കുന്നതിന് മുമ്പായിരുന്നു അവസാനമായി വിളിച്ചുചേർത്തത്. പതിനേഴ് നൂറ്റാണ്ടുകൾക്ക് ശേഷം യഹൂദികൾ അവരുടെ സുനേദ്രം വിളിച്ചുചേർക്കണമെന്ന നെപ്പോളിയന്റെ അഭ്യർത്ഥന ജൂതന്മാരിൽ എന്തെന്നില്ലാത്ത ആത്മാഭിമാനവും ആഹ്ലാദവും സംജാതമാക്കി. യൂറോപ്പിലെ എല്ലാ പ്രമുഖ സിനഗോഗുകളിലും സുനേദ്രത്തിലേക്ക് പ്രതിനിധികളെ അയക്കാനുള്ള ഫ്രഞ്ച് സാമ്രാട്ടിന്റെ ക്ഷണം അയച്ചു. ഫ്രഞ്ച് പൗരന്മാരെപോലെ ചരിത്രത്തിലാദ്യമായി അവർക്ക് തുല്യ പൗരാവകാശം കൊടുക്കാൻ പോകുകയായിരുന്നു. ഈ മഹൽസുദിനത്തെ സംബന്ധിച്ച വിചാരം പോലും യഹൂദികളിൽ ഹർഷോന്മാദമുണ്ടാക്കി. നിർഭാഗ്യകരമെന്ന് പറയട്ടെ സുനേദ്രത്തിന് നിശ്ചയിക്കപ്പെട്ട ദിവസത്തിന്റെ ഏഴ് ദിവസ

ങ്ങൾക്ക് മുമ്പ് നെപ്പോളിയൻ ഒരു പടയോട്ടത്തിൽ ഏർപ്പെട്ടുപോയതിനാൽ സുനേദ്രം നടക്കാതെപോയി. 1807 ഫെബ്രുവരി 9ാം തിയ്യതി വിളിച്ചു ചേർത്ത മറ്റൊരു യോഗത്തിൽ 45 റബ്ബിമാരും 26 യഹൂദപ്രമുഖരും പങ്കെടുത്തു. നെപ്പോളിയന്റെ പ്രതിനിധിയായി പങ്കെടുത്തവർ യഹൂദരോട് ചില വിശദീകരണങ്ങൾ വീണ്ടും ചോദിക്കുകയും യഹൂദർ അതിന് മറുപടി പറയുകയും ചെയ്തു. യഹൂദരോട് അവർ ചില നിർദ്ദേശങ്ങൾ നൽകി അതായത്, ക്രിസ്ത്യാനികളോടുള്ള വിരോധം അവസാനിപ്പിക്കുക, അവരുടെ സ്വന്തം രാജ്യം എന്നപോലെ ഫ്രാൻസിനെ സ്നേഹിക്കുക, രാജ്യരക്ഷക്കുള്ള സൈനിക സേവനങ്ങളിൽ ഏർപ്പെടുക, പലിശവ്യാപാരം ഒഴിവാക്കുക, കൃഷിയിലേക്കും, കരകൗശല വ്യവസായത്തിലേക്കും കലാവസ്തു നിർമ്മാണത്തിലേക്കും കൂടുതലായി ഏർപ്പെടുക. മുതലായവയായിരുന്നു നിർദ്ദേശങ്ങൾ.

ഒരു വർഷത്തിനുശേഷം 18 മാർച്ച് 1808ൽ നെപ്പോളിയൻ യഹൂദികളെ സംബന്ധിച്ച അന്തിമ പ്രഖ്യാപനം നടത്തുകയുണ്ടായി. ലോറെയ്നും, അൽസാസും ഒഴികെ ഫ്രാൻസിലെ മുഴുവൻ യഹൂദർക്കും പൂർണ്ണ പൗരസ്വാതന്ത്ര്യം നെപ്പോളിയൻ പ്രഖ്യാപിച്ചു. പത്തുവർഷത്തിനുള്ളിൽ ലോറെയിതിലെയും അൽബാസിലേയും സ്ഥലങ്ങളിലെ കുട്ടികളുടേയും, സ്ത്രീകളുടെയും, പട്ടാളക്കാരുടേയും പലിശകളെല്ലാം യഹൂദർ മാപ്പാക്കി. അവിടെ യഹൂദർക്ക് പ്രത്യേക ലൈസൻസില്ലാതെ കച്ചവടം ചെയ്യാൻ അനുവദിക്കുകയും ചെയ്തു. 1810 നെപ്പോളിയൻ ചക്രവർത്തി ഫ്രഞ്ച് സമൂഹവുമായി യഹൂദികൾ കൂടുതൽ കൂടിക്കലരാൻ വേണ്ടി ഫ്രഞ്ച് ഭാഷയിലുള്ള കുടുംബനാമങ്ങൾ ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.റോമിലെ ജെസ്റ്റീനിയൻ ചക്രവർത്തിക്ക് ശേഷം യൂറോപ്പിലെ സിവിൽ ക്രിമിനൽ നിയമങ്ങൾ പരിഷ്കരിച്ച് ക്രോഡീകരിച്ചതിന്റെ പ്രശസ്തി നെപ്പോളിയന് മാത്രം അവകാശപ്പെട്ടതാണ്. 'നെപ്പോളിയന്റെ നിയമസംഹിത' (Napolena Code) എന്നാണ് അത് അറിയപ്പെടുന്നത്. സിവിൽ സമത്വം, മതസഹിഷ്ണുത, കൃഷിക്കാരുടെ വിമോചനം, പൊതുവിചാരണ, ജൂറിസമ്പ്രദായം എന്നീ പരിഷ്ക്കാരങ്ങളെല്ലാം നെപ്പോളിയന്റെതായിരുന്നു – സ്വാഭാവികമായും യഹൂദസമുദായവും ഇതിന്റെയെല്ലാം ഗുണഭോക്താക്കളായി.

## വിയന്നാ കോൺഗ്രസ്സും യഹൂദികളും

യൂറോപ്പിനെ സ്വന്തം കാൽക്കീഴിലാക്കിയ നെപ്പോളിയന് ബ്രിട്ടനെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. തന്റെ വറുതിയിലാക്കിയ കോൺടിനന്റൽ വ്യവസ്ഥ എന്ന പേരിൽ യൂറോപ്പ്യൻ രാജ്യങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉപരോധവ്യവസ്ഥ ബ്രിട്ടനെതിരെ സംഘടിപ്പിച്ചെങ്കിലും നാവികശക്തിയിൽ അജയ്യമായിരുന്ന ബ്രിട്ടനെ പരാജയപ്പെടുത്താൻ നെപ്പോളിയനായില്ല. ബ്രിട്ടീഷ് ഉല്പന്നങ്ങൾ ആവശ്യമായിരുന്ന യൂറോപ്യൻ രാജ്യങ്ങളിൽ ഈ ഉപരോധം വിജയം കണ്ടില്ല. യൂറോപ്യൻ രാജ്യങ്ങളെ അടിച്ചമർത്തിക്കൊണ്ടുള്ള നെപ്പോളിയന്റെ ഏകാധിപത്യ ഭരണം തദ്ദേശീയമായ ദേശീയ ബോധത്തെ ആളിക്കത്തിക്കുകയും ഫ്രാൻസിനെതിരെ തിരിയാനും ആഞ്ഞടിക്കാനും ആ രാജ്യങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. സ്പെയിൻ, പ്രഷ്യ, ജർമ്മനി, റഷ്യ എന്നീ രാജ്യങ്ങളെല്ലാം നെപ്പോളിയനോടു യുദ്ധം പ്രഖ്യാപിച്ചു. അവസാനം വാട്ടർ ലൂ യുദ്ധത്തിൽ വെച്ച് നെപ്പോളിയൻ ബ്രിട്ടനോടു തോറ്റു. അദ്ദേഹത്തെ സെന്റ് ഹെലീനാ ദ്വീപിലേക്ക് ബ്രിട്ടീഷുകാർ നാടുകടത്തി. അവിടെവെച്ച് നെപ്പോളിയൻ കാൻസർ ബാധിച്ചു മരിച്ചു.

യൂറോപ്പിന്റെ രാഷ്ട്രീയ മണ്ഡലത്തിൽ നിന്നു ഉൾവലിഞ്ഞ രാജഭരണം നെപ്പോളിയന്റെ പതനത്തിന് ശേഷം വീണ്ടും ശക്തിയാർജ്ജിച്ചു തലപൊക്കി. പഴയ ഫ്യൂഡലിസ്റ്റ് ക്രിസ്തീയ വാഴ്ചയിലേക്ക് യൂറോപ്പിനെ പിടിച്ചുവലിക്കാനും യഹൂദികൾക്ക് അനുവദിച്ച പൗരാവകാശങ്ങൾ റദ്ദ് ചെയ്യാനും നീക്കങ്ങളുണ്ടായി. നെപ്പോളിയൻ തന്റെ പതനം ആസന്നമായപ്പോൾ പറഞ്ഞത് ഏറെക്കുറെ അന്വർത്ഥമായി. 'വാട്ടർ ലൂവിലെ തന്റെ പതനത്തിൽ യൂറോപ്പ് പരിതപിക്കുമെന്നായിരുന്നു' അദ്ദേഹം പറഞ്ഞത്. യൂറോപ്യൻ രാജാക്കന്മാർ ആസ്ട്രിയയുടെ തലസ്ഥാനമായ വിയന്നയിൽ സമ്മേളിച്ചു. 1815ലെ ഈ സമ്മേളനത്തെയാണ് 'വിയന്ന കോൺഗ്രസ്സ്' എന്ന് വിളിക്കുന്നത്. നെപ്പോളിയൻ ഏകീകരിച്ച യൂറോപ്പിന്റെ ഭൂപടം രണ്ടാമതും മാറ്റി വരക്കാനായിരുന്നു പിൻതിരിപ്പന്മാരായ രാജാക്കന്മാരുടെ ശ്രമം. ചരിത്രത്തിലാദ്യമായി ജൂതന്മാർ അവരുടെ നിവേദനം സമർപ്പിക്കാൻ വിയന്നാ കോൺഗ്രസ്സിലേക്ക് പ്രതിനിധികളെ അയച്ചു. ജൂതന്മാരുടെ അവകാശങ്ങൾ വിയന്നാ കോൺഗ്രസ് പുനസ്ഥാപിച്ചുവെങ്കിലും യാഥാസ്ഥികന്മാർ ചില വ്യവസ്ഥകൾ ജൂതന്മാരുടെ മേൽ അടിച്ചേൽപ്പിക്കുകയുണ്ടായി. വിദേശശക്തികളുടെ പ്രേരണയാൽ ജൂത വിമോചനം കൊണ്ടുവരുന്നതിനോട് ക്രിസ്തീയ രാജാക്കന്മാർ യോജിച്ചില്ല. ഇക്കാര്യത്തിൽ അതാത് രാജ്യങ്ങളിലെ രാജാക്കന്മാരാണ് തീരുമാനമെടുക്കേണ്ടതെന്ന് അവർ വാദിച്ചു. യൂറോപ്പിലെ വിശുദ്ധ സഖ്യം എന്നറിയപ്പെട്ടിരുന്ന റഷ്യയിലും, പ്രഷ്യയിലും, ആസ്ത്രിയയിലും യഹൂദികൾക്കെതിരെ നിരവധി ലഘുലേഖകളും പ്രചരണങ്ങളും വീണ്ടും പ്രത്യക്ഷപ്പെട്ടു. അതായത് ക്രിസ്ത്യാനികൾക്കൊപ്പം തുല്യപൗരന്മാരായി യഹൂദരെ കാണാൻ ഒരിക്കലും സാധ്യമല്ല എന്നായിരുന്നു അവരുടെ നിലപാട്. ഹോളണ്ടൊഴികെ യൂറോപ്പിലുടനീളം യഹുദന്മാർക്കെതിരെയുള്ള യൂറോപ്പിന്റെ പഴയ വിരോധം വീണ്ടും നാമ്പെടുത്തു. ഫ്രഞ്ച് വിപ്ലവം വരെ യൂറോപ്പിൽ യഹൂദികൾക്ക് നിരോധനങ്ങളും വിലക്കുകളുമായിരുന്നു

*(ശേഷം 33-ാം പേജിൽ)*

ലേഖനം

പാക്കിസ്താനിൽ നിന്നൊരു രക്തസാക്ഷിത്വം - 2

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനെ രക്ഷിച്ച വിശുദ്ധ ബലിദാനം

എസ്. മുഹമ്മദ് സലീം

## മിർസാ ഗുലാം ഖാദിറിന്റെ രക്തസാക്ഷിത്വത്തെപറ്റി

വാഗ്ദത്ത മസീഹിന്റെ തിരുരക്തം സിരകളിലോടുന്ന മിർസാഗുലാം ഖാദിർ തന്റെ ബലിദാനത്തോടെ അഹ്മദിയ്യാ ജമാഅത്തിനെതിരിൽ രക്തപങ്കിലമായി തീരുമായിരുന്ന ഒരു ഹീനമായ ഗൂഢാലോചനയാണ് നിർവ്വീര്യമാക്കിയത്. ഈ ഗൂഢാലോചന പ്രാവർത്തികമായിരുന്നുവെങ്കിൽ ദേശവ്യാപകമായി പാകിസ്ഥാനിലെ നിർദ്ദോഷികളായ അഹ്മദികൾക്കെതിരെ വമ്പിച്ച കലാപം അഴിച്ചുവിടപ്പെടുമായിരുന്നുവെന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ആത്മീയ നേതാവായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് നാലാമൻ (റഹ്) 1999 ഏപ്രിൽ 16–ാം തീയതി തന്റെ വെള്ളിയാഴ്ച ജുമുഅ പ്രഭാഷണത്തിൽ പ്രസ്താവിക്കുകയുണ്ടായി.

"ഹസ്രത്ത് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് പ്രസ്താവിക്കുന്നു. 'വാഗ്ദത്ത മസീഹിന്റെ കുടുംബത്തിലെ പ്രഥമ രക്തസാക്ഷിയായ മിർസാ ഗുലാം ഖാദിറിന്റെ ശഹാദത്തുമായി ബന്ധപ്പെട്ട് വസ്തുതകൾ ജമാഅത്തിലെ സഹോദരങ്ങളുടെ അറിവിലേയ്ക്ക് ഞാൻ പറയുകയാണ്. നിസ്തുലമായ ഈ ശഹാദത്ത് മറ്റ് ശഹാദത്തുകളുമായി താരതമ്യം ചെയ്യാൻ സാധ്യമല്ലാത്ത ഒരു മഹാസംഭവമാണ്. ചിലർ ധരിച്ചേക്കാം ഗുലാം ഖാദിർ എന്റെ അടുത്ത ബന്ധുവായത് കൊണ്ടാണ് ഈ ശഹാദത്തിന് ഞാൻ പ്രാധാന്യം കാണുന്നത് എന്ന്. വസ്തുതകളുടെ തിരശ്ശീല നീക്കപ്പെടുമ്പോൾ എന്റെ ബന്ധുത്വത്തിന്റെ പ്രശ്നമല്ലെന്നും യഥാർത്ഥത്തിൽ ഇതൊരു മഹത്തായ ശഹാദത്ത് തന്നെയാണെന്ന് തിരിച്ചറിയുകയും ചെയ്യും. ഇവിടെ സന്നിഹിതരായിരിക്കുന്ന സഹോദരീ സഹോദരന്മാരെല്ലാം നമ്മളിൽ നിന്ന് വിട്ടുപോയ ഗുലാം ഖാദിറിന് വേണ്ടി ജനാസ ഗായിബിൽ പങ്ക് ചേരണമെന്ന് അപേക്ഷിക്കുന്നു. ഗുലാം ഖാദിർ വാഗ്ദത്ത മസീഹിന്റെ 3–ാമത്തെ പരമ്പരയിലാണ് ജനിക്കുന്നത്. വാഗ്ദത്ത മസീഹ് (അ) തന്റെ പുത്രനായ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് (റ) ന്റെ പൗത്രനും വാഗ്ദത്ത മസീഹ് (അ)ന്റെ ഇളയ പുത്രിയായ ഹദ്റത്ത് അമത്തുൽ ബീഗം സാഹിബയുടെ പൗത്രനും സാഹിബ് സാദാ മിർസാ മജീദ് അഹ്മദ് സാഹിബിന്റേയും കുദുസിയ ബീഗം സാഹിബയുടെയും ചെറിയ മകനുമായിരുന്നു അദ്ദേഹം. അങ്ങിനെ വാഗ്ദത്ത മസീഹിന്റെ പുത്രന്റേയും പുത്രിയുടേയും രക്തമായിരുന്നു ഗുലാം ഖാദിറിന്റെ ധമനികളിൽ ഓടിക്കൊണ്ടിരുന്നത്. ബന്ധം അവിടേയും അവസാനിക്കുന്നില്ല. അദ്ദേഹം എന്റേയും അടുത്ത കുടുംബത്തിൽ പെട്ട ആളായിരുന്നു. ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റെ സച്ചരിതരായ കുടുംബത്തിലെ പല മഹാന്മാരുടേയും രക്തം ശഹീദിന്റെ ധമനികളിൽ ഓടിയിരുന്നത് യാദൃച്ഛികമായിരുന്നില്ല. ഭൗതീക വിദ്യാഭ്യാസത്തിൽ അസാധാരണമായ പാണ്ഡിത്യവും നിഗൂഢമായ കഴിവുകളും അദ്ദേഹത്തിൽ പ്രകടമായിരുന്നു. അദ്ദേഹം തന്റെ പരിശുദ്ധമായ ജീവിതം ജമാഅത്തിന് സമർപ്പണം ചെയ്തു എന്നതിലാണ് അദ്ദേഹത്തെ നാം ആദരിക്കുന്നതും ബഹുമാനിക്കുന്നതും. അതിന്റെ പ്രതിഫലം അദ്ദേഹത്തിന് എന്നെന്നും ലഭിച്ചുകൊണ്ടിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം റബ്വയിലും, പബ്ലിക് സ്കൂൾ അബോട്ടാബാദിലുമായിരുന്നു. പെഷവാർ യൂണിവേഴ്സിറ്റിയിൽ നിന്ന് എഫ്.എസ്.സി. പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കി. പിന്നീട് ലാഹോർ എൻജിനീയറിംഗ് യൂണിവേഴ്സിറ്റിയിൽ ഇലക്ട്രിക്കൽ എൻജിനീയറിംഗിൽ ബിരുദം കരസ്ഥമാക്കി. ഉപരി പഠനത്തിനായി യു.എസ്.എ.യിൽപോകുകയും ജോർജ് മാസൺ യൂണിവേഴ്സിറ്റിയിൽ നിന്നും കമ്പ്യൂട്ടർ സയൻസിൽ ബിരുദാനന്തരബിരുദവും നേടി, പഠനം

പൂർത്തിയാക്കി പാകിസ്ഥാനിലേയ്ക്ക് മടങ്ങുകയും ചെയ്തു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സാർവ്വ ദേശീയ കേന്ദ്രമായ റബ്‌വയിൽ കമ്പ്യൂട്ടർ ഡിപ്പാർട്ട് മെൻറ് സ്ഥാപിക്കലും ആധുനീകവൽക്കരണവും ഖാദിറിൽ നിക്ഷിപ്തമായിരുന്നു. നൂതനമായ പല പരിഷ്കാരങ്ങളും കമ്പ്യൂട്ടർ ഡിപ്പാർട്ട്മെന്റിൽ നടത്തി ഖാദിർ തന്റെ വൈദഗ്ദ്യം തെളിയിക്കുകയുണ്ടായി. ലോകോത്തര കഴിവുറ്റ അസാമാന്യ കമ്പ്യൂട്ടർ പ്രതിഭകളെ ഈ സ്ഥാപനത്തിൽ കൂടി ഖാദിറിന് സൃഷ്ടിക്കുവാൻ കഴിഞ്ഞു. മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഈ കമ്പ്യൂട്ടർ സെന്റർ ഒരിക്കലും പിന്നിലായിരുന്നില്ല. നിരവധി ആധുനിക സംവിധാനങ്ങൾ ഈ സ്ഥാപനത്തിൽ സജ്ജീകരിക്കുകയുണ്ടായി. ഇംഗ്ലണ്ടിൽ തങ്ങൾക്ക് അമിതഭാരം കൊണ്ട് ചെയ്യാൻ കഴിയാതിരുന്ന പ്രസിദ്ധീകരണ സംബന്ധമായ പല ഉത്തരവാദിത്തങ്ങളും റബ്‌വയിലെ ഈ കമ്പ്യൂട്ടർ സെന്ററിൽ നിന്നാണ് നടത്തിക്കൊണ്ടിരുന്നത്. ഈ സെന്ററിന്റെ സഹായത്താൽ പല ഗ്രന്ഥങ്ങളും അനായാസം പുറത്തിറക്കുവാൻ സാധ്യമായി. അവിടെ നിന്നും തയ്യാറാക്കപ്പെടുന്ന ഫ്‌ളോപ്പിഡിസ്ക്കുകൾ മുഖേനയാണ് പല ഗ്രന്ഥങ്ങളും പുറത്തിറക്കിക്കൊണ്ടിരുന്നത്. ഇതിന്റെയെല്ലാം ബഹുമതി ഗുലാം ഖാദിറിനായിരുന്നു.

## ഗുലാം ഖാദിറിന്റെ സഹധർമ്മിണിയും മക്കളും

ഗുലാം ഖാദിർ കർമ്മോദ്യുക്തനും നിശ്ശബ്ദനും അസാമാന്യപ്രതിഭാശാലിയുമായിരുന്നു. അദ്ദേഹത്തിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ ഒരുതരത്തിലുള്ള പ്രകടനാത്മകതയുമില്ലാതെ കൃത്യസമയത്ത് ചെയ്തുതീർക്കുമായിരുന്നു. അദ്ദേഹത്തിന്റെ വിനയം അദ്ദേഹത്തിന്റെ മഹത്വത്തിന്റെ മകുടോദാഹരണമാണ്. 1962 ജനുവരി 21–ാം തീയതിയാണ് അദ്ദേഹം ജനിച്ചത്. ശഹീദാകുന്ന സമയത്ത് അദ്ദേഹത്തിന് 37 വയസ്സ് പ്രായമായിരുന്നു. അദ്ദേഹത്തിന്റെ പത്നി അമത്തുൽ നാസിർ നുസ്രത്ത്, 9 വയസ്സ് പ്രായമുള്ള മൂത്തമകൻ സത്ത്‌വത്ത് ജഹാൻ, 7 വയസ്സ് പ്രായമുള്ള കിഷൻ അഹ്മദ്, ഇരട്ട ആൺമക്കളായ മുഹമ്മദ് മുഫ്‌ലിഹിനേയും, നൂറുദ്ദീനേയും വിട്ടേച്ചാണ് അദ്ദേഹം പോയത്. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം മറ്റ് രക്തസാക്ഷിത്വത്തിൽ നിന്ന് വളരെയധികം വിഭിന്നമാണ്. ഗുലാം ഖാദിറിന്റെ രക്തസാക്ഷിത്വം ദേശവ്യാപകമായ ഒരു ദുരന്തത്തിൽ നിന്നാണ് അഹ്മദികളെ സംരക്ഷിച്ചത്. ഇത്തരത്തിലുള്ള ഒരു ശഹാദത്ത് മുമ്പുണ്ടായിട്ടില്ല. അല്ലാത്ത പക്ഷം എത്രയോ ജീവിതങ്ങൾ ഹോമിക്കപ്പെടുകയും അറുകൊല ചെയ്യപ്പെടുകയും ചെയ്യുമായിരുന്നു.

## ഭീകരരുടെ നിഗൂഢമായ ലക്ഷ്യം

പ്രസ്തുത സംഭവം ഹീനമായ ഗൂഢലക്ഷ്യം വെച്ചുള്ളതും ഭീകരമായ രൂപത്തിൽ ആസൂത്രണം ചെയ്തതുമായിരുന്നു. അന്വേഷണങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. ആരംഭത്തിൽ അന്വേഷണോദ്യോഗസ്ഥന്മാർ പ്രസ്തുത ഗൂഢപദ്ധതി രഹസ്യമാക്കിവെക്കുവാൻ ശ്രമിച്ചിരുന്നു. എന്നാൽ നമ്മുടെ വിദഗ്ധന്മാർ പ്രസ്തുത സംഭവത്തിന്റെ ചുരുളഴിക്കുവാൻ കഠിനമായി യത്നിച്ചുകൊണ്ടിരിക്കയാണ്. തീർച്ചയായും അവർ ഇതുമായി ബന്ധപ്പെട്ട വസ്തുതകൾ പുറത്തുകൊണ്ടുവരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. (ഇ.അ) ഇത് വരെ ലഭിച്ച വസ്തുതകളും കണ്ടെത്തിയ യാഥാർത്ഥ്യങ്ങളും ആത്മവിശ്വാസത്തോടുകൂടി നിങ്ങളെ അറിയിക്കട്ടെ. ഗുലാം ഖാദിറിനെ തട്ടിക്കൊണ്ട് പോയത് ലഷ്കറെ ജാംഗ് വി എന്ന കൊടും ഭീകര സംഘടനയിൽപ്പെട്ട പിടികിട്ടാപുള്ളികളായ നാല് നിഷ്ഠൂരന്മാരായിരുന്നു. ഈ നാല് പേരും പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഭീകരപ്പട്ടികയിൽ പെട്ടവരും പല ഭീകരകൃത്യങ്ങളിലും ഉൾപെട്ട ഇവരുടെ ഓരോരുത്തരുടേയും തലയ്ക്ക് 20 ലക്ഷം രൂപയാണ് പ്രതിഫലം നിശ്ചയിച്ചുള്ളത്. ഇവരുടെ നേതാവ് കുപ്രസിദ്ധനായ ഒരു മുല്ലയാണ്. ഈ നീചന്റെ തലയ്ക്കും 20 ലക്ഷം രൂപ പ്രതിഫലം പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യങ്ങൾ ചുരുളഴിക്കുന്ന വിദഗ്ധരുമായി നാം ബന്ധപ്പെട്ടപ്പോൾ അവരുടെ ഏകകണ്ഠമായ അഭിപ്രായം ശിയാമതവിഭാഗത്തെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആക്രമിച്ചു എന്നു വരുത്തിത്തീർക്കലായിരുന്നു അവരുടെ ലക്ഷ്യം. എന്നിട്ട് എല്ലാ ഉത്തരവാദിത്തങ്ങളും സിപായെ സഹാബ(ഒരു സുന്നി തീവ്രവാദി സംഘടന)യിൽ ആരോപിക്കുകയാണെന്നും ഇത്തരം കുറ്റകൃത്യങ്ങളിൽ സിപായെ സഹാബയ്ക്ക് ഒരു തരത്തിലും പങ്കില്ലെന്നും മറിച്ച് എല്ലാ നിഷ്ഠൂര കൃത്യങ്ങളുടേയും പിന്നിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണെന്ന് വരുത്തിത്തീർക്കലുമായിരുന്നു. ഈ പദ്ധതി പ്രാവർത്തികമായിരുന്നുവെങ്കിൽ ദേശവ്യാപകമായി പാകിസ്ഥാനിൽ അഹ്മദികൾക്കെതിരെ കലാപം പൊട്ടിപ്പുറപ്പെട്ട് ഭീകരരൂപം പ്രാപിച്ച് നിരവധി നിഷ്കളങ്കരായ അഹ്മദികളുടെ രക്തം ഹോമിക്കപ്പെടുമായിരുന്നു.

അതുകൊണ്ട് വിദഗ്ധരുടെ അഭിപ്രായം ഭീകരരുടെ കാറിൽ നിറച്ചിരുന്ന റോക്കറ്റ് ലോഞ്ചറുകൾ, ഗ്രനേഡുകൾ, ഗ്രനേഡ് ലോഞ്ചറുകൾ, കലാനിഷ്ക്കോവ് തോക്കുകൾ തുടങ്ങിയവ ഖാദിറിന്റെ ശരീരത്തോടൊപ്പം കത്തിക്കാനായിരുന്നു പദ്ധതി. ഒരാളെ കൊലപ്പെടുത്തുവാൻ ഇത്തരം വലിയ തോതിലുള്ള വെടിക്കോപ്പുകളുടെ ആവശ്യമില്ല. മാത്രമല്ല, ഇത്തരം ആധുനിക വെടിക്കോപ്പുകൾ നൽകുന്നത് തീർച്ചയായും പരിചയസമ്പന്നരായ തീവ്രവാദികൾക്ക് മാത്രമാണ്. ഗുലാം ഖാദിറിന്റെ കാറിൽ ഇത്തരത്തിലുള്ള മാരകമായ ആയുധങ്ങൾ കണ്ടുപിടിക്കപ്പെടുമായിരുന്നെങ്കിൽ ഷിയാസമൂഹം അഹ്മദിയ്യാ ജമാഅത്തിനെതിരെ തിരിയുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ ഷിയാക്കൾക്കെതിരെ നടക്കുന്ന എല്ലാ അക്രമങ്ങളുടേയും ഉത്തരവാദിത്തം അഹ്മദിയ്യാ ജമാഅത്തിന്റെ തലയിൽ കെട്ടിവെയ്ക്കുമായിരുന്നു. അന്വേഷണചുമതലയുള്ള

പോലീസുകാരുടെ ഭാഷ്യം ആയുധങ്ങൾ തീവ്രവാദിക ളുടെ കാറിൽ ഉണ്ടെന്ന് സമ്മതിക്കുന്നുണ്ടെങ്കിലും അത് വെറും കൊള്ളയടിക്കാൻ വേണ്ടിയുള്ള ആയുധങ്ങൾ ആയിരുന്നത്രെ. കൊള്ളയടിക്കുവാൻ എന്തിനാണ് അത്യാ ധുനിക വെടിക്കോപ്പുകളുടെ ആവശ്യം? നോക്കുക. അഹ്മദിയ്യാ ജമാഅത്തിന്നെതിരായിട്ടുള്ള ഹീനമായ ഈ ഗൂഢപദ്ധതി തക്കസമയത്ത് തിരിച്ചറിയുവാൻ കഴിഞ്ഞു വെന്നതാണ് ഗുലാം ഖാദിറിന്റെ മഹത്വം. തന്നെപ്പറ്റി അല്ലെങ്കിൽ തന്നോട് എന്തുചെയ്യുമെന്ന് ഗുലാം ഖാദിർ കാര്യമാക്കിയതേയില്ല. അദ്ദേഹത്തെ ശ്വാസം മുട്ടിക്കു കയും കത്തികൊണ്ട് കുത്തുകയും ചെയ്തിരുന്നു. ഒരു കാരണവശാലും കാറിൽ നിന്ന് ഗുലാം ഖാദിർ രക്ഷപ്പെട രുതെന്ന് ഭീകരർ വിചാരിച്ചിരുന്നു. ജീവന്മരണ പോരാട്ട ത്തിലും ആ നീചന്മാരുടെ പിടിയിൽ നിന്നും ഖാദിർ രക്ഷ പ്പെട്ടു. തന്റെ രക്തം നടുറോഡിൽ ചിതറിയാലും ജമാഅ ത്തിനെ കരുവാക്കുവാൻ ഖാദിർ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു വീരയോദ്ധാവിനെപ്പോലെ അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ പൊരുതുകയും വിജയശ്രീലാളിതനായിത്തീരു കയും ചെയ്തു. അങ്ങേയറ്റം ശാരീരിക പീഢനങ്ങൾ നട ന്നിട്ടും ഒരു യുദ്ധമുഖത്തെ യോദ്ധാവിനെപ്പോലെ ഓടി ക്കൊണ്ടിരിക്കുന്ന കാറിൽ പൊരുതി നിന്ന് അവസാനം പുറത്ത് ചാടുകയും ചെയ്തു. അപ്പോഴാണ് ഭീകരന്മാർ അദ്ദേഹത്തിന് നേരെ നിറയൊഴിച്ചത്. ഈ വീക്ഷണത്തി ലാണ് ഗുലാം ഖാദിറിന്റെ ശഹാദത്ത് അദ്ദേഹത്തിന്റെ ഓരോ തുള്ളി രക്തവും അഹ്മദിയ്യാ ജമാഅത്താകുന്ന നീലാകാശത്തിൽ മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുമെന്ന് ഞാൻ കരുതുന്നത്. ഈ യുവപ്രതിഭയോട് എനിക്ക് അങ്ങേയറ്റത്തെ സ്നേഹം ഉണ്ടായിരുന്നു. എന്റെ പ്രത്യേക ശ്രദ്ധ എപ്പോഴും അദ്ദേഹത്തിന്റെ മേലെ ഉണ്ടായിരുന്നു. അദ്ദേഹത്തെക്കുറിച്ച് എനിക്ക് നല്ലവണ്ണം അറിയാമായിരു ന്നു. ഖാദിർ എന്റെ കണ്ണുകൾക്ക് താഴെ വളർന്ന വിദ്യാർത്ഥിയായിരുന്നു. എനിക്കുള്ള ഒരേയൊരു ദുഃഖം ഞാൻ ഖാദിറിനെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ ശഹാദത്തിന് മുമ്പ് എനിക്കു പറയാൻ കഴിഞ്ഞിരുന്നില്ല. എന്റെ ഹൃദയം അങ്ങേയറ്റം ദുഃഖത്താൽ അമരുകയാണ്. ഹദ്റത്ത് യഅ്കൂബ് (അ) തന്റെ മകൻ യൂസുഫിനെ(അ)ക്കുറിച്ച് പറഞ്ഞ വാക്കുകൾ എന്റെ സ്മൃതിപഥത്തിൽ ഉയരുകയാണ്." എന്റെ പരാതികളും ദുഃഖങ്ങളും സങ്കടങ്ങളും അല്ലാഹുവിന്റെ മുമ്പിൽ മാത്ര മാണ് ഞാൻ വെയ്ക്കുന്നത്. നിങ്ങൾക്കറിയാത്തത് അല്ലാ ഹുവിൽ നിന്ന് ഞാനറിയുന്നു." അല്ലാഹുവിന്റെ മുമ്പിൽ കണ്ണീരൊഴുക്കുന്നത് അല്ലാഹു വിരോധിച്ച കാര്യമല്ല. ലോകത്തിന്റെ മുമ്പിൽ ഞാൻ കണ്ണീർ പൊഴിക്കുന്നില്ല. അല്ലാഹുവിന്റെ മുമ്പിൽ മാത്രമാണ് കണ്ണീർ പൊഴിക്കുന്ന ത്. ചിലപ്പോൾ നിയന്ത്രിക്കാനാകാതെ കണ്ണീർ ഒഴുകാ റുണ്ട്. നമ്മുടെ യജമാനനായ മുഹമ്മദ് മുസ്തഫാ (സ) തങ്ങൾ തന്റെ പ്രിയപുത്രന്റെ ഭൗതീക ശരീരം ഭൂമിയിലേ ക്കിറക്കിവെയ്ക്കുമ്പോൾ കവിളുകളിൽ കൂടി കണ്ണീർ ഒഴു കിക്കൊണ്ടിരുന്നു. നിർഭാഗ്യവാനായ ഒരാൾ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ. താങ്കൾ കണ്ണീരൊഴുക്കുകയോ? നബി(സ) തങ്ങൾ പ്രതിവചിച്ചു. എന്റെ ഹൃദയം അല്ലാഹു കല്ല് കൊണ്ടല്ല സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങൾക്കത് മനസ്സി ലാക്കാൻ കഴിയുന്നില്ലെങ്കിൽ ഞാൻ നിസ്സഹായനാണ്. എന്റെ ഹൃദയം കാരുണ്യത്തിന്റെ പ്രവാഹമാണ്." എന്റെ ഹൃദയത്തിലുള്ള ഓരോ തുള്ളി രക്തവും കണ്ണീരായി പരി ണമിച്ച് കവിൾത്തടങ്ങളിൽ കൂടി ഒഴുകുകയാണ്. ഇത് എന്റെ നിയന്ത്രണത്തിന്നതീതമാണ്. മാത്രവുമല്ല അങ്ങേ യറ്റത്തെ ക്ഷമയുടെ പ്രതിഫലനവുമാണിത്. നബി(സ) തങ്ങളേക്കാൾ കൂടുതൽ സഹനവും ക്ഷമയും പ്രകടിപ്പി ച്ചിരുന്ന ആൾ മറ്റാരുമുണ്ടായിരുന്നില്ല.

ശുഹദാക്കൾ ആത്മീയ പ്രസ്ഥാനങ്ങളുടെ കാലാതി വർത്തിയായ ആകാശത്തിൽ ഉജ്ജ്വലശോഭയോടെ മിന്നി ത്തിളങ്ങുന്ന നക്ഷത്രങ്ങളാണ്. കിരാതന്മാരുടെ ഹീനത്വ ത്തിനുമുമ്പിൽ ജീവൻ ബലിദാനം നൽകി അനശ്വരമായ സ്വർഗ്ഗീയ സോപാനത്തിൽ ശഹാദത്തിന്റെ രാജവസ്ത്ര ങ്ങളിഞ്ഞ രാജാകുമാരാ, ഓ ഖാദിർ – അല്ലാഹു താങ്കളെ സ്വർഗ്ഗത്തിലെ ഉന്നതമായ സോപാനങ്ങളിലേക്ക് ആനയി ക്കുമാറാകട്ടെ. താങ്കളുടെ കുടുംബത്തിന് ശാന്തിയും ശ്രേയസ്സും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

***(അവലംബം: കാനഡ ഗസറ്റ്, ഓഗസ്റ്റ് 2004)*** ■

---

*(30 -ാം പേജിൽ നിന്ന് തുടർച്ച)*

യൂറോപ്പിലെ പൊതുനിയമം. ആ സ്ഥിതിയിലേക്ക് തിരിച്ചുപോകാൻ യൂറോപ്പ് വെമ്പി. പക്ഷേ ചരിത്രഗതി യെ പിന്നോട്ട് നയിക്കാൻ ആരാലും സാധ്യമല്ലായിരുന്നു. പൗരൻ എന്ന നിലക്ക് എല്ലാ മനുഷ്യർക്കും ഭരണഘ ടനാപരമായും, രാഷ്ട്രീയമായുമുള്ള അവകാശങ്ങൾ അനുവദിക്കണമെന്ന ബോധം പൊതുജനങ്ങളിൽ രൂഢമൂല മായിക്കഴിഞ്ഞിരുന്നു.

യഹൂദികൾ പൊതുസമൂഹ വുമായി കൂടുതൽ ഇഴുകിചേർന്നുകൊ ണ്ട് അവരുടെ ഗട്ടോവിലുള്ള ജീവി തവും ബാഹ്യമായ മതചിഹ്നങ്ങളും അതിശീഘ്രം ഉപേക്ഷിച്ചു. ക്രിസ്തീയ സമൂഹത്തിലെ മാറിയ പരിതസ്ഥിതി എപ്പോഴും തകിടം മറിയാൻ സാധ്യ തയുണ്ടെന്ന യഹൂദികളുടെ ഭയം അവ രുടെ പരിഷ്കരണ സംരംഭങ്ങൾക്ക് ആക്കം കൂട്ടി. ചരിത്രത്തിന്റെ തിക്ത യാഥാർത്ഥ്യങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് യഹൂദികൾ മതപരവും, സാമൂഹികവുമായ ഒരുപാട് മാറ്റങ്ങൾ സ്വയം വരുത്തി. പുതിയ സാമൂഹിക വ്യവസ്ഥയിൽ ജീവിക്കാനുള്ള അനു കൂല നയങ്ങൾ അതിജീവനതന്ത്ര മെന്ന നിലയിൽ യഹൂദികൾ അതി വേഗം സ്വായത്തമാക്കി. വിശുദ്ധ ഖുർ ആൻ പറഞ്ഞത് പോലെ ജനങ്ങളുമാ യുള്ള കരാറിലൂടെ അവർ വിമോചനം നേടുകയായിരുന്നു. (തുടരും)

■

ലേഖനം

കെ. പി. അഹ്മദ്

# ഉൾക്കനമില്ലാത്ത എഴുത്തും വായനക്കാരന്റെ ഗതികേടും

**കഴമ്പില്ലാത്ത എഴുത്തും വൈകാരികമായ അതിവർണ്ണകളും.**
**വായനയുടെ ഗൗരവം കറക്കുന്നു.**

സുപ്രഭാതത്തിന്റെ ഉണർവിൽ ചുണ്ടോടടുപ്പിച്ച ചായ മോന്തിക്കുടിക്കുമ്പോൾ കണ്ണുകൾക്ക് മറ്റൊരു ജോലിയുണ്ടായിരുന്നു! പത്രത്താളുകളിലെ തലക്കെട്ടുകളിലൂടെ ഒരോട്ട പ്രദക്ഷിണം! വാർത്തകൾ ആവാഹിച്ചെടുത്തു കഴിഞ്ഞപ്പോൾ പിന്നെ സമയമുണ്ടായിരുന്നില്ല! എഡിറ്റോറിയൽ കോളവും ആ പേജിലെ ഉൾക്കനമുള്ള ലേഖനവും മറ്റേതെങ്കിലും സമയത്താവാമെന്ന് കരുതി പത്രം ഭദ്രമായി മാറ്റിവെച്ചു! ഇങ്ങനെ കൂടിക്കിടന്ന പലതും സ്വസ്ഥമായും സൗകര്യമായും പാരായണം ചെയ്യാൻ അനുഗ്രഹീതമായ ഞായറാഴ്ചകളും അതിലേറെ ആനന്ദകരമായ ഹർത്താലുകളും പ്രയോജനപ്പെട്ടു! അത്യാവശ്യം പാരായണപ്രിയമുള്ള സാധാരണക്കാരന്റെ ഇന്നത്തെ ചിത്രമാണിത്! അതോടൊപ്പം ചുരുങ്ങിക്കൊണ്ടിരിക്കുന്ന വായനാലോകത്തിന്റെ അവസ്ഥയും!

സമീപകാലത്ത് നാലഞ്ചുപേരുടെ കൊച്ചു സദസ്സിൽ അവരിൽ ആരുടെയോ പ്രേരണകൊണ്ടാണെന്ന് തോന്നുന്നു ഒരു നീണ്ട ലേഖനം കൂട്ടത്തിലൊരാൾ ഉച്ചത്തിൽ വായിച്ചുകൊടുക്കുകയായിരുന്നു! പാരായണ വൈദഗ്ധ്യവും ഉച്ചാരണ ശുദ്ധിയും ഇമ്പമുള്ള സ്വരവും വായനക്കാരനുണ്ടായിട്ടും, ഏറെ കഴിയുന്നതിന് മുമ്പ് രണ്ടുപേർ ഉറക്കത്തിലേക്കും, ഒരാൾ ഉറക്കച്ചടവിന്റെ കോട്ടുവായിട്ടുകൊണ്ട് ആലസ്യത്തിലേക്കും വഴുതിപ്പോകുന്നതാണ് കണ്ടത്! കൂടുതൽ കാതുകൂർപ്പിക്കാനുള്ള സംവേദനക്ഷമത അവർക്കില്ലായിരിക്കാം.!

ദൈനംദിന ജീവിതത്തിന്റെ യാന്ത്രിക വേഗതയിൽ പാരായണവും 'ക്യാപ്സൂൾ' വിഴുങ്ങുന്നതുപോലെ നിർവ്വഹിക്കാനേ നേരമുള്ളൂ എന്നതാണ് വസ്തുത! ഇവിടെയാണ് "ചെറുതാണ് മനോഹരം" എന്ന ചൊല്ലിന് പ്രസക്തിയേറുന്നത്! കാര്യങ്ങൾ വളച്ചുകെട്ടില്ലാതെ ഒതുക്കിപ്പറയുന്ന ഇതിവൃത്തങ്ങൾക്ക് നൽകപ്പെടുന്ന സാധൂകരണമാണ് ആ പഴഞ്ചൊല്ല്! എന്നാൽ ഗൗരവമർഹിക്കുന്നതും വിശദീകരണം ആവശ്യമുള്ളതുമായ വിഷയങ്ങൾക്ക് ഈ ചട്ടക്കൂട്ടിൽ ഒതുങ്ങിനിൽക്കാൻ കഴിഞ്ഞെന്നുവരില്ല! പ്രത്യേകിച്ച് മതപരമോ താത്വികമോ ശാസ്ത്ര സംബന്ധിയോ ആണെങ്കിൽ അതിന്റേതായ വിശാലമായ കാൻവാസിലൂടെത്തന്നെ തൂലിക ചലിപ്പിക്കേണ്ടിവരും!

മേലുദ്ധരിച്ച മേഥുര ഗ്രന്ഥങ്ങളേയും ബൃഹത്തായ സൃഷ്ടികളെയും അതിന്റെ വായനക്കാരേയും തൽക്കാലം മാറ്റിനിർത്തിയാൽ തന്നെ പാരായണപ്രിയമുള്ള സാധാരണ വായനക്കാരുടെ ഭൂരിപക്ഷത്തെ അവഗണിക്കാൻ പറ്റില്ലല്ലൊ! പക്ഷേ, ഇവരെ സംബന്ധിച്ചിടത്തോളം പ്രയോജനപ്പെടാതെ പോകുന്നത് ലഘുവായതും കാര്യമാത്ര പ്രസക്തമല്ലാത്തതുമായ ഇതിവൃത്തങ്ങൾ കാശ്മീർ പരവതാനി പോലെ നീട്ടിവിരിക്കുമ്പോഴാണ്! അതുകൊണ്ടുതന്നെ അവർ ആ പരവതാനിയിൽ നടക്കുന്നതിന് പകരം അതിൽത്തന്നെ കിടന്നുറങ്ങിപ്പോകുന്നത് സ്വാഭാവികം! ഒട്ടേറെ എഴുതിക്കൂട്ടുകയും കുറച്ചുമാത്രം പറയുകയും ചെയ്യുന്ന ഈ രീതി മടുപ്പിന്റെ ദിശയിലേക്ക് തള്ളിവിടുമ്പോൾ ഇത്തരം വധശ്രമങ്ങളിൽ നിന്ന് വായനക്കാരൻ ഒഴിഞ്ഞുമാറിയില്ലെങ്കിലേ അത്ഭുതമുള്ളൂ! ഇയ്യിടെ ചുരുക്കെഴുത്തിനെ പരാമർശിച്ചുകൊണ്ട് ശ്രീ സക്കറിയ 'കറുത്തകൈ' എന്ന ലേഖനസമാഹാരത്തിന്റെ ആമുഖത്തിൽ ശ്രദ്ധേയമായ ചില കാര്യങ്ങൾ പറയുകയുണ്ടായി.

"ഇന്ത്യാടുഡെ പംക്തികൾ നിശ്ചിത ദൈർഘ്യമുള്ളവയാണ്. കവിതയിലെ വൃത്തം പോലെയുള്ള ആ ചട്ടക്കൂടിന്റെ അച്ചടക്കത്തിനുള്ളിൽ പ്രവർത്തിക്കുന്നത് ബൗദ്ധികമായും ഭാഷാപരമായും ഒരു നല്ല ആത്മ പരിശീലനമാണ്. മലയാളത്തിലെ സാഹിത്യ സാംസ്കാരിക നായകരെ ഈ കളരിയിലൂടെ കടത്തിവിടുന്നത് നന്നായിരിക്കും. കാളമൂത്രത്തിന്റെ മന:ശാസ്ത്രത്തിൽ നിന്ന് ഒതുക്കത്തിലേക്കും മിതത്വത്തിലേക്കും പ്രവേശിക്കാൻ ദൈർഘ്യത്തിന്റേയും സമയബദ്ധതയുടെയും അച്ചടക്കം നമ്മെ സഹായിക്കുന്നു"

കവിത

# ഹേ, മനുഷ്യാ!

അസ്മ, എടപ്പകത്ത്

ഒരു തുള്ളി ശുക്ലത്തിൽ നിന്നു നിന്റെ–
പിറവി കാരണമാക്കിയോനെ,
മറവിക്കു പിന്നിൽ താങ്ങു വെച്ച–
മനുജാ നീയെത്രമേൽ നന്ദികെട്ടോൻ.

മരണത്തെ വെല്ലാനും, ഭൂതലത്തെ
ഒരു സ്വർഗ്ഗഗേഹമായ് മാറ്റുവാനും,
കഴിയുമെന്നുള്ള നിൻ, ഉൾക്കരുത്തി–
ന്നറുതിവരുത്തേണ്ടും നേരമായീ.

സുരപഥത്തോളം ചെന്നെത്തിയാലും
കരഗതമാകില്ല നിന്റെ മോഹം
മരണത്തിൽ നിന്നുള്ള മുക്തിനേടൽ
ധരണിയിൽ ശാശ്വതമായി വാഴൽ.

ഇരുകാലിൽ നീണ്ടുനിവർന്നുനിൽക്കാൻ
ഒരു കാലം ഹാ, നിനക്കായിരുന്നോ?
ഒരു വേള ചിന്തിച്ചുനോക്കിയാൽ നീ
വെറുമൊരു ക്ഷുദ്രമാം കീടമല്ലോ!

ഇരവു പകലായി മാറിടുമ്പോൾ,
ഇരുളുവെളിച്ചമായ്ത്തീർന്നിടുമ്പോൾ
കുരുവികൾ പാടിപ്പറന്നിടുമ്പോൾ
അരുവികൾ മന്ദമൊഴുകിടുമ്പോൾ,

പലതരം പൂക്കൾ വിരിഞ്ഞിടുമ്പോൾ
പലതുമില്ലേ, നിനക്കോർത്തു നോക്കാൻ!!
ഇവിടെയീഭൂമിയെ സ്വർഗ്ഗമാക്കാൻ
അവിരാമം നീ പണിപ്പെട്ടതല്ലേ?

അവിടെ ഒറീസ്സയിൽ ചക്രവാതം*2
എവിടെയും തന്നുഗ്രമൂർത്തരൂപം
ഇടവലം നോക്കാതെ സർവ്വനാശം
വിതറി മുന്നോട്ടാഞ്ഞുപാഞ്ഞനേരം

ഒരുപിടി ഭക്ഷണം ലഭ്യമാക്കാൻ
കടിപിടി കൂടിയതോർത്തു നോക്കൂ!
പരമദരിദ്രനും, മാളികമേൽ–
വിലസിയ ധന്യനുമൊന്നുപോലെ!!!

എവിടെയന്നേരം നിൻ ശാസ്ത്രബോധം?
എവിടെയന്നേരം നിൻ യുക്തിവാദം

ഇനിയും വരാതെയിരിക്കയില്ല
ഇടിയും മഴയും കടുത്ത കാറ്റും
ഒടുവിൽ നീയും, നിൻ മൂർത്ത ഗർവ്വും
വിട പറയാതെയിരിക്കയില്ല!

*1. ഫബിഅയ്യിആലാ യി റബ്ബിക്കുമാ തുക്കദ്ദിബാൻ (വി.ഖു. സൂറ റഹ്മാൻ)*
*2. 1999 ഒക്ടോബർ 29ന്ന് ഒറീസ്സയെ മുച്ചൂടും മുടിച്ച ചക്രവാതത്തെ (ചുഴലിക്കാറ്റ് typhoon) സ്മരിക്കുക. 2004 ഡിസംബർ 26ന് ഇന്തോനേഷ്യയിലെ സുമാത്രയിൽ ഉണ്ടായ കടൽഭൂകമ്പം ഇങ്ങു കേരളത്തിൽ പോലും വരുത്തിവെച്ച കെടുതികളും വിസ്മരിക്കാതിരിക്കുക. ഫബിനയ്യിആലായി റബ്ബിക്കുമാ തുക്കദ്ദിബാൻ'*

(ആമുഖം - കറുത്തകൈ പേജ് 8)

സൃഷ്ടിയുടെ ഒതുക്കവും മിതത്വവും സമയക്ലിപ്തതയും നമ്മുടെ ദൈനംദിന വേഗതയുടെ ഇന്നത്തെ ചുറ്റുപാടിൽ ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട്. ശ്രീ സക്കറിയ ഊന്നിപ്പറഞ്ഞ കാളമൂത്രത്തിന്റെ മനശാസ്ത്രം പോലെ സമയം കൊല്ലുന്ന മറ്റൊരു കത്തിയാണ് പൈങ്കിളി എന്നു കാണാം! വായനക്കാരെ കാടായ കാടുകളിലെല്ലാം ചുറ്റിക്കറക്കി, വർണ്ണന കൊണ്ട് വീർപ്പുമുട്ടിച്ച് കാലപുരിക്കയക്കുന്ന ഈ രീതിയും പാരായണ കൗതുകത്തിലെ മറ്റൊരു ഇനമാണ്! മനോരമാ പ്രസിദ്ധീകരണമായ 'കൈത്തിരി'യുടെ തെളിമലയാളം കോളത്തിൽ' അതിഭാവനയുടെ ഇക്കിളി' എന്ന തലക്കെട്ടിൽ പ്രൊഫസർ എം. എൻ. കാരശ്ശേരി ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പൈങ്കിളി ഭാഷയെ ഉദാഹരിക്കുന്നുണ്ട്.

"ഉരുൾപൊട്ടലിനെകുറിച്ച് വിവരിക്കുന്നതിനിടയിൽ കാണാം ആ ഉൾനാടൻ ഗ്രാമം ഞെട്ടിത്തെറിക്കുകയാണോ എന്നു തോന്നുമാറ് ഇടിവെട്ടി. ആ ഗ്രാമം പൊട്ടിപ്പൊട്ടിക്കരയുകയാണോ എന്ന് തോന്നിപ്പിക്കുമാറ് മഴ കോരിച്ചെരിഞ്ഞു. ഈ ദുരന്തം കാണാൻ വയ്യ എന്നു കരുതിയിട്ടാവണം ആ പ്രദേശത്തെ ബൾബുകളും ട്യൂബുകളും കണ്ണടച്ചു കളഞ്ഞു.

ഇവിടെ ഇടിവെട്ടിയതും മഴപെ

*(ശേഷം 42-ാം പേജിൽ)*

ലേഖനം

# ബൈബിളിലില്ലാത്ത ക്രിസ്തുമതവിശ്വാസം

മൗലാനാ അതാവുൽ മുജീബ് റാശിദ്

❖

**ക്രിസ്ത്യാനികളുടെ ത്രിത്വവിശ്വാസത്തെ സംബന്ധിച്ച് ബൈബിളിൽ യാതൊരു പരാമർശവുമില്ല എന്നത് ക്രിസ്തുമതത്തിന് ഒരു വെല്ലുവിളിയാണ്.**

❖

ക്രിസ്തുമതത്തിന്റെ അടിസ്ഥാന വിശ്വാസപ്രമാണം ത്രിത്വമാണ്.അതുകൊണ്ട് ത്രിത്വസിദ്ധാന്തത്തെ പറ്റി ബൈബിളിൽ പ്രാമാണികമായിത്തന്നെ വ്യാപകമായും ആവർത്തിച്ചും വിശദീകരിക്കേണ്ടതുണ്ടെന്ന് നമ്മുടെ യുക്തി ആവശ്യപ്പെടുന്നു. ത്രിത്വത്തിന്റെ അസ്തിത്വം ചരിത്രപരമായും തെളിയിക്കേണ്ടതുണ്ട്. അതായത് പൗരാണികകാലം മുതൽ തന്നെ ഈ സിദ്ധാന്തത്തിന്റെ സാന്നിദ്ധ്യം തെളിയിക്കണം. അതദ്ദു തകരമെന്ന് പറയട്ടെ ക്രിസ്ത്യാനികൾ അഭിമാനപൂർവ്വം വിശ്വസിക്കുന്ന ത്രിത്വസിദ്ധാന്തം ഈ രണ്ട് വീക്ഷണകോണിലും തെറ്റാണെന്ന് തെളിയുന്നു. യേശു ഒരിക്കലും ത്രിത്വം പ്രബോധിച്ചതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിസ്ത്യാനികൾ ത്രിത്വത്തെപറ്റി ബൈബിളിൽ സൂചനയുണ്ടെന്ന് പറഞ്ഞ് ഈ വാദത്തെ എതിരിടാറുണ്ട്. ഉദാഹരണത്തിന് മത്തായി 28:19*ലെ പരാമർശം. ഈ വചനത്തിൽ മൂന്ന് അസ്തിത്വങ്ങളെപറ്റി കേവലം പരാമർശിച്ചതുകൊണ്ടു മാത്രം അത് ത്രിത്വത്തെ സ്ഥാപിക്കലാവുന്നില്ല. ഈ പരാമർശം ശരിയാണെങ്കിൽ അതിനെപറ്റി യേശു പരാമർശിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ ത്രിത്വത്തേപറ്റി പ്രബോധിക്കേണ്ടതിന് പകരം യേശു എപ്പോഴും ദൈവത്തിന്റെ ഏകത്വത്തെപറ്റിയും അവനെ ആരാധിക്കേണ്ടതിനെപറ്റിയുമാണ് പറഞ്ഞത്. ഈ വസ്തുത തെളിയിക്കുന്നതിന് ചില ഉദാഹരണങ്ങൾ.

'ഏകസത്യദൈവമായ നിന്നെയും നീ അയച്ച യേശുക്രിസ്തുവിനേയും അറിയുക എന്നതാണ് നിത്യജീവൻ' (യോഹ: 17:3).

'നീ എന്തിനു എന്നെ നല്ലവൻ എന്നു വിളിക്കുന്നു. ദൈവം അല്ലാതെ മറ്റൊരു നല്ലവൻ ഇല്ല' (ലൂക്ക: 18:19).

യേശു പറഞ്ഞു: 'പരമപ്രധാനമായത് ഇതാണ്. 'അല്ലയോ ഇസ്രായേലെ കേൾക്കൂ' നമ്മുടെ ദൈവമായ കർത്താവാകുന്നു ഏക കർത്താവ്' (മാർക്ക്: 12:29).

യേശുവിന്റെ ജീവചരിത്രം ആകമാനം നാം പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം എപ്പോഴും ഏകദൈവത്തിന്റെ ഏകത്വം മാത്രമാണ് പ്രേഷണം ചെയ്തതായി മനസ്സിലാക്കാൻ സാധിക്കുക. ത്രിത്വത്തെപറ്റി അദ്ദേഹം പ്രബോധനം ചെയ്ത ഏതെങ്കിലും ഒരു സംഭവം ചൂണ്ടിക്കാട്ടാൻ സാധ്യമല്ല. അദ്ദേഹം സ്വയം തന്നെ ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുക മാത്രമല്ല അത് മറ്റുള്ളവരിൽ പ്രചരിപ്പിച്ചതായി നിരവധി സംഭവങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയതായി വ്യക്തമായ രേഖകളുണ്ട്. യേശുവിന്റെ കുരിശ് സംഭവത്തിന് മുമ്പായി നടന്ന ബൈബിൾ വിവരണങ്ങൾ ഈ വസ്തുത ശക്തമായി തെളിയിക്കുന്നു.

യേശുവിനെ ക്രൂശിക്കാൻ വേണ്ടി കുറ്റമാരോപിച്ച് യഹൂദികൾ പിടിച്ചപ്പോൾ എന്തായിരുന്നു വാസ്തവത്തിൽ അദ്ദേഹത്തിൽ ചാർത്തപ്പെട്ട കുറ്റം. അദ്ദേഹം ദൈവത്തിൽ പങ്കുകാരനാണെന്ന് സ്വയം വാദം ഉന്നയിച്ചു എന്നതായിരിക്കണമല്ലോ അദ്ദേഹത്തിൽ ആരോപിക്കപ്പെട്ട കുറ്റം. അതായത് ദൈവത്തിന്റെ ത്രിത്വസങ്ക

ല്പത്തിലെ ഒരംശം താനാണ് എന്ന് യേശു വാദിച്ചു എന്ന യോഹന്നാന്റെ സുവിശേഷപ്രകാരം യേശുവിനെ വിചാരണവേളയിൽ ചോദ്യം ചെയ്ത പ്പോൾ യേശു പറഞ്ഞു:

'മഹാപുരോഹിതൻ യേശുവി നോട് അവന്റെ ശിഷ്യന്മാരേയും അവന്റെ പ്രബോധനത്തേയും കുറിച്ചു ചോദിച്ചു. യേശു പറഞ്ഞു: ഞാൻ ലോകത്തോട് പരസ്യമായി സംസാരി ച്ചു. എല്ലാ യഹൂദരും ഒന്നിച്ചുകൂടുന്ന സിനഗോഗുകളിലും ദേവാലയത്തിലും വച്ചാണ് ഞാൻ എപ്പോഴും സംസാരി ച്ചത്. ഞാൻ ഒന്നും രഹസ്യമായി പറ ഞ്ഞിട്ടില്ല. പിന്നെയെന്തിന് എന്നോട് ചോദിക്കണം? ഞാൻ എന്താണ് പറ ഞ്ഞതെന്ന് കേട്ടവരോട് ചോദിക്കുക. ഞാൻ പറഞ്ഞത് അവർക്കറിയാം. (യോഹ: 18:19)

യേശു തന്റെ പ്രബോധനം പര സ്യമായിട്ടാണ് നടത്തിയതെന്ന് ഈ വചനം തെളിയിക്കുന്നു. അദ്ദേഹം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തു ടർന്നുകൊണ്ട് സത്യം യാതൊന്നും മറ ച്ചുവക്കാതെ എല്ലാം പരസ്യമായി പറ യുകയാണ് ചെയ്തത്. ഈ സാഹച ര്യത്തിൽ അദ്ദേഹം യഹൂദന്മാർക്ക് അഹിതകരമായ ദൈവദൂഷണം (ത്രി ത്വവാദം) പറയുകയായെങ്കിൽ പരസ്യ മായി പറഞ്ഞ അക്കാര്യം കേട്ട ആയി രക്കണക്കിന് ശ്രോതാക്കളുണ്ടാകുമായി രുന്നു. അപ്പോൾ അദ്ദേഹത്തിന്റെ മേലുള്ള കുറ്റം തെളിയിക്കാൻ നിരവധി സാക്ഷികളുമുണ്ടാകുമായിരുന്നു. പക്ഷേ അതൊരിക്കലും സംഭവിച്ചിട്ടി ല്ല. അതിന് വിരുദ്ധമായി, യേശുവിന്റെ വിശ്വാസമില്ലായ്മ തെളിയിക്കാൻ അവർ സാക്ഷികളെ തിരയുകയായിരു ന്നു. യേശു യഹൂദരുടെ ഏകദൈവ വിശ്വാസത്തിനെതിരാണെന്ന് തെളിയി ക്കാൻ ഒരു സാക്ഷിയേപോലും ഹാജ രാക്കാൻ അവർക്ക് കഴിഞ്ഞില്ല. യഹൂ ദപുരോഹിതമുഖ്യൻ കള്ളസാക്ഷി കളെ പോലും ഹാജരാക്കി നോക്കി. പക്ഷേ അവർക്ക് കെട്ടിച്ചമച്ച ആരോ പണം തെളിയിക്കാൻ സാധിച്ചില്ല. അത് ഇപ്രകാരം ബൈബിളിൽ രേഖപ്പെട്ടിരിക്കുന്നു:

'കാര്യം എങ്ങിനെ കലാശിക്കാം എന്നു കാണാൻ അയാൾ അകത്തു കടന്ന് പരിചാരകരുടെ കൂടെ ഇരുന്നു. മുഖ്യപുരോഹിതരും സംഘം മുഴു വനും യേശുവിന് മരണശിക്ഷ വിധി ക്കാൻ അവന് എതിരെ കള്ളത്തെളി വുകൾ കിട്ടുമോ എന്ന് നോക്കി. പല കള്ളസാക്ഷികളും മുന്നോട്ടുവന്നെ ങ്കിലും തെളിവൊന്നും അവർക്ക് കിട്ടി യില്ല.' (മത്തായി: 26:59–60).

'മുഖ്യ പുരോഹിതരും സംഘം മുഴുവനും യേശുവിന് മരണശിക്ഷ വിധിക്കാൻ അവന് എതിരെ തെളിവു കൾ കിട്ടുമോ എന്നു നോക്കി. എന്നാൽ തെളിവൊന്നും അവർക്ക് കിട്ടിയില്ല. പലരും യേശുവിന്നെതിരെ കള്ളസാക്ഷ്യങ്ങൾ പറഞ്ഞെങ്കിലും അവരുടെ മൊഴികൾക്ക് പൊരുത്തം ഇല്ലായിരുന്നു. ചിലർ എഴുന്നേറ്റ് അവ നെതിരെ ഇങ്ങിനെ കള്ളസാക്ഷ്യം പറഞ്ഞു: 'മനുഷ്യകരങ്ങൾ കൊണ്ടു നിർമിച്ച ഈ ദേവാലയം ഞാൻ നശി പ്പിക്കും. മനുഷ്യകരങ്ങൾ കൊണ്ട് നിർമ്മിക്കാത്ത മറ്റൊന്ന് മൂന്ന് ദിവസം കൊണ്ട് ഞാൻ പണിയുകയും ചെയ്യും, എന്ന് ഇവൻ പറയുന്നത് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നിട്ടും അവ രുടെ മൊഴികൾ പൊരുത്തപ്പെട്ടില്ല. (മാർക്ക് 14:55–59).

യേശുവിനെതിരെ യഹൂദർ നട ത്തിയ ദുരാരോപണങ്ങൾ തെളിയി ക്കാൻ സത്യസാക്ഷികളെ ഹാജരാ ക്കാൻ അവർക്ക് സാധിച്ചിട്ടില്ല. അത് ഈ ബൈബിൾ പരാമർശങ്ങളിൽ നിന്നും വളരെ വ്യക്തമാണ്. അവരുടെ ആരോപണങ്ങളിൽ നീതിമാനായ ന്യായാധിപൻ അതൃപ്തിരേഖപ്പെടു ത്തിയതായി വ്യക്തമായി രേഖപ്പെടു ത്തിയിരിക്കുന്നു.

'പീലാത്തോസ് മുഖ്യപുരോഹിത നോടും ജനത്തോടും പറഞ്ഞു: 'ഞാൻ ഈ മനുഷ്യനിൽ കുറ്റമൊന്നും കാണു ന്നില്ല' (ലൂക്ക് 23:4)

അപ്പോൾ പീലാത്തോസ് മുഖ്യ പുരോഹിതരെയും പ്രമാണികളെയും ജനങ്ങളെയും വിളിച്ചുകൂട്ടിപറഞ്ഞു: 'ജനങ്ങളെ വഴിപിഴപ്പിക്കുന്നു എന്നു കുറ്റം ആരോപിച്ച് ഈ മനുഷ്യനെ നിങ്ങൾ എന്റെ അടുക്കൽ കൊണ്ടുവ ന്നു. ഇതാ നിങ്ങളുടെ മുമ്പേ വെച്ച് പരിശോധിച്ചിട്ടും നിങ്ങൾ ആരോപി ക്കുന്ന കുറ്റമൊന്നും ഈ മനുഷ്യനിൽ ഞാൻ കണ്ടില്ല. ഹെറോദോസും കണ്ടില്ല. കാരണം അയാൾ ഇവനെ മടക്കി അയച്ചിരിക്കുന്നു. ഇതാ മരണ ശിക്ഷ അർഹിക്കുന്നതൊന്നും ഇവൻ ചെയ്തിട്ടില്ല' (ലൂക്ക് 23:15–15).

പിലാത്തോസ് ചോദിച്ചു: 'എന്താണ് സത്യം?' ഇത് ചോദിച്ച ശേഷം അയാൾ വീണ്ടും യഹൂദരുടെ അടുക്കൽ ചെന്നു പറഞ്ഞു: 'ഞാൻ ഇവനിൽ കുറ്റമൊന്നും കാണുന്നില്ല.' (യോഹാ 18:38)

താൻ വിചാരിച്ചത് നടക്കാൻ പോകുന്നില്ലെന്നും മറിച്ച് ഒരു ലഹള ഉണ്ടായേക്കാമെന്നും തോന്നിയിട്ട് പിലാത്തോസ് കുറച്ച് വെള്ളം എടുത്ത് ജനക്കൂട്ടത്തിനുമുമ്പിൽ വെച്ച് കൈകഴുകി പറഞ്ഞു: 'ഈ മനു ഷ്യന്റെ രക്തത്തിൽ എനിക്ക് പങ്കില്ല. നിങ്ങൾ തന്നെ അത് ഏറ്റുകൊള്ളുക' (മത്തായി 27:24)

ത്രിത്വത്തിനെതിരെയുള്ള ഞങ്ങ ളുടെ വാദമിതാണ്. കോടതിയിൽ ഏക ദൈവത്തിൽ വിശ്വസിക്കുന്ന യഹൂദി കളുണ്ടായിരുന്നുവല്ലോ. ക്രിസ്ത്യാനി കളിൽ ഭൂരിപക്ഷവും ഇന്ന് വിശ്വസി ക്കുന്നതുപോലെ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിരുന്നുവെങ്കിൽ യഹൂദന്മാർ അക്കാര്യം കോടതിയിൽ സ്ഥാപിക്കുമായിരുന്നു. തീർച്ചയായും യഹൂദികളുടെ മതവിശ്വാസത്തിനെ തിരെ ദൈവദൂഷണം പറഞ്ഞതായും അതുവഴി യേശു കുറ്റവാളിയാണെന്ന് എളുപ്പത്തിൽ സ്ഥാപിക്കാനും സാധി ക്കുമായിരുന്നു. അദ്ദേഹത്തിന്റെ മേലുള്ള ദൈവദൂഷണ കുറ്റം തെളി യിക്കപ്പെട്ടില്ലെന്ന് മാത്രമല്ല അദ്ദേഹ ത്തിനെതിരെ കോടതിയിൽ ഹാജരാ ക്കിയ സാക്ഷികളെല്ലാം കള്ളസാക്ഷി കളാണെന്ന് തെളിയുകയാണുണ്ടാ യത്.

യോഹന്നാൻ രേഖപ്പെടുത്തുന്നു

*(ശേഷം 41–ാം പേജിൽ)*

## റിപ്പോർട്ട്

# ഹ്യൂമാനിറ്റി ഫസ്റ്റ്

അഹ്മദിയ്യാ ജമാഅത്തിനു കീഴിൽ പ്രവർത്തിക്കുന്ന Humanity First എന്ന ആഗോള സന്നദ്ധസംഘടന അർപ്പിച്ചു വരുന്ന സേവനം ശ്ലാഘനീയമാണ്. 'സുനാമി ദുരന്തമുണ്ടായപ്പോൾ' ഇതുവരെ 4500 രോഗികളെ ചികിത്സിച്ച് ഭേദമാക്കുകയും 3500 പേർക്ക് ഭക്ഷണം സ്ഥിരമായി വിതരണം ചെയ്തുവരികയുമാണ്. ഇംഗ്ലണ്ട് ജമാഅത്ത് മാത്രം 10 ലക്ഷം ഡോളർ ജീവകാരുണ്യപ്രവർത്തനം നടത്താനാണ് ഉദ്ദേശിക്കുന്നത്. അതിൽ 7 ലക്ഷം ഡോളറിന്റെ പ്രവർത്തനം ഇതിനകം പൂർത്തിയാക്കി. ഇതിന് പുറമേ ലോകം മുഴുവനുമുള്ള അഹ്മദിയ്യാ ജമാഅത്തുകൾ അതാത് രാജ്യത്തെ എംബസ്സികളിൽ തങ്ങളുടെ വിഹിതങ്ങൽ എത്തിച്ചുകൊണ്ടിരിക്കുകയാണ്. ശ്രീലങ്കയിലേക്ക് ലണ്ടനിൽ നിന്നും അഹ്മദിയ്യാ ഡോക്ടർമാരുടെ ഒരു സംഘം സേവനപ്രവർത്തനങ്ങൾ നടത്തി വരുന്നു. അവിടെ മീൻപിടുത്ത ബോട്ടുകൾ നശിച്ചവർക്ക് ബോട്ടുകൾ പുനർനിർമ്മിക്കാനും പുതിയത് വാങ്ങുവാനുമുള്ള ധനസഹായങ്ങൾ ജമാഅത്ത് ചെയ്തുവരുന്നു.

സുനാമി ദുരന്തത്തിന്റെ എപിക് സെൻറർ ആയിരുന്ന ഇൻഡോനേഷ്യയിലെ ബന്ദേആച്ചയിൽ സുനാമി തിരമാലകൾ ആഞ്ഞടിച്ചപ്പോൾ അവിടെയുള്ള മൂന്ന് നില കെട്ടിടങ്ങൾക്ക് മുകളിൽ വരെ ബോട്ടുകളും തോണികളും കയറിനിൽക്കുകയുണ്ടായി. തിരമാലകളുടെ ഭീകരശക്തിയാണ് ഇത് വിളിച്ചോതുന്നത്. ദുരിതാശ്വാസ പ്രവർത്തകർക്ക് എത്തിനോക്കാൻ പോലും സാധിച്ചിട്ടില്ലാത്ത ബന്ദേ ആച്ചേയിൽ അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഒറ്റക്ക് ഭക്ഷണവിതരണം മറ്റു പ്രവർത്തനങ്ങളും നടത്തിയത്. അവിടെ ജീവനോടെ അവശേഷിച്ച 800 കുടുംബങ്ങൾക്ക് സേവനം ചെയ്യാൻ 40 അഹ്മദിയ്യാ യുവാക്കൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. രണ്ട് മാസം അവിടെ പ്രവർത്തിക്കാനാണ് ജമാഅത്തിന്റെ നിർദ്ദേശം.

അമേരിക്കയിലെ അഹ്മദിയ്യാ ജമാഅത്ത് ഇൻഡോനേഷ്യയിലേക്ക് Humanity Firstന്റെ കീഴിൽ 24 അലോപ്പതി ഡോക്ടർമാരും 16 ഹോമിയോപ്പതി ഡോക്ടർമാരും, 6 ഇതര ഡോക്ടർമാരും 76 യുവ അഹ്മദികളുമടങ്ങുന്ന വലിയ ഒരു സംഘത്തെയാണ് അയച്ചത്. കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന അവിടങ്ങളിൽ വ്യാപകമായി വാട്ടർപമ്പുകൾ സ്ഥാപിക്കാനുമുള്ള സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. ഇന്ത്യയിൽ നിന്നും പാക്കിസ്ഥാനിൽ നിന്നുമുള്ള ഓരോ ഗ്രൂപ്പ് പട്ടാളക്കാരുടേയുമൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന ഹ്യൂമാനിറ്റി ഫസ്റ്റ് പ്രവർത്തകർ അവരുടെയെല്ലാം മനം കവരുകയാണ്. പാക്കിസ്ഥാനിൽ പട്ടാളം നടത്തുന്ന ദുരിതാശ്വാസ ക്യാമ്പുകൾ അഹ്മദികളുടെ Humanaity First സംഘടന ഏറ്റെടുക്കണമെന്ന് പാക്കിസ്ഥാൻ മിലിറ്ററി അഭ്യർത്ഥിച്ചിട്ടുണ്ട്. സുനാമി ദുരന്തത്തെ തുടർന്നു അനാഥരായി തീർന്ന ആയിരക്കണക്കിന് കുട്ടികളെ ക്രിസ്തുസഭ ദത്തെടുക്കാനുള്ള നടപടികൾ ഇൻഡേനേഷ്യൻ ഗവൺമെന്റ് തിരിച്ചറിഞ്ഞിട്ടുണ്ട്. ബോസ്നിയയിലും, അൽബേനിയയിലും ഇങ്ങിനെ മുസ്‌ലിം കുട്ടികൾ ക്രിസ്ത്യാനികളായി പോയതിന്റെ അനുഭവപാഠം ഇൻസോനേഷ്യൻ ഗവൺമെന്റിന് അറിയാം. അതുകൊണ്ട് അനാഥകുട്ടികളെ ദത്തെടുക്കാനുള്ള പദ്ധതിയോട് സഹകരിക്കാനുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ സന്നദ്ധത ഇൻസോനേഷ്യൻ സർക്കാർ അംഗീകരിച്ചുകഴിഞ്ഞു. 200 അനാഥബാലരെ ജമാഅത്ത് ദത്തെടുക്കാനാണ് തീരുമാനിച്ചത്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്തുത്യർഹമായ സേവനങ്ങൾ കണ്ട് മിഴിനട്ടുപോയ ചില ദുഷ്ടബുദ്ധികളായ ഉലമാക്കന്മാർ അഹ്മദികൾ കാഫിറുകളാണെന്ന് പറഞ്ഞ് ഗവൺമെന്റിനെ സമീപിച്ചെങ്കിലും അധികൃതരിൽ നിന്ന് കടുത്ത ഭാഷയിലുള്ള വിമർശനങ്ങളും താക്കീതും കൊണ്ട് അവർ മടങ്ങുകയാണുണ്ടായത്. ജമാഅത്ത് ഇത് വരെ ദുരിതബാധിത പ്രദേശങ്ങളിൽ 2,45,000 കിലോഗ്രാം വിഭവങ്ങൾ അവിടെ വിതരണം ചെയ്യുകയുണ്ടായി.

*മൗലവി മുഹമ്മദ് ഉമർ*

***(അവലംബം : ഖുത്ബ 28:1.05)***

■

**കുറിപ്പുകൾ**

**മുസാഫിർ**

# മനുഷ്യമുഖം നഷ്ടമാകുന്ന വൈദ്യചികിത്സാരംഗം

ദൈവത്തിന്റെ ഒരു ഗുണനാമമാണ് 'അശ്ശാഫി'. അതിനർത്ഥം മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ സർവ്വ രോഗങ്ങൾക്കും ശമനം നൽകുന്നവൻ എന്നാണ്. ഈ ഗുണം ദൈവത്തിന്റെ അസ്തിത്വത്തിന്റെ ഒരു ഭാഗമാണെന്നും നാമോർക്കണം. മനുഷ്യൻ അവന്റെ ജീവിതക്രമം തെറ്റിക്കുമ്പോഴും അജ്ഞത മൂലവുമാണ് രോഗങ്ങൾ ഉത്ഭവിക്കുന്നത്. പക്ഷേ അർറഹ്മാനായ (നിരുപാധികം കരുണ ചെയ്യുന്നവനായ) അല്ലാഹു തന്റെ അശ്ശാഫി എന്ന ഗുണത്തിന്റെയടിസ്ഥാനത്തിൽ മനുഷ്യന്റെ രോഗത്തെ ശമിപ്പിക്കുന്നു. ഹദ്റത്ത് ഇബ്റാഹിം നബി(അ) പറഞ്ഞത് പോലെ 'ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നൽകുന്നു.' (26:81). പൗരാണിക കാലം മുതൽക്കേ വൈദ്യശാസ്ത്രത്തിന് ദൈവത്തിന്റെ അപാരമായ കാരുണ്യത്തെപറ്റി അവബോധമുണ്ടായിരുന്നു. തദടിസ്ഥാനത്തിൽ കരുണാർദ്രമായ ഒരു സദാചാരമൂല്യവും വൈദ്യശാസ്ത്രം പാലിച്ചിരുന്നു. അറബ് വൈദ്യം, യൂനാനി, ആയുർവ്വേദം, സിദ്ധവൈദ്യം, മുതലായ പൗരാണിക വൈദ്യശാസ്ത്ര സമ്പ്രദായങ്ങളിലെ ചികിത്സകൻ സർവ്വവും ദൈവത്തിൽ സമർപ്പിച്ച അവധൂതന്മാരായിരുന്നു. അറബി ഭാഷയിൽ ചികിത്സകന്റെ പേര് തന്നെ 'ഹക്കീം' എന്നാണ്. വൈദ്യൻ, തത്ത്വജ്ഞാനി, നീതിമാൻ ശാസ്ത്രജ്ഞൻ എന്നൊക്കെയാണ് ആ പദത്തിന്നർത്ഥം – വൈദ്യശാസ്ത്രത്തിന്റെ മുഴുവൻ എത്തിക്സും 'ഹക്കീം' എന്ന പദം ഉൾക്കൊള്ളുന്നു. ചുരുക്കത്തിൽ മനുഷ്യൻ രോഗാതുരനാകുമ്പോൾ കാരുണ്യപൂർവ്വം നിഷ്കാമപൂർവ്വം വൈദ്യശാസ്ത്രം മനുഷ്യസേവനത്തിനെത്തിയിരുന്നു.

എന്നാൽ മനുഷ്യന്റെ യാതനകളും വേദനകളും കൊണ്ട് ദുഃഖസാന്ദ്രമാകുന്ന വൈദ്യമേഖലകളിൽ രക്തരക്ഷസുകളാണ് ഇന്ന് വാഴുന്നത്. മരുന്നു വിൽപനക്കാരായ ബഹുരാഷ്ട്ര കുത്തകക്കമ്പനികളും മുതൽ ജീവനുവേണ്ടി പിടക്കുന്ന മനുഷ്യനു മുമ്പിൽ വിലപേശൽ നടത്തുകയും ഡോക്ടർമാരും നിരുത്തരവാദത്തോടെ പെരുമാറുന്ന ഭരണകൂടങ്ങളും ഇതിന് കളമൊരുക്കുന്നു. അവധൂതന്മാർ വാണിടത്ത് അധമന്മാരുടെ അരിയിട്ടു വാഴ്ചയാണ്. ആഗോളവത്കരണത്തിന്റെ ഭാഗമായി, മാനവീയ മുഖം നശിച്ചുകൊണ്ടിരിക്കുന്ന വൈദ്യശാസ്ത്രരംഗത്ത് നിന്നുള്ള ഏറ്റവും ഒടുവിലത്തെ ഉദാഹരണമായിരുന്നു, 2004 ഡിസംബർ 27ന് ഗവൺമെന്റ് പുറപ്പെടുവിച്ച ഔഷധ പാറ്റന്റിംങ്ങ് ഓർഡിനൻസ്.

ഒരു മാസം മുമ്പ് സുനാമി തിരമാലകളിൽ പെട്ട് ഇന്ത്യയുടെ കിഴക്കൻ തീരപ്രദേശം ഒരു ദുരന്ത ഭൂമിയായി മാറിയ അതേ ദിവസം രാത്രി ഇന്ത്യാ ഗവൺമെൻറ് ഓർഡിനൻസ് രൂപത്തിൽ ഒരു പാറ്റന്റ് നിയമം അവതരിപ്പിക്കുകയുണ്ടായി. പ്രശസ്ത പരിസ്ഥിതി പ്രവർത്തകയായ ഡോ. വന്ദന ശിവ ഇതിലെ അപകടത്തെ സൂചിപ്പിച്ചുകൊണ്ട് 'സുനാമി ഓർഡിനൻസ്' എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. ഇന്ത്യയിലെ ദരിദ്രകോടികളുടെ ആരോഗ്യരംഗം മരുന്നുവിൽപനക്കാരായ കുത്തകകൾക്ക് തീരെഴുതി കൊടുക്കുന്ന ഓർഡിനൻസിന്റെ അവസാനത്തെ ഭേദഗതിയാണ് പാർലമെന്റിൽപോലും ചർച്ചകൾ നടത്താതെ ഡിസംബർ 27ന് ഗവൺമെന്റ് പുറത്തിറക്കിയത്.

1970–ലെ ഇന്ത്യൻ പാറ്റൻറ് നിയമം വളരെ ഉദാരമായിരുന്നു. യശഃശരീരയായ ശ്രീമതി ഇന്ദിരാഗാന്ധിയുടെ പല ധീരോദാത്ത നടപടികളിലൊന്നായിരുന്നു ഈ നിയമവും. 1992ൽ ആഗോളവത്ക്കരണത്തിന്റെ ഭാഗമായി ഇന്ത്യ ഗാട്ട് കരാറിൽ ഒപ്പുവെച്ചതിനുശേഷം ബൗദ്ധിക സ്വത്തവകാശ നിയമം (Trade Related Intellectual property rights - TRIPS) നടപ്പാക്കാനുള്ള അവസാനത്തെ സമയപരിധിയായിരുന്ന 2005 ജനുവരി 1. അതുകൊണ്ടാണ് സുനാമി ദുരന്തത്തിനിടയിലും നമ്മുടെ അധികാരസ്ഥന്മാർ ഓർഡിൻസായിട്ടെങ്കിലും പാറ്റന്റ് നിയമം നാലുദിവസം മുമ്പേ ഇറക്കിയത്. കെടുകാര്യസ്ഥരും, ഇച്ഛാശക്തിയില്ലാത്തവരും പ്രലോഭനങ്ങൾക്ക് വഴങ്ങുന്നവരുമായ ഇന്ത്യയിലെ ഭരണനേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ മേധാവികളുടേയും കഴിവുകേടാണ് കോടാനുകോടി ദരിദ്രരും രോഗികളുമുള്ള ഇന്ത്യ ഇത്തരം കെണികളിൽ അമരാൻ കാരണമെന്ന് വിദഗ്ധന്മാർ പറയുന്നു.

പാറ്റന്റിംങ്ങ് സമ്പ്രദായം രണ്ട്


വിധത്തിലുണ്ട്. ഒന്ന് ഉല്പന്ന പാറ്റന്റിംങ്ങ് (Product Patenting). മറ്റൊന്ന് പ്രക്രിയാ പാറ്റന്റിംങ്ങ് (Process Patenting). പല സമ്മർദ്ദങ്ങളേയും അതിജീവിച്ച് ഇന്ത്യ സ്വീകരിച്ചത്. 1970 -ലെ പാറ്റന്റ് നിയമപ്രകാരം പ്രൊസസ്സ് പാറ്റന്റിംങ്ങ് സമ്പ്രദായമായിരുന്നു. ഒരു കമ്പനി ഒരു പ്രൊസസ്സിലൂടെ ഉൽപാദിപ്പിച്ച ഒരു ഉല്പന്നത്തിന്റെ ഉല്പാദപ്രക്രിയയായിരുന്നു ഇവിടെ പാറ്റന്റ് ചെയ്യപ്പെട്ടു വന്നിരുന്നത്. അതും 7 വർഷം മാത്രമേ പാറ്റന്റിംങ്ങ് കാലാവധി ഉണ്ടായിരുന്നുള്ളൂ. അതായത് അതേ ഉല്പന്നം മറ്റൊരു പ്രക്രിയയിലൂടെ വേറൊരു കമ്പനിക്ക് ഇവിടെ ഉല്പാദിപ്പിക്കാം. അതുകൊണ്ട് വളരെ ഡിമാന്റുള്ള മരുന്നുകൾ നിരവധി ചെറുകിട മരുന്നു കമ്പനികൾ റിവൈസ് എഞ്ചിനീയറിങ്ങ് പ്രക്രിയയിലൂടെ (Reverse Engineering Process) പല ബ്രാന്റുകളിലും ഉല്പാദിപ്പിച്ചിരുന്നു. ഇത് മുഖേന ഔഷധങ്ങളുടെ വില ഗണ്യമായി കുറച്ചു വിൽക്കാൻ ഇന്ത്യയിൽ സാധിച്ചിരുന്നു. ഇന്ത്യ കുറഞ്ഞ വിലക്കുള്ള മരുന്നുകളുടെ ലോക പറുദീസയായി മാറിയത് അങ്ങനെയാണ്.

ഒരുദാഹരണം നോക്കൂ. അൻപത് വർഷങ്ങൾക്ക് മുമ്പ് ഒരാൾക്ക് ടൈഫോയ്ഡ് പിടിപെട്ടാൽ തറവാട് വിറ്റ് മുടിയാൻ ആ രോഗം ഒന്ന് മാത്രം മതിയായിരുന്നു. കാരണം ടൈഫോയിഡിന് കഴിക്കുന്ന മരുന്ന് ക്ളോംഫെനിക്കോൾ എന്ന ആന്റി ബയോട്ടിക്ക് ആയിരുന്നു. ഉയർന്നവിലയുള്ള ആ മരുന്ന് പാർക്ക് ഡേവിഡ് എന്ന കമ്പനിയുടെ കുത്തകയായിരുന്നു. 1970–ൽ ഇന്ത്യാഗവൺമെന്റിന്റെ പ്രോസസ് പാറ്റന്റിങ്ങ് നിയമം വന്നതോടെ അതേ മരുന്ന് മറ്റൊരു പ്രോസസിലൂടെ ഇന്ത്യയിൽ നിർമ്മിക്കുകയും ടൈഫോയ്ഡ് മരുന്നിന്റെ വില ഗുളികക്ക് ഒന്നോ രണ്ടോ ഉറുപ്പികയായി കുറയുകയും ചെയ്തു. ക്ഷയ ചികിത്സക്ക് ഉപയോഗിച്ചിരുന്ന റിഫാം, പിസിൻ എന്നീ മരുന്നുകൾ 1974–ൽ ഇന്ത്യയിൽ വിറ്റഴിച്ചത് ഒന്നിന് 35 രൂപ വെച്ചായിരുന്നു. കുഷ്ഠരോഗ ചികിത്സക്കും ഈ മരുന്ന് ഫലപ്രദമാണെന്ന് കണ്ടതോടെ വില വീണ്ടും ഉയർന്നു. ഈ ഘട്ടത്തിൽ ഇന്ത്യൻ ഫാർമസ്യൂട്ടിക്കൽ രംഗത്തെ ഗവേഷകർ സ്വയം മറ്റൊരു പ്രോസസ്സിലൂടെ ഈ മരുന്ന് വികസിപ്പിച്ചെടുക്കുകയും 35 രൂപക്ക് പകരം 3 രൂപക്ക് രോഗികൾക്ക് മരുന്നെത്തിക്കുകയും ചെയ്തു. ഇന്ത്യയിലെ ചെറുകിട മരുന്നു കമ്പനികൾക്ക് പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഈ വിധത്തിൽ മരുന്നെത്തിക്കാൻ കഴിഞ്ഞിരുന്നു. കുറഞ്ഞ നിരക്കിൽ ആഫ്രിക്കയിൽ എയ്ഡ്സിനുള്ള മരുന്ന് നൽകിയ ഇന്ത്യയിലെ ഡോ: യൂസുഫ് മുഹമ്മദിന്റെ സിപ്ള ഔഷധക്കമ്പനിക്കെതിരെ ബ്രിട്ടീഷ് കമ്പനിയായ ഗ്ലാസ്കോ, അമേരിക്കൻ കമ്പനിയായ ക്രിസ്റ്റോൾ ജർമ്മൻ കമ്പനിയായ ബൊഹ്റിൻ എന്നിവർ എതിർത്തത് വിവാദമായിരുന്നു. സത്യദൂതൻ അത് സംബന്ധിച്ച് ഒരു കുറിപ്പും എഴുതിയിരുന്നു. (ആഗസ്ത് 2001) 15,000 ഡോളർ വില വരുന്ന മരുന്നു ഡോ: ഹമീദ് 350 ഡോളറിന് ആഫ്രിക്കയിലെ പാവപ്പെട്ട എയ്ഡ്സ് രോഗികൾക്ക് വിൽക്കുന്നു എന്നതായിരുന്നു പരാതി. 1970ലെ പ്രോസസ് പാറ്റന്റിംങ്ങ് നിയമം ഉള്ളതുകൊണ്ടായിരുന്നു ഇത് സാധിച്ചത്. അത് മാറ്റി മുതലാളിത്വ രാജ്യങ്ങളുടെ താല്പര്യ പ്രകാരം പ്രോഡക്റ്റ് പാറ്റന്റിംഗ് വ്യവസ്ഥ ഇന്ത്യ ഓർഡിനൻസിലൂടെ സ്വീകരിച്ചിരിക്കയാണ്. ആഗോളവത്ക്കരണത്തിന്റെ ഭാഗമായി (ബൗദ്ധിക സ്വത്തവകാശനിയമത്തിൽ (TRIPS) ഒപ്പുവെച്ചതിന്റെ തിക്തഫലമാണ് ഇപ്പോൾ നാം നേരിടുന്നത്. പ്രോഡക്റ്റ് പാറ്റന്റ് എന്നാൽ ഏതെങ്കിലും ഒരുല്പന്നം ഏത് പ്രോസസ്സ് ഉപയോഗിച്ചിട്ടാണെങ്കിലും യാതൊരു വിധത്തിലും ആർക്കും ഇവിടെ ഉല്പാദിപ്പിക്കാൻ പാടില്ല. അത് പാറ്റന്റ് ലംഘനമാകും. സുദീർഘമായ 20 വർഷമാണ് ആ മരുന്ന് എത്ര വിലക്ക് വിൽക്കണം എന്ന് നിശ്ചയിക്കാനുള്ള അധികാരം കമ്പനിക്ക് മാത്രം. ഔഷധനിർമ്മാണരംഗത്ത് മാത്രമല്ല; കൃഷി, ജൈവപരീക്ഷണങ്ങൾ, രാസവളം, മുതലായ മേഖകളിലെല്ലാം ഇത് ബാധകമാക്കുമ്പോൾ ദരിദ്രരാജ്യമായ ഇന്ത്യയിൽ അത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും. അമേരിക്കയിലെയും യൂറോപ്പിലെയും ബഹുരാഷ്ട്ര കുത്തക കമ്പനികൾ നിർമ്മിക്കുന്ന മരുന്ന് അവർ നിശ്ചയിക്കുന്ന വിലക്ക് വാങ്ങിക്കഴിക്കേണ്ട അവസ്ഥ. ഇന്ത്യയുടെ ആരോഗ്യരംഗത്തെ തകർക്കുമെന്നാണ് പലരം ആശങ്കപ്പെടുന്നത്. പുതിയ പാറ്റൻറ് നിയമത്തെക്കുറിച്ച് പഠിക്കാൻ നിയുക്തമായ രാജ്യസഭാ കമ്മിറ്റിയുടെ ചെയർമാനായ മുൻപ്രധാനമന്ത്രി ഐ.കെ. ഗുജ്റാൽ 1997–ൽ പറഞ്ഞത് സ്മരണീയമാണ്. പുതിയ നിയമം ഇന്ത്യയിലെ ഔഷധ വിലയെ ഗുരുതരമായി ബാധിക്കുമെന്നും പാറ്റന്റ് നേടിയവരുടെ അവകാശങ്ങളേക്കാൾ ഒരു ഭരണകൂടം സംരക്ഷിക്കേണ്ടത് ദുർബലരായ ജനങ്ങളുടെ താല്പര്യമാണ് എന്നാണ്. പാറ്റന്റ് വ്യവസ്ഥയിലെ നിയമങ്ങളിൽ പല ഏകപക്ഷീയമായ നിലപാടുകളുമുള്ളത് കാരണം പല രാജ്യങ്ങളും കരാറിന്റെ പല നിബന്ധനകളും കാരണം പാലിച്ചിട്ടില്ല. ജനങ്ങളുടെ ആരോഗ്യത്തേയും അവകാശങ്ങളെയും ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾ ഉള്ളതുകൊണ്ട് ഈ വ്യവസ്ഥകൾ പുനർവിചിന്തനങ്ങൾക്കും ചർച്ചകളും നടത്തണമെന്ന് പല രാജ്യങ്ങളും വാദിക്കുന്നു. പക്ഷേ മുതലാളിത്വ രാജ്യങ്ങളെ കൂടുതൽ പ്രീണിപ്പിച്ചു കൂടുതൽ കടം വാങ്ങാനുള്ള കള്ളപ്പൂതിയുമായി നടക്കുന്നവർക്ക് അവർ ചൂണ്ടി കാണിച്ചുകൊടുക്കുന്നിടത്തെല്ലാം ഒപ്പിട്ട് സായുജ്യമടയാനും നിയമം നിർമ്മിക്കാനും യാതൊരു സങ്കോചവുമില്ല.

രോഗം വന്നാൽ രോഗിയെയോർത്ത് സഹായഹസ്തവുമായി ഓടിയെത്തുന്നതിന് പകരം ആതുരാവസ്ഥയിൽ പരിഭ്രമിച്ചു നിൽക്കുന്ന മനുഷ്യനെ എത്രമാത്രം ചൂഷണം ചെയ്യാനാവും എന്നാണ് ആഗോളവത്കൃത യുഗത്തിലെ പ്രൊഫഷണൽ ശൈലി – അവസരമെത്തിയാൽ നിർദ്ദയമായി പ്രൊഫഷനലായി പെരുമാറുക ഇതാ

# വാർത്തകൾ

## പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് കേരളാ ഫോക്‌ലോർ അക്കാദമി ചെയർമാൻ



സത്യദൂതൻ എഡിറ്റോറിയൽ ബോർഡ് ചെയർമാനും പഴയങ്ങാടി ജമാഅത്തിന്റെ ജനറൽ സിക്രട്ടറിയും സമയം മാസികയുടെ പത്രാധിപരുമാണ് പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് സാഹിബ് കേരളാ ഫോക്‌ലോർ അക്കാദമി ചെയർമാനായി നിയമിതനായി. ഏറെക്കാലം സുബായി ജമാഅത്തിന്റെ പബ്ലിക്കേഷൻ സിക്രട്ടറിയായിരുന്നു അദ്ദേഹം. കേരള സാഹിത്യ അക്കാദമി, കലാമണ്ഡലം എന്നിവിടങ്ങളിൽ അംഗമായിരുന്ന അദ്ദേഹം ദൂർദർശൻ ഉപദേശക സമിതിയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലാ സാക്ഷരതാ വിദഗ്ധസമിതി ചെയർമാൻ, കണ്ണൂർ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് (മലയാളം) ചെയർമാൻ, ഫാക്കൽട്ടി അംഗം, കോഴിക്കോട് സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗം എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ മലയാളം പരിഭാഷയുടെ എഡിറ്റോറിയൽ കമ്മിറ്റിയിൽ അദ്ദേഹം അംഗമായിരുന്നു. ഇസ്‌ലാം ദർശനവും ജീവിതവും എന്ന പുസ്തകം പ്രൊഫസർ സാഹിബ് എഡിറ്റു ചെയ്തതാണ്. ഏറെ ശ്രദ്ധേയമായ 'കൈറോ വിവാദം' മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് അദ്ദേഹവും ജനാബ് കെ.വി. ഈസക്കോയ സാഹിബും ചേർന്നാണ്. പ്രൊഫസർ സാഹിബിന്റെ 'ഇന്ത്യ എന്ന വിചാരം' കേരളാ എൻ.ജി.ഒ. അസോസിയേഷന്റെ ദേശീയോദ്ഗ്രഥന അവാർഡിന്നർഹമായിട്ടുണ്ട്. മികച്ച സാമൂഹ്യപ്രവർത്തകനുള്ള പ്രവാസി മലയാളികളുടെ 'ചിരന്തന' അവാർഡിനും അദ്ദേഹം അർഹനായിട്ടുണ്ട്.

---

*(37 -ാം പേജിൽ നിന്ന് തുടർച്ച)*

'ഞാൻ ലോകത്തോട് പരസ്യമായി സംസാരിച്ചു'

(യോഹാ:18:20)

വാസ്തവത്തിൽ ത്രിത്വത്തെക്കുറിച്ച് യേശു പ്രബോധിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ആയിരക്കണക്കിന് സാക്ഷികളെ എളുപ്പത്തിൽ ലഭിക്കുമായിരുന്നു. അദ്ദേഹമാകട്ടെ പരസ്യമായിട്ടാണ് തന്റെ വിശ്വാസപ്രഖ്യാപനം നടത്തിയത്. ഒന്നും രഹസ്യമായിരുന്നില്ല. യേശു ത്രിത്വം പറഞ്ഞിരുന്നുവെങ്കിൽ അവർക്ക് കള്ളസാക്ഷികളെ ഹാജരാക്കേണ്ടിവരുമായിരുന്നില്ല. യേശു പറഞ്ഞ കാര്യങ്ങൾ യഹൂദമതത്തിന്റെ അംഗീകൃത വിശ്വാസമായ ഏകദൈവവിശ്വാസത്തിനെതിരായോ, ദൈവദൂഷണമോ ആണെന്ന് തെളിയിക്കാൻ ഒരു യഥാർത്ഥ സാക്ഷിയേയും അവർക്ക് ഹാജരാക്കാൻ സാധിച്ചില്ല. ഇതിൽ നിന്നും ഒരാൾക്ക് ന്യായമായും എത്തിച്ചേരാവുന്ന നിഗമനം യേശു ഒരിക്കലും ത്രിത്വസിദ്ധാന്തം പറഞ്ഞിട്ടില്ലായിരുന്നു എന്നാണ്. പകരം പ്രവാചകന്മാരുടെ പാരമ്പര്യം പിന്തുടർന്നുകൊണ്ട് ദൈവത്തിന്റെ ഏകത്വത്തെ പ്രബോധിക്കുകയാണ് അദ്ദേഹം ചെയ്തത്. അതിലുപരിയായി യേശുവിന്റെ കാലത്ത് ത്രിത്വം എന്ന വിശ്വാസം നിലവിലില്ലായിരുന്നു എന്നും തെളിയുന്നു. അതിനുശേഷമാണ് അത് കണ്ടെത്തിയത്. ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകനും വാഗ്ദത്ത മസീഹുമായ ഹസ്റത്ത് അഹ്മദ് (അ) പറഞ്ഞു:

ത്രിത്വം എന്ന സിദ്ധാന്തം ഖുർആൻ മാത്രമല്ല തൗറാത്തും (ബൈബിൾ പഞ്ചഗ്രന്ഥി) ഖണ്ഡിച്ചിരിക്കുന്നു. മോസസിന് നൽകപ്പെട്ട തോറായിൽ ത്രിത്വത്തെ സംബന്ധിച്ച് യാതൊരു സൂചന പോലുമില്ല. സത്യമിതാണ്. ത്രിത്വത്തിന്റെ അദ്ധ്യാപനങ്ങൾ ഇരു ബൈബിളിലുമില്ല. ഏതെങ്കിലും ഒരു അദ്ധ്യാപനം ബൈബിളിലുണ്ടെങ്കിൽ അത് ത്രിത്വത്തെപറ്റിയല്ല അത് പങ്കുകാരനില്ലാത്ത ഏകദൈവത്തെ പറ്റി മാത്രമാണ്. അതുകൊണ്ട് എല്ലാ കഠിനമായ എതിരാളികളായ പാതിരിമാരും ബൈബിളിൽ ത്രിത്വം കാണാത്തതിന്റെ പേരിൽ കുമ്പസരിക്കട്ടെ. യേശു തന്റെ ജീവിതത്തിലൊരിക്കലും ത്രിത്വം പ്രബോധിച്ചില്ല. മറിച്ച് പങ്കുകാരനില്ലാത്ത ഏകദൈവത്തെ പറ്റി മാത്രമാണ് പറഞ്ഞത്.

(ചശ്മെ മസീഹ്) ■

*അതുകൊണ്ട് നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യന്മാരാക്കുക. പിതാവിന്റേയും, പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്ക് സ്നാപനം നൽകുക. (മത്തായി 28:19).

---

ണ് ആഗോളവത്കരണത്തിലെ സ്മാർട്ട്നസ്സ്. മനുഷ്യൻ തന്റെ അറിവിൽ ഊറ്റം നടിച്ച് ആ അറിവിന്മേൽ കുത്തക സ്ഥാപിച്ച് ഞെരുക്കക്കാരും പട്ടിണിക്കാരുമായ പാവങ്ങളെ ഞെക്കിപ്പിഴിയുന്ന കുത്തക കമ്പനികളും, കോർപ്പറേറ്റ് ഭീമൻമാരും അവർക്ക് ലഭിച്ച അറിവ് പരമകാരുണികനായ അല്ലാഹുവിന്റെ അപാരമായ ഭണ്ഡാരത്തിൽ നിന്നുള്ളതാണെന്നോർക്കുക. ഖുർആൻ പറയുന്നു.

'പറയുക എന്റെ നാഥന്റെ കാരുണ്യത്തിന്റെ ഭണ്ഡാരങ്ങൾ നിങ്ങൾ അധീനമാക്കുകയാണെങ്കിൽ അത് ചിലവായിപ്പോകുമെന്ന ഭയം നിമിത്തം നിങ്ങൾ അത് തടഞ്ഞുവെക്കുമായിരുന്നു. മനുഷ്യൻ വലിയ പിശുക്കനാകുന്നു. (വി: ഖുർആൻ 17: 101). ■

*(35 -ാം പേജിൽ നിന്ന് തുടർച്ച)*

യ്തതും വിദ്യുച്ഛക്തി നിലച്ചുപോയതും അതിവൈകാരികതയിൽ ചിത്രീകരിക്കപ്പെടുകയാണ്. ആ ലളിതമായ വസ്തുതകൾ മനസ്സിലാക്കുവാൻ വായനക്കാരൻ ഞെട്ടുകയും കരയുകയും കണ്ണടക്കുകയും വേണം."

(കൈത്തിരി - തെളിമലയാളം)

വർണ്ണനകൊണ്ടും അതിശയോക്തി കൊണ്ടും, അലങ്കാരോക്തികളുടെ അനൗചിത്യം കൊണ്ടും, ആശയാവർത്തനങ്ങളുടെ വിരസതകൊണ്ടും വികൃതമാക്കപ്പെടുന്ന ഇത്തരം സൃഷ്ടികൾ അടിമുടി കൃത്രിമവും ദുർബ്ബലവുമായിത്തീരുന്നു.

ഇവിടെ തിരിച്ചറിയേണ്ടത് ഒതുക്കത്തിന്റെയും മിതത്വത്തിന്റേയും പ്രസക്തിയും, അതിശയോക്തിയുടെ കൃത്രിമത്വവുമാണ്! ആയിരത്തിനാനൂറ് വർഷങ്ങൾക്കു മുമ്പുതന്നെ ചുരുക്കിപ്പറയുന്ന ഉത്തമമായ രീതിയാണ് വിശുദ്ധഖുർആനും തിരുനബി വചനങ്ങളും അവലംബിച്ചതെന്നു കാണാം. "വക്രതയില്ലാതെ നേരെ ചൊവ്വെ സംസാരിക്കുക" എന്ന ഖുർആന്റെ ഉൽബോധനത്തിലൂടെ വളച്ചുകെട്ടിന്റേയും അതിഭാവുകത്വത്തിന്റെയും ഭാഷയെ ആ പവിത്രഗ്രന്ഥം നിരോധിക്കുകയും നിരുത്സാഹപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്! കൂടാതെ തിരുനബി വചനങ്ങളാണെങ്കിൽ വ്യാപകമായ അർത്ഥങ്ങളും വ്യാഖ്യാനങ്ങളും ഉൾക്കൊള്ളുന്ന കൊച്ചുകൊച്ചു വരികളുടെ മനോഹരമായ പവിഴമുത്തുകളാണ്! ഉദാഹരണമായി "അദ്ധ്വാനിക്കുന്നവന്റെ വിയർപ്പ് വറ്റുന്നതിന് മുമ്പ് അവന് കൂലിക്കൊടുക്കുക" എന്ന സുവ്യക്തമായ നബിവചനം ദൂരവ്യാപകമായ ഒരാശയ വിപ്ലവം തന്നെയല്ലേ വിളംബരം ചെയ്തത്?

അദ്ധ്വാനിക്കുന്ന തൊഴിലാളിയും അവന്റെ ഊർജ്ജത്തിൽ നിന്ന് പൊടിഞ്ഞുവന്ന വിയർപ്പിന്റെ വിലയും അത് നൽകപ്പെടാതെ ചൂഷണം ചെയ്യപ്പെടുമ്പോഴുണ്ടാകുന്ന അസംതൃപ്തിയും, ഈ മന:ശാസ്ത്രത്തിൽ നിന്ന് രൂപം കൊള്ളുന്ന വർഗ്ഗസമരങ്ങളും, അതിന്റെ പ്രത്യാഘാതമായി ഉത്ഭവിക്കുന്ന സാമൂഹ്യ അസമത്വങ്ങളും അങ്ങിനയങ്ങിനെ ചുരുക്കിപ്പറഞ്ഞ ഒരു വാചകത്തിന്റെ അർത്ഥവ്യാപ്തി കാലം കവച്ചുകടന്ന് ഏതെല്ലാം തലങ്ങളെ സ്പർശിച്ചുകൊണ്ടാണ് ഇപ്പോഴും കടന്നുപോകുന്നത്! സാഹിത്യ സൃഷ്ടികളുടെ ഒതുക്കവും മിതത്വവും അച്ചടക്കവും ചർച്ച ചെയ്യപ്പെടുന്ന നമ്മുടെ കാലത്തിന് മുമ്പു തന്നെ ഖുർആനും തിരുനബി വചനങ്ങളും അനുകരണീയമായ മഹത്തായ മാതൃകയാണ് കാഴ്ചവെച്ചിരിക്കുന്നത്! ■

## സൂഫിക്കഥ

# കോപിഷ്ഠയായ ഭാര്യ

പ്രസിദ്ധ സൂഫിവര്യനായ ശൈഖ് ശഖീഖുൽ ബൽകി (റഹ്) ഒരിക്കൽ അങ്ങാടിയിൽ നിന്ന് ഒരു മത്തൻ വാങ്ങിക്കൊണ്ടുവന്നു. അതു മോശപ്പെട്ട ഇനമായിരുന്നു. ഭാര്യ കോപിച്ചുകൊണ്ട്: 'നിങ്ങൾക്ക് ബുദ്ധിയില്ലേ നല്ലത് നോക്കി വാങ്ങാമായിരുന്നില്ലേ? ഞാനിത് വലിച്ചെറിയാൻ പോവുകയാണ് എന്നു പറഞ്ഞു. ഭാര്യ കോപം കൊണ്ട് കത്തിക്കയറുകയായിരുന്നു.

ശൈഖവർകൾ പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു: അല്ല, നീ ബഹളം കൂട്ടുന്നതെന്തിന്? ഭാര്യ കയർത്തുകൊണ്ടു പറഞ്ഞു. എന്തിനെന്ന് മനസ്സിലായില്ലേ? ഒന്നിനും കൊള്ളാത്ത ഈ മത്തൻ വാങ്ങിയതിന്

ശൈഖ് ശാന്തനായി പ്രതിവചിച്ചു: നീ ആരെയാണ് കുറ്റപ്പെടുത്തുന്നത്? എന്നേയോ അത് എനിക്ക് വിറ്റ കച്ചവടക്കാരനെയോ? അയാൾ നിരപരാധിയാണല്ലോ. കാരണം ഇത് മോശപ്പെട്ടതാണെന്നറിഞ്ഞിരുന്നുവെങ്കിൽ അയാൾ അത് വാങ്ങിവെക്കുമായിരുന്നില്ല. വാങ്ങിക്കൊണ്ടുവന്ന എന്നോടും കോപിച്ചിട്ടു ഫലമില്ല. കാരണം അറിഞ്ഞുകൊണ്ട് ഞാൻ ചീത്ത സാധനം വാങ്ങുകയില്ലല്ലോ. ഇത് കൃഷി ചെയ്തുണ്ടാക്കിയ കർഷകനോടും കോപിച്ചു ഫലമില്ല. അയാളും നിരപരാധിയാണ്. ചീത്തമത്തങ്ങ കൃഷിചെയ്തുണ്ടാക്കാൻ അയാൾ ആഗ്രഹിക്കില്ല. അപ്പോൾ നിന്റെ കോപം ചെന്നുമുട്ടുന്നത് സർവ്വശക്തനും സർവ്വസ്രഷ്ടാവുമായ അല്ലാഹുവിലേക്കാണ്. സ്രഷ്ടാവിനോട് കോപിക്കുന്ന സൃഷ്ടിയേക്കാൾ വിഡ്ഢിയായ മനുഷ്യൻ മറ്റാരുണ്ട്? നീ അല്ലാഹുവിനെ ഭയപ്പെടുക. കിട്ടിയതിൽ സംതൃപ്തി കൊള്ളുക' - ഈ ഉപദേശം കേട്ട ഭാര്യ ശാന്തയായി. അവർ അല്ലാഹുവിനോടു മാപ്പ് ചോദിച്ചു; ഭർത്താവിനോടും.

***സമ്പാ: എ.എം.***

# വിജയികളായി

**കരുനാഗപള്ളി:** കൊല്ലം ജില്ല യുവജനോത്സവത്തിൽ കരുനാഗപ്പള്ളി ജമാഅത്തിലെ നസിം സാഹിബിന്റെ മകൻ ഹാഫിസ് അഹ്മദ് (ലളിതഗാനം) ഒന്നാം സ്ഥാനവും ഉറുദുപദ്യപാരായണമത്സരത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ചുങ്കശ്ശേരി ബശീർ അഹ്മദ് സാഹിബിന്റെ മകൻ സാബിത്ത് അഹ്മദ് ഉറുദു പദ്യപാരായണമത്സരത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വാഗ്ദത്ത മസീഹിന്റെയും ഖലീഫത്തുൽ മസീഹ് റാബിയുടെയും കവിതകളാണ് ഇരുവരും ആലപിച്ചത്.